032:1M983x
F3
KAVITAKAL BALAKRISHNA PANIKKAR

032:1M983x
F3

032:1M983x F3
BALAKRISHNA PANI-
KKAR (V.C.).
Kavitakal.

37820

MUL
037820

032:1M983X F3

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 032:1M983X F3

Accession Number 37820

Available for loan from

This book should be returned on or before the date last marked below.

23 DEC. 1945

27 JAN 1954

-1 NOV 1982

O. 61

വി. സി.

ബാലകൃഷ്ണപ്പണിക്കരവർകളുടെ

# കവിതകൾ

പ്രസാധകൻ

പി. വി. കൃഷ്ണവാരിയർ

ലക്ഷ്മീസഹായം അച്ചുക്കൂടം

കോട്ടയ്ക്കൽ

1098

37820

O3Z : 1M983x

# വിഷയാനുക്രമണിക


| | |
|---|---|
| അവതാരിക ... ... ... | i—xii |
| ദേവീസ്തവം ... ... ... ... | 1 |
| സാമ്രാജ്യഗാഥ ... ... ... | 5 |
| ഒരു വിലാപം ... ... ... | 9 |
| ഭൂപാലമംഗളം ... ... ... | 18 |
| വിശ്വരൂപം ... ... ... ... | 21 |
| ഹാനോവർവംശാവലി ... ... ... | 33 |
| ദുർഗ്ഗാഷ്ടകം ... ... ... ... | 42 |
| ചില നീതിസാരങ്ങൾ ... ... ... | 44 |
| മങ്കിഗീത ... ... ... ... | 54 |
| നാഗാനന്ദം ... ... ... ... | 62 |
| നിശ ... ... ... ... | 80 |
| ശ്രീവാസുദേവാഷ്ടകം ... ... ... | 82 |
| ഇന്ദുമതീസ്വയംവരം ... ... ... | 84 |

## മംഗളം

കദംബവൃക്ഷകാവിൽക്കനകമണിപീഠോ-
പരി, പരം
പാദം പദ്മം ഭക്തക്കറിവിനുതകും വ്യാ-
ക്കരുളിയും,
മദം പൂണ്ടും, മഞ്ജുസ്വരമധുരവീണാ-
കലനയിൽ
പദം പാടിക്കൊണ്ടും മരുവുമൊരു മാതം-
ഗി ശരണം.

# അവതാരിക

സാഹിത്യലോകത്തിൽ സാമാന്യത്തിലധികം പ്രകാശിച്ചുകൊണ്ടിരുന്ന ഒരു തേജോഗോളം സുമാർ പത്തുസംവത്സരത്തിന്നു മുമ്പു നമ്മുടെ ദൃഷ്ടിപഥത്തിൽനിന്നു മറഞ്ഞുപോയിട്ടുള്ള കഥ ഇന്നും അധികമാരും മറന്നിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഏതാണ്ട് ഒരുല്ക്കയുടെ കൂട്ടത്തിൽ ഉദിച്ചു ഉടനെ ഉച്ചസ്ഥനാകയും, ഉത്തരക്ഷണത്തിലസ്തമിക്കയും ചെയ്തിട്ടുണ്ടെങ്കിലും, പ്രസ്തുതനക്ഷത്രം, അതിന്റെ സുധാസ്യന്ദികളായ കിരണകന്ദളങ്ങളെ ഈ ലോകത്തിന്റെ ചില ഉയൎന്നഭാഗങ്ങളിൽ ശാശ്വതമായി സ്ഥാപിച്ചുകൊണ്ടാണ് തിരോഭവിച്ചിട്ടുള്ളതെന്നു സൂക്ഷിച്ചുനോക്കിയാലറിയാം. എങ്കിലും ആവക കരരേഖകൾ കേരളത്തിന്റെ ഏതു ഭാഗത്തുനിന്നു നോക്കിയാലും ഒരുപോലെ കാണാൻ കഴിയാത്തവിധം നിൎഭാഗ്യവശാൽ പലതരം പത്രങ്ങൾക്കുള്ളിൽ മറഞ്ഞുകിടക്കുകയാണ്. എന്നാലവയെ, ചുറവുമുള്ള കാടും പടലും വെട്ടിയെടുത്തു പുറത്തു പ്രകാശിപ്പിക്കേണ്ടതാവശ്യമാണെന്നു കരുതി അതിന്നു യഥാശക്തി പരിശ്രമിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്.

ഇത്രയും ഇവിടെ പ്രസ്താവിച്ചത്, ആധുനികഭാഷാകവികളുടെ കൂട്ടത്തിൽ ഒരു പ്രധാനസ്ഥാനത്തിന്നവകാശിയായ കഴിഞ്ഞുപോയ ശ്രീമാൻ വി. സി. ബാലകൃഷ്ണപ്പണിക്കരവർകളെപ്പററിയാണെന്നു വായനക്കാർ ഊഹിച്ചിരിക്കുമ

ല്ലാ. മിസ്റ്റർ പണിക്കരും ഞാനും നന്നെ ചെറുപ്പംമുതല്ക്കേ പ്രിയസുഹൃത്തുക്കളായിത്തീൎന്നതിനാൽ അദ്ദേഹത്തിൻെറ എല്ലാ സ്ഥിതികളും അതാതുസമയം എനിക്കറിയാനിടയുണ്ടായിരുന്നു, എങ്കിലും എന്നേക്കാൾ വളരെ ചെറുപ്പക്കാരനായ എൻെറ സ്നേഹിതൻ, തൻെറ ഉൽകൃഷ്ടമായ സാഹിത്യജീവിതം ഇത്ര പെട്ടന്നു മതിയാക്കി ഈ ലോകം വിട്ടു പോകുമെന്നു സ്വപ്നേപി കരുതാതിരുന്നതിനാൽ അത്യാവശ്യമായ പല സംഗതികളും ഞാനന്നു കുറിച്ചുവെക്കുകയുണ്ടായില്ല. അതുകൊണ്ട് എൻെറ സ്നേഹിതനെപ്പററി ഇപ്പോൾ എനിക്കോൎമ്മയുള്ള ചുരുക്കം ചില വിവരങ്ങൾ മാത്രമേ ഇവിടെ പ്രസ്താവിക്കുവാൻ നിവൃത്തിയുള്ളു.

ശ്രീമാൻ ബാലകൃഷ്ണപ്പണിക്കരവർകളുടെ ജനനം 1064 കുംഭമാസത്തിലായിരുന്നു. വെള്ളാട്ടു ചെമ്പലശ്ശേരി എന്നാണ് വീട്ടിൻപേർ. ഏറനാട്ടുതാലൂക്കിൻെറ തെക്കെ ഖണ്ഡത്തിൽ കോട്ടയ്ക്കൽനിന്നു സുമാർ അഞ്ചാറുനാഴിക നേരെ വടക്കു കിടക്കുന്ന ഊരകം അംശത്തിലാണ് ഇദ്ദേഹത്തിൻെറ ഭവനം. പണിക്കരുടെ അച്ഛൻ കപ്പേടത്തു കൃഷ്ണനുണ്ണിനായരാണ്. ഇവർ രണ്ടാളും ചേറനാട്ടിലെ സ്ഥാനിനായന്മാരുടെ പാരമ്പൎയ്യത്തിൽ പെട്ടവരാണെന്നു പേർകൊണ്ടുതന്നെ മനസ്സിലാക്കാമല്ലൊ. പഴയ സ്ഥാനികൾ പ്രായേണ ക്ഷയിച്ചുവന്ന കൂട്ടത്തിൽ ഇവരുടെ കുടുംബത്തിനും കുറെ ഉടവു തട്ടീട്ടുണ്ടെന്നാണറിയുന്നത്. ഇങ്ങിനെ കാലവൈപരീത്യംകൊണ്ടു നാശോന്മുഖമായ പണിക്കരുടെ തറവാട്ടിന്ന്, 'വീഴുവാൻ പോകുന്ന ഭിത്തിക്ക് ഒരു ഉന്തും കൂടി' എന്നുപറഞ്ഞ കൂട്ടത്തിൽ, കഴിഞ്ഞ മാപ്പിളലഹള

വേണ്ടുന്ന അനൎത്ഥങ്ങളൊക്കെ പൂൎത്തിയാക്കുകകൂടി ചെയ്തിരിക്കുന്നു. എങ്ങിനെയെന്നാൽ, ഏറനാട്ടുതാലൂക്കിൽ ഊരകം മേൽമുറി മുതലായ അംശങ്ങൾ ലഹളക്കാരുടെ പ്രധാനസങ്കേതങ്ങളായിരുന്നു. ആവക പ്രദേശങ്ങളിൽ ഒരൊറ്റ ഹിന്തുഭവനമെങ്കിലും ലഹളക്കാർ കൊള്ളയടിക്കാതെ ബാക്കിവെച്ചിട്ടില്ലെന്നാണറിയുന്നതു്. പക്ഷേ, പണിക്കൎക്കിതൊന്നും കാണാൻ ദൈവം സംഗതി വരുത്തിയില്ലെന്നുമാത്രം ഒരു സമാധാനമുണ്ടു്.

തന്റെ കയ്യിൽ അത്രയ്ക്കുമാത്രം സ്വത്തില്ലായ്കകൊണ്ടും, മകനെ തനിച്ചു പുറത്തുവിടുവാൻ വിശ്വാസമില്ലാതിരുന്നതിനാലും കൃഷ്ണനുണ്ണിനായർ ബാലകൃഷ്ണനെ മറെറങ്ങും അയക്കാതെ സ്വന്തം വീട്ടിൽവെച്ചുതന്നെയാണ് വിദ്യാഭ്യാസം ചെയ്യിച്ചതു്. പ്രാഥമികപാഠം മുഴുവനും നാട്ടെഴുത്തശ്ശന്മാരുടെ അടുക്കൽ കഴിച്ചു. അതിന്നുശേഷം, ആ ദിക്കിൽ ഒരു വ്യുല്പന്നനായ കറപ്പൻ പൂശാരി എന്നൊരാളുടെ അടുക്കൽ കുറേ സംസ്കൃതം പഠിപ്പിക്കുവാനും സൌകൎയ്യം കിട്ടി. ഇതിന്നിടയ്ക്കുതന്നെ, പണിക്കരുടെ കവിതാവാസന പൊട്ടി പുറത്തു ചാടിത്തുടങ്ങി. വൎത്തമാനപത്രങ്ങളോ മാസികകളോ ഒന്നും കടക്കാത്ത ഒരു കുഗ്രാമത്തിലിരിക്കുന്ന ഒരു ചെറിയ കുട്ടി, മററുള്ളവരുടെ പ്രേരണയോ പ്രോത്സാഹനമോ ഒന്നും കൂടാതെ, താനേ കവിതകളുണ്ടാക്കിത്തുടങ്ങുന്നതു വാസനാബലംകൊണ്ടുതന്നെയാണെന്നു സമ്മതിക്കാതെ കഴികയില്ലല്ലോ.

തന്റെ മകന്ന് ഇത്രമാത്രം കവിതാവാസനയും ബുദ്ധിശക്തിയുമുണ്ടെന്നു മനസ്സിലായതോടുകൂടി, ആയാളെ കുറെ

നിഷ്കർഷിച്ച പഠിപ്പിക്കേണ്ടതാണെന്ന് അച്ഛന്നുതന്നെ തോന്നി. എന്നല്ല, കാണുന്നവരൊക്കെ കുട്ടിയെ പുറമേ വല്ല ദിക്കിലും അയച്ച നല്ലവണ്ണം പഠിപ്പിക്കേണമെന്നു നിർബ്ബന്ധപൂർവ്വം പറയാനും തുടങ്ങി. എന്നാൽ ഈ ഒരു കാര്യ്യം ഏതുവിധത്തിലെങ്കിലും സാധിപ്പിക്കണമെന്നു നിശ്ചയിച്ച് കൃഷ്ണനുണ്ണിനായർ മകനേയുംകൂട്ടി ഒരിക്കൽ കോഴിക്കോട്ടു പടിഞ്ഞാറെ കോവിലകത്തു വിദ്വാൻ ഏട്ടൻ തമ്പുരാൻ എന്നു പ്രസിദ്ധനായിരുന്ന പള്ളിപ്പുറത്തുനിന്നു തീപ്പെട്ട സാമൂതിരിപ്പാട്ടിലെ കാണ്മാൻ പോയി. ആശ്രിതവത്സലനും ഔദാര്യ്യശാലിയുമായ ആ തമ്പുരാൻ തിരുമനസ്സുകൊണ്ടു പണിക്കരുടെ ബുദ്ധിസാമർത്ഥ്യവും കവിതാവാസനയും അറിഞ്ഞ് അത്യന്തം സന്തോഷിക്കുകയും, അവിട്ടത്തെക്കുടെ സ്വന്തം മക്കളൊന്നിച്ചുതന്നെ താമസിക്കാനും പഠിക്കാനും കല്പിച്ചനുവദിക്കുകയും ചെയ്തു. പണിക്കരുടെ പിന്നത്തെ വിദ്യാഭ്യാസം മുഴുവനും അവിടുത്തെ അടുക്കൽതന്നെയാണുണ്ടായത്. അവിടെ മൂന്നുനാലുകൊല്ലത്തോളം താമസിച്ചു ശാസ്ത്രങ്ങളിൽ അത്യാവശ്യം വേണ്ടുന്ന അറിവും പ്രത്യേകിച്ചു സംസ്കൃതത്തിൽ നല്ല ലോകവ്യുല്പത്തിയും സമ്പാദിച്ചു. ഈ കൂട്ടത്തിൽതന്നെ തമ്പുരാൻ തിരുമനസ്സിലെ മക്കളുടെ അടുക്കൽ യഥാവസരം ഇംഗ്ലീഷും പഠിച്ചുകൊണ്ടിരുന്നതിനാൽ ആ ഭാഷയിലും ഇദ്ദേഹത്തിന്നു സാമാന്യമായ ഒരു പരിചയം സമ്പാദിക്കാൻ സാധിച്ചു. ഇത്രമാത്രമായിരുന്നു ബാലകൃഷ്ണപ്പണിക്കർക്കു ഗുരുമുഖേന സിദ്ധിച്ച വിദ്യാഭ്യാസം.

സ്വാതന്ത്ര്യതല്പരനായ പണിക്കർ, പിന്നെ വളരെ

താമസിക്കാതെ കോവിലകംസേവ മതിയാക്കി ജീവിതയുദ്ധത്തിൽ താനേ ഒന്നു പൊരുതിനോക്കണമെന്നു നിശ്ചയിച്ചു പുറപ്പെട്ടു. അന്നു ശ്രീമാൻ പി. ഐ. കൃഷ്ണനവർകൾ തൃശ്ശിവപേരൂരിൽനിന്നു 'കേരളചിന്താമണി' എന്നൊരു പത്രം പുറപ്പെടുവിക്കാനുത്സാഹിക്കുകയായിരുന്നു. പണിക്കർ ആദ്യം കയ്യിലാക്കിയ ആയുധം അതാണ്. അപ്പോൾ കഷ്ടിച്ചു പത്തുപതിനെട്ടു വയസ്സുമാത്രം പ്രായമായിരുന്ന ഈ യുവാവ് ചിന്താമണിമന്ത്രചിന്തനഫലമായി സിദ്ധിച്ച ശക്തിനിമിത്തം അന്നത്തെ ഭരണാധികാരികളോടു സാമാന്യമായും, കൊച്ചിരാജ്യത്തെ ഉദ്യോഗസ്ഥന്മാരോടു പ്രത്യേകമായും പൊരുതുകയുണ്ടായിട്ടുണ്ട്. അന്നു കൊച്ചിയിലെ 'വനചക്രവർത്തി' എന്നു പറയപ്പെട്ടിരുന്ന ചെട്ടിയാരെയും കൂട്ടരേയും ആട്ടിയോടിക്കാൻപോലും പണിക്കരുടെ ശരങ്ങൾക്കു ശക്തിയുണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. രണ്ടുമൂന്നു കൊല്ലം ഈവിധത്തിൽ കഴിഞ്ഞശേഷം പണിക്കർ മലബാറിലേക്കുതന്നെ മടങ്ങി. അധികം താമസിക്കാതെ തിരൂരിൽനിന്നു ചില മാന്യന്മാരുടെ സഹായത്തോടുകൂടി "മലബാറി" എന്ന ഒരു പത്രം തുടങ്ങി. അതു കുറച്ചുകാലമേ നടത്തുവാൻ സാധിച്ചുള്ളു എങ്കിലും അത്രയും കാലം നമ്മുടെ ഭരണയന്ത്രത്തിന്റെ അററകുററങ്ങളെ നിർഭയം ചൂണ്ടിക്കാണിച്ചുകൊണ്ടാണിരുന്നത്.

സ്വതേതന്നെ കൃശഗാത്രനായ പണിക്കർക്ക് ഇതിന്നിടക്ക് ആരോഗ്യത്തിന്നു വലിയ ഉടവുതട്ടിയിരുന്നു. എന്നല്ല, പൂർണ്ണലക്ഷണങ്ങളോടുകൂടിയ ക്ഷയം ബാധിച്ചിട്ടുണ്ടെന്നും പ്രത്യക്ഷമായി. ഉടനേതന്നെ ചികിത്സയ്ക്കായി ഇവിടെ-

വൈദ്യശാലയിൽ വന്നു. അന്നു പണിക്കർക്കു ചെറുപ്പമായിരുന്നതിനാലും, ചികിത്സ ആദ്യംതന്നെ നിഷ്കർഷയോടുകൂടി തുടങ്ങിയതുകൊണ്ടും നാലഞ്ചുമാസത്തിനുള്ളിൽ ദീനം തീരെ സുഖപ്പെട്ടു. പക്ഷേ, ഇനി കുറേക്കാലം നല്ലവണ്ണം സൂക്ഷിച്ചിരിക്കാത്തപക്ഷം വീണ്ടും ഇതു വരാനെളുപ്പമുണ്ടെന്നും, അങ്ങിനെ വന്നാൽ അധികം അപകടമുള്ളതുകൊണ്ടു വല്ല തകരാറും കണ്ടാൽ ഉടനെ ഇവിടെ വന്നു ചികിത്സിക്കണമെന്നും ജ്യേഷ്ഠൻ (പി. എസ്സ്. വാരിയർ) അന്നു പറകയുമുണ്ടായി.

എന്തായാലും വരുവാനുള്ളതു വഴിയിൽ തങ്ങുകയില്ലല്ലോ. സ്വല്പകാലത്തോളം പണിക്കർ അദ്ധ്വാനമുള്ള പണിയൊന്നും എടുക്കാതെ സ്വദേശത്തു പോയി സുഖമായി താമസിച്ചു. എന്നാലിതിന്നിടയ്ക്കും, പുറമെ നടക്കുന്ന കാര്യങ്ങളൊന്നും അറിയാൻ നിവൃത്തിയില്ലാത്ത ഒരു കുഗ്രാമത്തിൽ താനേ ഇരുന്നു കഴിച്ചുകൂട്ടുവാൻ തനിക്കു പ്രയാസമാണെന്നു പറഞ്ഞുകൊണ്ടു് പണിക്കർ പലപ്പോഴും ഇവിടെ എന്റെ അടുക്കൽ വരിക പതിവുണ്ടായിരുന്നു. അന്നു ഞങ്ങൾ രണ്ടാളുംകൂടി പത്രപ്രവർത്തനത്തെപ്പറ്റി പലതും ആലോചിക്കുകയുണ്ടായിട്ടുണ്ടു്. ഒരുകാലത്തു കേരളത്തിൽ ഈ പ്രദേശം (ചേറനാടു്) ഏറ്റവും പ്രധാനമായിരുന്നുവെന്നും, വീണ്ടും നമുക്കതങ്ങിനെ ആക്കിത്തീർക്കണമെന്നും ഞങ്ങൾ ഉദ്ദേശിച്ചു. മലയാളത്തിൽ ചില പ്രത്യേകവിഷയങ്ങളെ പ്രതിപാദിക്കുന്ന പത്രഗ്രന്ഥങ്ങൾ പുറപ്പെടുന്നതു് ഇവിടെ നിന്നാകയാൽ ഒരു പ്രതിദിനപത്രംകൂടി ആദ്യമായി നമുക്കിവിടേനിന്നുതന്നെ പുറപ്പെടുവിപ്പിക്കണമെന്നു പണിക്കർ

നിർബ്ബന്ധിക്കുകയും, അതുപ്രകാരം "ദിനവൃത്താന്തദീപിക" എന്നൊരു പത്രം പ്രഥമസൌകൎയ്യത്തിൽ തുടങ്ങണമെന്നു തീൎച്ചപ്പെടുത്തുകയും ചെയ്തു. എന്നാൽ അതിന്നുള്ള എല്ലാ ഏൎപ്പാടുകളും പൂൎത്തിയാക്കാതെ തുടങ്ങിയാൽ ഇടയ്ക്കു മുടങ്ങിപ്പോകാനിടയുണ്ടെന്നും, അതുകൊണ്ടു രണ്ടോ മൂന്നോ കൊല്ലംകൊണ്ടു നമുക്കു ഇതിന്നു വേണ്ടുന്ന മൂലധനം ശേഖരിക്കണമെന്നും മററും നിശ്ചയിച്ചാണ് അന്നു ഞങ്ങൾ ഒടുവിൽ തമ്മിൽ പിരിഞ്ഞത്. അധികം താമസിക്കാതെ പണിക്കർ കൊച്ചിക്കു പോയി എന്നു കേട്ടു. അവിടെചെന്നു കൂടി ചില മാന്യന്മാരെക്കൊണ്ടു 'ചക്രവൎത്തി' എന്നൊരച്ചുക്കൂടം സ്ഥാപിപ്പിക്കയും, ആ പേരിൽത്തന്നെ ഒരു പത്രം ആരംഭിക്കുകയും ചെയ്തു. അതിലും പണിക്കർ തന്റെ ശക്തി മുഴുവൻ പ്രകാശിപ്പിക്കാതിരുന്നിട്ടില്ല. അങ്ങിനെ ഒന്നിൽ ചില്വാനം കൊല്ലം കഴിഞ്ഞു. അപ്പോഴെക്കും ആദ്യത്തെ രോഗം പൂൎവ്വാധികം ശക്തിയോടുകൂടി രണ്ടാമതും ബാധിക്കുകയും, ക്ഷണത്തിൽ പണിക്കർ തീരെ അവശനായിതീരുകയും ചെയ്തു. ആദ്യം ചില ദിക്കിലെല്ലാം പോയി പല ചികിത്സകളും ചെയ്തുനോക്കി. അതുകൊണ്ടു ഗുണമൊന്നും കാണാതെ ദീനം വളരെ മൂൎഛിച്ച നിലയിൽ ഒടുക്കം ഇവിടെത്തന്നെ വന്നു. പിന്നെ രണ്ടു മൂന്നു മാസത്തോളം വൈദ്യശാലയിൽനിന്നു സകല ചിലവുകളും കൊടുത്തു ചികിത്സിച്ചുനോക്കി. പണിക്കരുടെ അച്ഛനും സഹായത്തിന്നു വേറെ ഒരാളും കൂടെ ഉണ്ടായിരുന്നു. ദീനം ക്രമത്തിൽ ആശ്വാസമാണെന്നു പണിക്കൎക്കു തോന്നിയിരുന്നതിനാൽ ഇനി സ്വദേശത്തുതന്നെ പോയി ചികിത്സിച്ചാൽ മതി

എന്നു നിശ്ചയിച്ച് പണിക്കരുടെ അച്ഛൻ മകനെ മഞ്ചലിൽ എടുപ്പിച്ച് ഊരകത്തേക്കു പോകയും, വഴിക്കു ഒരു കടായക്കാറിയിന്മേൽ മഞ്ചൽ തട്ടിയതോടുകൂടി പണിക്കർക്ക് ഒന്നു വിലങ്ങി എന്നു തോന്നുകയും, വീട്ടീൽ ചെന്നിട്ടും അതു മാറാതെ അല്പദിവസത്തിന്നുള്ളിൽ അദ്ദേഹം കാലഗതിയെ പ്രാപിക്കുകയും ചെയ്തു.

പണിക്കരുടെ ഈ അകാലമരണത്തിന്നു കാരണം സാമാന്യേന നോക്കുമ്പോൾ 'അമിതമായ' ജീവിതമാണെന്നു പറയാം. ഭക്ഷണത്തിന്നും മററും കൃത്യമില്ലായ്ക, ശക്തിയിൽ കവിഞ്ഞ ശരീരാദ്ധ്വാനം, അമിതമായ മാനസികവ്യായാമം ഈവകയാണ് ഇത്ര വേഗത്തിൽ ഇദ്ദേഹത്തെ അപകടത്തിൽ ചാടിച്ചത്.

'സാഹസം വേഗസംരോധഃ
ശുക്ലൌജഃസ്നേഹസംക്ഷയഃ
അന്നപാനവിധിത്യാഗ-
ശ്ചത്വാരസ്തസ്യ ഹേതവഃ'

ക്ഷയത്തിന്നു പറഞ്ഞ ഈ നാലുകാരണങ്ങളും പണിക്കരുടെ ജീവിതത്തിൽ പരിപൂർണ്ണമായിരുന്നു. എന്തിനധികം പറയുന്നു? അതിമേധാവിക്ക് അവശ്യം വരാവുന്ന ആപത്തുകളിലൊന്ന് അല്പായുസ്സാവുകയാണല്ലൊ. ഇരിപത്തഞ്ചു വയസ്സിന്നുമുമ്പ് ഇത്രയും കാട്ടിക്കൂട്ടി ബാലകൃഷ്ണപ്പണിക്കർ ലോകരംഗത്തിൽനിന്നു മറയുകയും ചെയ്തു.

പണിക്കരുടെ ജീവിതമത്രയും സാഹിത്യമയംതന്നെയായിരുന്നു. ഓരോ കാലത്തായി മൂന്നു പത്രങ്ങളുടെ പത്രാധിപത്യം മാത്രമല്ല, അതിനെസ്സംബന്ധിച്ച സകലഭാരങ്ങ

ളും പണിക്കർതന്നെയാണ് പ്രായേണ വഹിച്ചിരുന്നത്. അതൊന്നാക്കെ മറോരോ പത്രങ്ങളിലേക്കും മാസികകളിലേക്കും ചില ഗദ്യലേഖനങ്ങളും കവിതകളും എഴുതുകയും ചെയ്തിരുന്നു. പണിക്കരുടെ ഗദ്യലേഖനങ്ങളെല്ലാം ഇപ്പോൾ ശേഖരിക്കുവാൻ സാധിക്കുമോ എന്നു സംശയമാണ്. 'മലബാറി'യുടെയെങ്കിലും ഒരു ഫയൽ സമ്പാദിക്കണമെന്നുവെച്ച ഞാൻ രണ്ടുകൊല്ലത്തോളം ശ്രമിച്ചുനോക്കി: സാധിച്ചില്ല. ആ പത്രമോ, പണിക്കർ നടത്തിയിരുന്ന കാലത്തെ കേരളചിന്താമണി, ചക്രവത്തി ഈ പത്രങ്ങളോ ഇപ്പോൾ വല്ലവരുടേയും കൈവശത്തിലുണ്ടെങ്കിൽ അവർ അദ്ദേഹത്തിൻെറ ലേഖനങ്ങൾ തിരഞ്ഞെടുത്തു പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും. പണിക്കരുടെ വാചകങ്ങൾക്കുള്ള ഓജസ്സും രീതിയും ഒന്നു വേറെത്തന്നെയാണ്.

ഇനി കുറച്ചൊന്നു പറയാനുള്ളതു പണിക്കരുടെ പദ്യകൃതികളെപ്പററിയാണ്. കുമാരസ്തോത്രമാല, ഇന്ദുമതീസ്വയംവരം നാടകം, നാഗാനന്ദം മണിപ്രവാളം, കുമാരചരിത്രനാടകം, ഭാഷാസൂക്തിമുക്താമണിമാല, മാനവിക്രമീയം ഇങ്ങിനെ ആറ കൃതികൾ പണിക്കർ ആദ്യകാലത്ത്, ആ തായതു് പതിനെട്ടുവയസ്സിനകം, എഴുതീട്ടുള്ളതായി ഞാനറിയും. ഇതിൽ കുമാരസ്തോത്രമാലയും, കുമാരചരിത്രംനാടകവും ഞാൻ കണ്ടിട്ടേ ഇല്ല. അതു രണ്ടും അച്ചടിച്ചിട്ടുണ്ടോ എന്നും നിശ്ചയമില്ല. കുമാരസ്തോത്രമാല ഒരു സ്തവമായിരിക്കണമെന്നു പേരുകൊണ്ടു വിചാരിക്കേണ്ടിയിരിക്കുന്നു. കുമാരചരിത്രം ഒരു നാടകമാണെന്നു പണിക്കർതന്നെ പറഞ്ഞതായ ഒരോർമ്മയുണ്ടു്. സംസ്കൃതത്തിൽ ഒരു പ്രാചീ

നസാഹിത്യഗ്രന്ഥമായ പ്രതാപരുദ്രീയത്തിന്റെ ഛായപിടിച്ച് ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു സാഹിത്യഗ്രന്ഥമാണ് 'മാനവിക്രമീയം'. പ്രതാപരുദ്രീയത്തിൽ പ്രതാപരുദ്രമഹാരാജാവിനെ നായകനാക്കീട്ടുള്ളതുപോലെ, കഴിഞ്ഞുപോയ കടത്തനാട്ടു പോർളാതിരി ഉദയവൎമ്മ ഇളയതമ്പുരാൻ തിരുമനസ്സിലെ നായകനാക്കി പരേതനായ കെ. സി. നാരായണൻ നമ്പ്യാരവർകൾ 'ഉദയാലങ്കാരം' എന്നൊരു കൃതി 'കവനോദയ'ത്തിൽ മുമ്പു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നുവല്ലോ. അതിനെതിരായി, വിദ്വാൻ മാനവിക്രമഏട്ടന്തമ്പുരാൻ തിരുമനസ്സിലെ നായകനാക്കി പണിക്കർ എഴുതിയതാകുന്നു പ്രകൃതഗ്രന്ഥം. ഇതിലെ പല ശ്ലോകങ്ങളും പണിക്കർ എന്നെ ചൊല്ലികേൾപ്പിക്കുകയുണ്ടായിട്ടുണ്ട്. ഇതും കണ്ടുകിട്ടീട്ടില്ല.

നാഗാനന്ദവും, ഇന്ദുമതീസ്വയംവരവും, ശ്രീവാസുദേവാഷ്ടകം എന്ന കൃതിയും കവനോദയത്തിൽതന്നെ പ്രസിദ്ധപ്പെടുത്തീട്ടുള്ളതാണ്. ഭാഷാസൂക്തിമുക്താമണിമാല, പട്ടാമ്പിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന 'സാഹിത്യചിന്താമണി'യിൽ "ചില നീതിസാരങ്ങൾ" എന്ന തലവാചകത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയ ഒരു ശതകമാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അതല്ലാതെ, ഈ പേരിന്നു യോജിക്കത്തക്ക മറെറാരു കൃതിയും പണിക്കരെഴുതിയതായി പറകയോ പ്രസിദ്ധപ്പെടുത്തിക്കാണുകയോ ചെയ്യിട്ടില്ല. പണിക്കരുടെ ബാല്യകാലത്തെ ആറു കൃതികളിൽ ആദ്യത്തെ മൂന്നും കണ്ടുകിട്ടാത്തതു കഴിച്ചു ശേഷം മൂന്നു കൃതികൾ ഈ പുസ്തകത്തിൽ ചേൎത്തിട്ടുണ്ട്.

ഇതുകൂടാതെ, പണിക്കരുടെ കൃതിയായി 'സാമ്രാജ്യഗീതാ' എന്ന പേരോടുകൂടി ഒരു ചെറുപുസ്തകം മുമ്പ് ഇവിടെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ട്. സാമ്രാജ്യഗാഥ, ഭൂപാലമംഗളം, ഹാനോവർരാജവംശാവലി എന്നീ കൃതികൾ അതിലുള്ളതുതന്നെയാണ് ഈ പുസ്ത

കത്തിലും ചേൎത്തിട്ടുള്ളതു്. ഇതൊന്നുമല്ലാതെ, ദേവീസ്തവം ദുർഗ്ഗാഷ്ടകം എന്നിങ്ങിനെ രണ്ടു സ്തോത്രങ്ങളും, 'നിശ' എന്ന ഒരു ചെറുകൃതിയും ഈ പുസ്തകത്തിൽ ചേൎത്തുകാണുന്നതു കേരളചിന്താമണി, സുദൎശനം എന്നീമാസികകളിൽ മുമ്പു പ്രസിദ്ധപ്പെടുത്തിയതുമാകുന്നു.

ഒരു വിലാപം, വിശ്വരൂപം, മങ്കിഗീത ഇങ്ങിനെ മൂന്നു കൃതികൾ ഇതിൽ കാണുന്നതു മുമ്പു 'കവനകൌമുദി'യിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതാകുന്നു. ഇതിൽ 'മങ്കിഗീത' എന്നത് ഒരു കിളിപ്പാട്ടാണ്. ഒന്നും രണ്ടും ഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ ഖണ്ഡകൃതി പ്രാപഞ്ചികക്ലേശങ്ങളെ പ്രതിപാദിച്ച് വൈരാഗ്യത്തിലേക്കു വഴി കാണിക്കുന്നതാണ്. തന്റെ പ്രാണപ്രിയ വിഷൂചിക പിടിപെട്ടു പെട്ടന്നു മരിച്ചതിനെപ്പററി ഒരു യുവാവു ചെയ്യുന്ന വിലാപമാകുന്നു ഒരു വിലാപത്തിലെ വിഷയം. 'വിശ്വരൂപ'മാകട്ടെ, നമ്മുടെ ചുററും കണ്ണുകൊണ്ടു കാണാവുന്ന പ്രകൃതിവിലാസങ്ങളുടെ ശരിയായ ഒരു പ്രതിബിംബമാകുന്നു. ഒററശ്ലോകങ്ങൾ, വൎണ്ണനകൾ, മംഗളങ്ങൾ, ശൃംഗാരശ്ലോകങ്ങൾ ഈവക സാധാരണകവിതാപദ്ധതിയിൽ പണിക്കർ അനാവശ്യമായി വളരെ ഭ്രമിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അഥവാ വല്ലതുമുണ്ടെങ്കിൽതന്നെ അതൊന്നും എനിക്കു കിട്ടീട്ടുമില്ല.

ആധുനികഭാഷാകവികളുടെ കൂട്ടത്തിൽ പണിക്കരോടു കിടപിടിക്കത്തക്ക കവികൾ അത്യന്തം ദുർല്ലഭമാണെന്ന് അദ്ദേഹത്തിന്റെ കവിതകൾ മനസ്സിരുത്തി വായിച്ചിട്ടുള്ളവൎക്കറിയാം. പണിക്കരുടെ ആദ്യകാലത്തെ കവിതകൾ സാധാരണനിൽ കവിഞ്ഞ ഗുണമുള്ളവയായിട്ടില്ല. എങ്കിലും ചില ഘട്ടങ്ങളിൽ ചില പ്രത്യേകഗുണങ്ങൾ ആവകയിലും കാണാതിരിക്കയുമില്ല. പണിക്കരുടെ കൃതികളിൽ പ്രധാനമായിട്ടുള്ളത് ഒരു വിലാപവും വിശ്വരൂപവും തന്നെയാണ്. അതിസൂക്ഷ്മമായ നിരീക്ഷണം, അവധാന

ത്തോടുകൂടിയ ഭാവന ഇവയാണ് പണിക്കരുടെ പ്രത്യേകതകൾ. പ്രകൃതിയുടെ നാനാവിധങ്ങളായ ഭാവങ്ങളെ നമ്മുടെ കവി എത്രത്തോളം സൂക്ഷ്മമായി കണ്ടെത്തിട്ടുണ്ടെന്നും, അവയെ നമ്മുടെ മുമ്പിൽ എങ്ങിനെ അനുഭവപ്പെടുത്തി കാണിച്ചുതന്നിട്ടുണ്ടെന്നും മേൽപറഞ്ഞ രണ്ടു കൃതികളിൽനിന്നു സാഹിത്യരസികന്മാക്കറിയാം. പ്രയോഗങ്ങളുടെ പുതുമയും അതുപോലെതന്നെയാണ്. അനവധി പ്രാവശ്യം ചവ്വിതചവ്വണം ചെയ്തിട്ടുള്ള വസ്തുക്കളെ വീണ്ടും അതേ നിലയിൽതന്നെയോ, അല്ലെങ്കിൽ കവിഞ്ഞപക്ഷം അവയെ പുറമേ ഒന്നു മിനുക്കി എന്നു മാത്രം ഭാവിച്ചോ കൊണ്ടുവരുന്നവരാണല്ലോ നമ്മുടെ ഇന്നത്തെ കവികളധികവും. അതല്ല പണിക്കർ ചെയ്തിട്ടുള്ളതെന്നും, പഴയതിൽ സ്വാദു കുറഞ്ഞതൊക്കെ വലിച്ചെറിഞ്ഞു്, പുതിയ സാധനങ്ങൾ കിട്ടുന്നിടത്തോളം ശേഖരിച്ചു്, ആവകയെല്ലാം അവസരോചിതമായി നല്ല വൃത്തിയിൽ പാകം തെറ്റാതെ നമ്മുടെ മുമ്പിൽ വിളമ്പിത്തന്നതുകൊണ്ടാണ് നമുക്കു നല്ല രുചിയും രസവും തോന്നുന്നതെന്നും രസജ്ഞന്മാരൊക്കെ സമ്മതിക്കുമെന്നാണെന്റെ വിശ്വാസം.

അഗാധമായ ബുദ്ധിയും അതിന്നനുസരിച്ചു വാസനയുമുള്ള ഈ കവി കുറച്ചുകാലംകൂടി ജീവിച്ചിരുന്നെങ്കിൽ പലതരത്തിലായി പ്രകൃതിയുടെ ചില ചിത്രങ്ങൾ ഇനിയും നമുക്കു കിട്ടുമായിരുന്നു. എന്നാൽ ചിത്രനിമ്മാണചാതുരിയിൽ ഇന്നു ചിലക്കുള്ള സ്ഥാനം വാദഗ്രസ്തമാവാനും ഇടവരുമായിരുന്നു. പക്ഷേ ദൈവം മറ്റൊരുവിധമാണല്ലോ തീച്ചപ്പെടുത്തിയത്. ആ ശക്തിക്കു സകലവും കീഴ്പ്പെട്ടിരിക്കയാൽ ഇപ്പോൾ കിട്ടിയതുകൊണ്ടു നമ്മൾ തൃപ്തിപ്പെട്ടു് കഴിഞ്ഞുപോയ കവികേസരിയുടെ ആത്മാവിന്നു നിത്യശാന്തിയെ പ്രാത്ഥിക്കുകമാത്രം ചെയ്യുകതന്നെ.

കോട്ടയ്ക്കൽ
98 വൃശ്ചികം 10-ാംനു } പി. വി. കൃഷ്ണവാരിയർ

വി. സി. ബാലകൃഷ്ണപ്പണിക്കരവർകളുടെ

# കവിതകൾ

## ദേവീസ്തവം

ഒന്നായ്ക്കാണും പ്രപഞ്ചച്ചെടിയുടെ മുരടാ-
ണെങ്കിലും ശാഖതോറം
ഭിന്നാകാരം ഭജിക്കും പ്രകൃതി, സുകൃതികൾ-
ക്കഷ്ടസിദ്ധിസ്വരൂപേ!
ഇന്നാകെത്തീൎത്തു കാക്കും ത്രിഗുണമയി! മുടി-
ക്കുന്നതും പിന്നെ നീയാ-
ണെന്നാലെന്നാടലാററിഗ്ഗുണഗണമരുളി-
ക്കാക്കുവാൻ ദണ്ഡമുണ്ടോ? 1

കാദംബക്കാട്ടിലത്യുജ്ജ്വലകനകമണീ-
മണ്ഡപത്തിങ്കലാവി-
ൎമ്മോദം മാണിക്യവീണാമധുരരവമിണ-
ങ്ങുന്ന ഗാനങ്ങൾ പാടി,
വേദജ്ഞന്മാൎക്കുപോലും വെളിവിലറിയുവാ-
നാവതല്ലാതവിദ്യാ-
ച്ഛേദം ചെയ്തുല്ലസിക്കും പരമശിവപരാ-
ശക്തി പാലിക്കണം നീ. 2

ശ്രീകാന്താക്ഷിയ്ക്കു രാഗപ്പുഷ്ടമയരുളിടും
നിദ്രയായ്, ഭദ്രഭസ്മ-
ശ്രീകാളും ശങ്കരൻതൻ നിടിലമിഴിനടു-
ക്കാവിർഭൂതാഗ്നിയായി,
ലോകാക്ഷിയ്ക്കുള്ളിലും തൻപുറമെയുമെരിയും
ദീപ്തിയായിപ്പലമ-
ട്ടാകാരം പൂണ്ട മായേ! തവ മഹിമ മഹാ-
ദേവി! മറ്റാരറിഞ്ഞു? 3

പ്രാണായാമാദിനാനാവിധവിധികളൊടും
നാസികാഗ്രത്തിലക്ഷി-
ക്കോണാകും സംയതാത്മാക്കളിലിരുളറമാ-
റർക്കഭാസ്സായിരിക്കേ
വീണാലാപേ! വിശിഷ്ടപ്രതിഭയുമറിവും
നൽകുവാൻ വന്നു നിന്നെ-
ക്കാണാമത്രേ നിലാവിൻപടി; തിരുവടിതൻ-
തത്വമെന്താരറിഞ്ഞു? 4

സാരബ്രഹ്മാണ്ഡഭാണ്ഡച്ചുളി കളവരിനാ-
യാസുരക്കാടെരിച്ച-
ന്നേരത്തേ വാട്ടമേൽക്കാതമരനിര കുളി-
ർപ്പിച്ചു നീയെന്നു കേൾപ്പൂ;
പാരം ചിന്താഗ്നി വേവിച്ചൊരു മമ ഹൃദയം
ശുദ്ധമാക്കുന്നതിന്നോ
ഭാരം പാരം ചുമക്കുന്നൊരു നിയമമെഴും
നീലകണ്ഠന്റെ ജായേ! ൫

ചിൽപ്പൂമാധ്വീകധാരേ! ചിണ്ണിചിണ്ണിനിനദം
ചിന്നുമാറഗ്ര്യഹംസ-
ക്കാലപ്പൂമോദം വളർത്തും ഭവതി ഭവമുഖാ-
ബ്ജത്തിലെബ്ഭംഗിയായും,
പൊൽപ്പൂമാതിൻമണാളൻ മലർമകനിവരാൽ
പൂജ്യപാദാബ്ജയായും,
നിൽപ്പൂ മീനാക്ഷി! നിൻമാനസമഹിമ വെറം-
ഷണ്ടി ഞാനെന്തറിഞ്ഞൂ? 6

ശ്രീചക്രത്തിൻ നടുക്കും, ശ്രിതജനഹൃദയ-
ത്തിങ്കലും, ദുഷ്ടദൈത്യ-
ശ്രീചക്രത്തെപ്പിളപ്പാനടരിടുമൊരിടം
തന്നിലും, മിന്നൽപോലെ
വാചസ്സംശുദ്ധി വർദ്ധിച്ചവരുടെ രസനാ-
ഗ്രത്തിലും നീ ജയിപ്പൂ;
നീചന്മാരെന്തറിഞ്ഞൂ തവ മഹിമ മഹാ-
മന്ത്രയന്ത്രാധിവാസേ! 7

ചൂടേറും തിഷ്മ നീർ കാററിവയുടെ ഗതിയാൽ-
ച്ചുററുവാൻ വേണ്ട മാർഗ്ഗ-
ത്തൂടേ മൂന്നാണി താഴ്ത്തി ത്രിഗുണനിലയമാം
ലോകയന്ത്രത്തെ നിർത്തി,
കേടേററാലായുധം പൂണ്ടതിനു കുറവു തീ-
ർക്കുന്ന നീ ശില്പവിദ്യാ-
വീടേ! തവ ത്രികോണാഗമമിവനുപദേ-
ശിച്ചു രക്ഷിച്ചിടേണം. 8

കാലാഗ്നിജ്വാലപോലേ കരുമന കളിയാ-
ട്ടുന്ന കൈവാളുലച്ചും
ഹേലാഹങ്കാരമാർന്നും മൃദുളമണിമയ-
പ്പൊഞ്ചിലമ്പൊച്ചപൂണ്ടും,
നീലാളിപ്പൂങ്കുഴൽക്കെട്ടണിമലർ വിതറും-
മട്ടു യുദ്ധക്കളത്തിൽ-
ച്ചേലായ് നൃത്തം ചവിട്ടും നടവരദയിതേ!
ദേഹി മേ ദേഹസൌഖ്യം. ൯

---

# സാമ്രാജ്യഗാഥ

## (കിളിപ്പാട്ട്)

---

തത്തമേ! വരികരികത്തു വന്നിരിയ്ക്കു നീ;
വർത്തമാനങ്ങൾ പറഞ്ഞീടെടൊ! വഴിപോലെ.
ചിത്തമോഹനം ചിത്രംചേർന്ന നിന്മൊഴികളോ-
ടൊത്ത മാധുൎയ്യമുള്ള പാലിതാ പാനംചെയ്യാൻ.
ഇത്തരമിഷ്ടം കേട്ടു സത്വരം കിളിമക-
ളുത്തലുള്ളതു പോക്കി വൃത്തിയായുരചെയ്താൾ.
ഏകയായനേകയായേതൊരു മഹാശക്തി
ലോകമാകവേ നിറഞ്ഞെപ്പൊഴും വിളങ്ങുന്നു;
യാതൊരു ശക്തി തന്റെ പാതിരശ്മികൾ പതി-
ച്ചാദിത്യചന്ദ്രന്മാരുമഗ്നിയും പ്രകാശിപ്പൂ;
ഭൂതധാത്രിയായ് ഭുവനേശ്വരിയായുള്ളോര-
ച്ചേതനാലഹരിയെച്ചേതസാ വണങ്ങി ഞാൻ,
ഉത്തമോത്തമമാകും ബ്രിട്ടീഷുസാമ്രാജ്യത്തി-
ന്നൊത്ത മാഹാത്മ്യം തെല്ലു ചൊല്ലുവൻ മാലോകരേ!
വിത്തവും പ്രാണങ്ങളും പാലിച്ചു നീതിന്യായ-
സത്തരം പിഴയ്ക്കാതെ നിത്യവും നടത്തിയും,
ജാതികൊണ്ടുയർച്ചയോ താഴ്ചയോ ഗണിക്കാതെ
ഭൂതകാരുണ്യം പൂണ്ടു മേധയുള്ളവർക്കെല്ലാം
വാദമററുദ്യോഗങ്ങളോരോന്നു നൽകിസ്സഭാ-
വാദപണ്ഡിതന്മാരെസ്സൽക്കരിച്ചുയർത്തിയും,

പക്ഷപാതമായ് ദണ്ഡ്യരക്ഷയോ, രക്ഷ്യന്മാർക്ക
ശിക്ഷയോ നൽകി പ്രജാഭക്ഷണം ചെയ്യാതെയും,
ബദ്ധസന്നാഹം പടക്കപ്പലും പട്ടാളവും
യുദ്ധസാമാനങ്ങളും യുക്തമായൊരുക്കിയും,
സാർവ്വഭൌമരെപ്പോലും സാമന്തരാക്കിക്കൊണ്ടും;
സർവ്വകാലവും ബ്രിട്ടീഷ്സാമ്രാജ്യം ജയിക്കുന്നു.
ന്യായമാം സൂത്രം പതിപ്പിക്കയാലിതിന്നതി-
രായിരം കരംകൊണ്ടുമർക്കനാലലംഘിതം.
സാഗരം കിടങ്ങായും, മലകൾ മതിലായു-
മേകമന്ദിരംപോലെ കാണുമിസ്സാമ്രാജ്യത്തിൽ
പുഞ്ചിരിപ്പൂത്തുമ വൂണ്ടഞ്ചിതരസം സദാ
സഞ്ചരിക്കുന്നു സമാധാനദേവത താനേ.
വാനവന്മാരെപ്പോലെ ഭൂമിയെ സ്പർശിക്കാതെ
മാനമാർന്നിതിലുള്ള മാനവപ്പരിഷകൾ
ആവിവണ്ടികളിലുമാകാശയാനത്തിലു-
മാവിലമകന്നൊത്തവണ്ണമേ നടക്കുന്നു.
ബ്രിട്ടീഷുസിംഹക്കൊടിക്കൂറ്റതന്നിളംകാററു
തട്ടീടുന്നവർക്കുണ്ടാമുന്മേഷമെന്തു ചൊൽവു!
വിട്ടീടും മഹാമയമായതിൻകീഴിൽ ചെന്നു-
പെട്ടീടിലെന്നു നമുക്കെല്ലാർക്കുമനുഭവം.
കയ്യൂക്കു കൂട്ടുന്നവൻ കാരിയക്കാരനെന്നോ-
ത്തിയ്യൂഴിയെല്ലാം മുടിഞ്ഞതന്യുമാറോരോ നൃപർ
തങ്ങൾ തങ്ങൾക്കു ചേരും ധർമ്മങ്ങൾ തിരിയാതെ
തങ്ങളിൽ തച്ചും കൊന്നും നാടുവാണിതു മുന്നം.

ആയവസ്ഥകളൊന്നുമിങ്ങിനി വരാതെക-
ണ്ടായതു ജനാശ്വാസനിശ്വാസഹേതുതന്നെ.
ഉള്ള വസ്തുവും തറക്കല്ലുമേ പൊളിച്ചൊക്കെ-
ക്കൊള്ള ചെയ്യെല്ലാടവും കൊള്ളിവെച്ചെരിക്കുവാൻ
കള്ളന്മാർ വരുന്നുവെന്നുള്ള പേടികൊണ്ടാട-
ലുള്ളത്തിൽ കവിഞ്ഞിപ്പോളിരിപ്പോരില്ലയല്ലോ.
വെള്ളക്കാരുടെ രാജ്യത്തെങ്ങുമേ വിനോദിച്ചു
വെള്ളത്താർമകൾ വിളയാടുന്നു വേണ്ടുംവണ്ണം.
വീര്യവും വിഖ്യാതിയും ചേരുമീബ്രിട്ടീഷായ
സൂര്യനിങ്ങുദിച്ചുയന്നുജ്ജ്വലിക്കുകയാലേ
ദുഷ്പ്രഭുക്കളും ദുരാചാരതല്പരന്മാരും
നിഷ്പ്രഭന്മാരായ്വന്നു ശഷ്പസഞ്ചയംപോലെ.
അന്ധവിശ്വാസങ്ങളുമന്ധകാരവും കല-
ന്നന്ധതാമിസ്രംപോലെ കിടന്നോരവനിയിൽ
വിദ്യയും വെളിച്ചവും ഹൃദ്യമാമുത്സാഹവും
സദ്യശസ്സമൃദ്ധിയും ശാന്തിയും വളന്നതേ.
പഞ്ചസാഗരത്തിലും പഞ്ചഭൂഖണ്ഡത്തിലും
ചഞ്ചലഭാവമെന്യേ തഞ്ചുമിസ്സാമ്രാജ്യത്തെ
നെഞ്ചകത്തെറാം ദയാധാരമായെന്നും ജോർജ്ജു-
പഞ്ചമൻ ചക്രവത്തി നീതിമാൻ ഭരിക്കുന്നു.
ഏററവും ഗുണപ്പെട്ട തീപ്പെട്ട "വിക്ടോറിയ"-
ക്കുററ പൌത്രനാം ദയാശീലനീ നൃപാലനും
പററലർകുലകാലനായെഴുമിവിടുത്തെ-
ക്കുററവാർകുഴലിയാം മേരിരാജ്ഞിയും കൂടി,

പണ്ടു ധൎമ്മജൻ മഹാരാജസൂയത്തെച്ചെയ്തു-
കൊണ്ടുതാൻ കേൾവിപ്പെട്ട 'ഡില്ലി' യിലെഴുന്നെള്ളി
പട്ടാളങ്ങളും മന്ത്രിശ്രേഷ്ഠരും സൎവ്വജ്ഞരും
മട്ടാളും മഹീശരും നാട്ടാരും നിരക്കവേ
പട്ടാംബരാലംകാരപരിശോഭിതനായി-
പ്പട്ടാഭിഷേകം മഹാഘോഷമായ്ക്കൊണ്ടാടിനാൻ.
ഏഴാമനെഡ്വാർഡാകുമരചൻ കാത്തകാലം
താഴാതെ പൂത്തോരിന്ത്യാപുണ്യവല്ലരി പരം
ഇന്നല്ലോ സഫലയായ് വന്നതു നിനയ്ക്കുമ്പോ-
ളിന്നല്ലോരവസരമെത്രയും സുദുർല്ലഭം.
ഇത്രയും മഹത്തരമുത്സവമുണ്ടായിട്ടി-
ല്ലത്രയല്ലുണ്ടാകയുമില്ലല്ലോ മാലോകരേ!
ആയതുകൊണ്ടു നിങ്ങളൊന്നിച്ചു നന്ദിച്ചിരു-
ന്നീയവസരത്തിങ്കലതിസന്തോഷാദരം
ശക്രതുല്യനാമിൻഡ്യാചക്രവൎത്തിയും മേരി-
ചക്രവൎത്തിനിതാനുമേറെനാളിനിമേലും
സൎവ്വശക്തനാമീശൻതന്നുടെ കൃപാബലാ-
ലുൎവ്വരാഭാരം വഹിച്ചിരിപ്പാൻ പ്രാൎത്ഥിക്കുവിൻ!
ഇത്രയും പറഞ്ഞാശു തത്തമപ്പെണ്ണും തന്റെ
പത്തനം നോക്കിപ്പറന്നീടിനാൾ സുമംഗളം.

UNIVERSITY

## ഒരു വിലാപം

തിങ്ങിപ്പൊങ്ങും തമസ്സിൽക്കടലിലൊരു കുടം-
പോലെ ഭൂചക്രവാളം
മുങ്ങിപ്പോയീ മുഴക്കെ; ക്കുളിരിളകുമിളം-
കാററു താനേ നിലച്ചു;
മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ പക-
ച്ചൊന്നമട്ടന്നു മൌനം
തങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരു പുരുഷനിരു-
ന്നീടിനാനാടലോടേ. 1

കണ്ണിൽ കണ്ണീർ നിറച്ചിട്ടകമിടറി വിട്ടും
വീർപ്പുകൊണ്ടാശ്രു മിന്നി-
ട്ടെണ്ണി പ്രാപഞ്ചികക്കോളടിയുടെ നടുവിൽ-
പ്പെട്ടു വല്ലാതെ മുങ്ങി,
മണ്ണിൽ ചൈതന്യമില്ലാപ്പടി പൊടിപുരളും-
മട്ടു വാടിക്കിടക്കും
പെണ്ണിൻ പൂമേനി താങ്ങിദ്ദയിതനവനിരു-
ന്നീടിനാ;നെന്തു ചെയ്യാം! 2

നാട്ടാരെല്ലാം വിഷൂചീലഹളയിലുതിരും
കാല,മദ്ദീനമായ് ത്തൻ-
കൂട്ടാളയ്യോ! കഴിഞ്ഞീടിന കഥ; വലുതാ-
യുള്ള വർഷാനിശീഥം;
കേട്ടാലാരും ഭയം കൊണ്ടിളകിമറിയുമീ-
വേളയിൽ കഷ്ടമായാൽ
നീട്ടാനുംകൂടി വയ്യാതെരിയുമൊരു വിള-
ക്കിൻെറ നേരിട്ടിരുന്നു. 3

ആ മട്ടാളും കഠോരപ്രകൃതിനടനയിൽ
പാട്ടുകാരൻകണക്കേ-
ക്കൂമൻ മൂളുന്നു; ക്കുകുന്നിതു ചിറകടിയോ-
ടൊത്തു കുററിച്ചുളാനും;
ഭ്രമം, വിഭ്രാന്തി, താപം, ഭയമിവയിലലി-
ഞ്ഞാകവേ രക്തനാഡീ-
സ്തോമം സ്തംഭിക്കയാലക്കഥകളവനറി-
ഞ്ഞി,ല്ലതേ നല്ലതായി. 4

പാരം വീർപ്പിട്ടുലഞ്ഞോത്തരിയുമൊരു മുഖം,
മുത്തൊളിബ്ബാഷ്പധാരാ-
സാരം തിങ്ങിക്കലങ്ങീടിന മിഴികൾ, നിറം
മങ്ങി വീണ്ടും കപോലം,
ചാരംപോലേ വിളർത്തൊരുടലിവയൊടുമ-
പ്പൂരുഷൻ ഹന്ത! വിദ്യുൽ-
സാരത്തിൻ വിദ്യയാലൊട്ടിളകുമൊരു വെറം-
പാവയെപ്പോലിരുന്നു. 5

ഒന്നോ രണ്ടോ മണിക്കൂറിട മന്നമറിയാ-
മട്ടിലെന്തൊക്കെയോ ചെ-
യ്യുന്നോളംതള്ളുമാർത്തിക്കടൽനടുവിലെണീ-
ററായവൻ നീന്തി നോക്കീ;
പൊന്നോമൽച്ചെമ്പകത്തിൻമലരടിപണിയും
കാന്തതൻ മെയ്യു മെല്ലെ-
ത്തന്നോടൊപ്പിച്ചമത്തിത്തഴകിയൊരുവിധം
ഗൽഗദം പൂണ്ടുരച്ചു. 6

"മാനം, മര്യാദ, മാന്യപ്രണയമധുരമാം
ശീല,മൊക്കെന്നമട്ടിൽ-
ദ്ദാനം തൊട്ടുള്ള നാനാഗുണവിഭവമിണ-
ങ്ങീടുമെൻപ്രാണനാഥീ!
ജ്ഞാനദ്ധ്യാനൈകരൂപാമൃതമണയുവതി-
ന്നുള്ള നിന്നന്ത്യയാത്ര-
സ്സാനന്ദം കൈവരട്ടേ; തവ വിമലകഥാ-
വസ്തു ശേഷിച്ചിടട്ടേ. 7

സ്വാതന്ത്ര്യത്തോടുകൂടി സ്വയമുയരുമൊരീ
നിന്റെ ജീവൻ, ക്രമത്തിൽ
ഐകതന്നും വെച്ച വാനോർവനിതകളരുളീ-
ട്ടുന്നോരഗ്രാസനത്തിൽ
ആതങ്കംവിട്ടു മിന്നി, ക്കിളികളിളകുമാ
നന്ദനത്തോപ്പിലേന്തും
ഗീതത്തോടൊത്തു പുത്തൻമണമണിയുമിളം- 8
കാററു തെല്ലേററിടട്ടേ.

ആശാവേശംനിമിത്തം ചിലതിവനുരചെ-
യ്യുന്നതത്രേ മരിച്ചാ-
ലേശാൻ പോകും യഥാർത്ഥസ്ഥിതികളറിയുവാ-
നാക്കുമയ്യോ! ഞെരുക്കം;
ദേശാചാരാനുസാരം സുകൃതഫലമെടു-
ത്തീടുവാൻ തത്വചിന്താ-
ലേശാലോലം മനസ്സിന്നനുമതി കുറയും;
തത്വമോ ഭിന്നഭിന്നം. 9

ദേവന്മാരുള്ള നാട്ടും, നരകവുമിവിടെ-
ത്തന്നെയാണെന്നു വന്നാ-
ലാവട്ടേ; നാം നയിച്ചു പ്രണയമസൃണമീ
ജീവിതം സ്വർഗ്ഗതുല്യം;
ജീവൻ മേലിൽ സുശീലേ! ജനനമരണയുമെ-
ന്നാകിലിന്നാമൊരേമ-
ട്ടേവം താൻ ചേരുമപ്പോളമിതപരചിദാ-
നന്ദകന്ദം ഭുജിക്കാം. 10

താരുണ്യത്തള്ളലാലോ, തരുണമനമിള-
ക്കുന്ന ഗാനങ്ങളാലോ,
പേരുണ്ടാക്കാൻ തുനിഞ്ഞില്ലിവനിലകമലി-
ഞ്ഞുള്ള നീയെന്നമൂലം,
ആരും വാഴ്ത്തില്ല; എന്നാകിലുമൊരു സമയ-
ത്തത്ഭുതപ്രേമസാരം
ചേരും നിൻജീവവൃത്തപ്പുതുമ പുതിയ പാ-
ഠത്തിലൊന്നായിരിക്കും. 11

സാരാനർഘപ്രകാശപ്രചുരിമ പുരളും
ദിവ്യരത്നങ്ങളേറെ-
പ്പാരാവാരത്തിനുള്ളിൽ പരമിരുൾനിറയും
കന്ദരത്തിൽ കിടപ്പൂ;
ഘോരാരണ്യച്ചുഴൽക്കാററടികളിലിളകും
തൂമണം വ്യർത്ഥമാക്കു-
ന്നോരപ്പൂവെത്രയുണ്ടാ;മവകളിലൊരുനാ-
ളൊന്നു കേളിപ്പെടുന്നൂ. 12

ഭൂയിഷ്ഠം റാണി പത്മാവതിയുടെ വിപുല-
സ്ഥൈര്യസമ്പത്തു, ലക്ഷ്മീ-
ഭായിക്കുണ്ടായ മുഗ്ദ്ധപ്രവണത, സരളാ-
ദേവിതൻ വാഗ്വിലാസം,
നീയിത്ഥം നിർമ്മലസ്ത്രീഗുണമഹിമകളാൽ
പൂർണ്ണയായ്പ്പാണിരിക്കാം;
വായിപ്പാനാവതാണോ ഹൃദയനില വെറും-
മാംസദൃഗ്വീക്ഷണത്താൽ? 13

ഏതായാലും കൃതാന്തൻ നിജകഠിനകരം
നിന്നിൽ വെച്ചു, തുഷാര-
ശ്രീതാവും മഞ്ജുമന്ദസ്മിതമണിയുമിളം-
ചുണ്ടുനങ്ങാതെയായി;
വീതായാസം വിലോലായതമിഴിയിലെഴും
കാന്തി മങ്ങീ, കടുക്കും
വാതാവേശാൽ പ്രപഞ്ചോത്തിരയടിയിലക-
പ്പെട്ടു നീ ചോട്ടിലായീ. 14

ആകപ്പാടേ വിമർശിച്ചറിയുവതിന്നസാ-
ദ്ധ്യങ്ങളാകുന്നു നാനാ-
പാകം പുറവന്ന ദിവ്യപ്രകൃതിയുടെ വികാ-
രങ്ങൾ വിശേഷാന്തരങ്ങൾ;
'ലോകം രംഗം, നരന്മാർ നട'രിതു വളരെ-
സ്സാരമാം തത്വ,മെങ്ങോ-
പോകട്ടെ; മാംസമേദോമലകലിതമുടൽ-
ക്കെട്ടിതുൽക്കൃഷ്ടമാണോ? 15

ധീരശ്രീസവ്വസൈന്യാധിപനുടെ കരവാ-
ളൂ,ഴിപന്നുള്ള ചെങ്കോ-
ലീ രണ്ടിന്നും നമിക്കാത്തൊരു പഴയ മഹാ-
ശക്തി മീതേ ജയിപ്പൂ;
സാരജ്ഞേ! തൽപ്രയുക്തം നിയമമനുസരി-
ച്ചിന്നു ലോകങ്ങളോരോ
നേരത്തോരോവിധത്തിൽ തിരിയു,മതു തട-
ത്തീടുവാനാവതല്ല. 16

ലാവണ്യംകൊണ്ടിണങ്ങും പുതുമ, കവിതകൊ-
ണ്ടുള്ള സൽകീത്തി, വിദ്വൽ-
ബ്ഭാവംകൊണ്ടുള്ള മാന്യസ്ഥിതി, രണപടുതാ-
മൂലമാം വമ്പ്രതാപം
ഈവണ്ണം വണ്ണനീയം ഗുണമഖിലമൊരേ-
വാതിലിൽ തട്ടിമുട്ടി-
ജ്ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ
ചെന്നു ചേരുന്നുവല്ലോ. 17

ബാലാദിത്യൻ കരത്താലരിമയൊടു തലോ-
ടീടവേ പാടലശ്രീ-
ലീലാരംഗം പ്രഭാതപ്രകൃതിയുടെ മൃദു-
സ്നിഗ്ദ്ധഗണ്ഡം കണക്കേ
മേലാലെത്തും വിപത്തിൻവിപുലതയെ വിചാ-
രിച്ചുനോക്കുന്നതിന്നും
മേലാതേ നിന്നൊടുക്കം പട്ടുചൂടലർ പനീർ-
പ്പൂവു ചുംബിച്ചിടുന്നു. 18

ഓമൽപ്പൂവെണ്ണിലാവിൽക്കുളിർമയൊടു കുളി-
ച്ചൊട്ടു മൂടും പ്രസൂന-
ക്ഷൌമം ചാർത്തിസ്സുഗന്ധപ്പൊടി വിതറി വിള-
ങ്ങുന്ന മല്ലീമതല്ലി
ആ മട്ടുച്ചയ്ക്കുണങ്ങിക്കരിയുമുടലുല-
ഞ്ഞന്നുറച്ചിററ വീഴും
തൂമഞ്ഞിൻതുള്ളിയാലേ വിമലമതി വൃഥാ
തന്നെ ബാഷ്പം പൊഴിപ്പൂ 19

നാദാന്തബ്രഹ്മനിഷ്ഠാവഴിയിലകമുറ-
ച്ചേവമാർത്താലുമിന്നെൻ-
വേദാന്തക്കൺവെളിച്ചം വിരഹമഷി പിടി-
ച്ചൊന്നു മങ്ങുന്നുവെങ്കിൽ
വാദാർത്ഥം ദണ്ഡമേന്തും യതികളുടെ വെറും-
കാവിമുണ്ടുഗ്രസംഗ-
ത്തീദാഹം കൊണ്ടു നീട്ടും രസനകളെ മുറ-
ക്കെത്രനാൾ മൂടിവെക്കും? 20

പാതിവ്രത്യപ്രതാപക്കൊടിയുടെ ചരടേ!
ദുർവ്വിധിക്കാററു തട്ടി-
പ്പാതിത്വം വന്നു നിന്മെയ്യിളകുവതിനിനി-
സ്സാദ്ധ്യമല്ലെന്നിരിക്കേ
പാതിപ്പെട്ടും ഭവച്ചങ്ങലവലിയിലക-
പ്പെട്ടു കാലാലയത്തിൻ
വാതിൽക്കൽ പോയി മുട്ടിത്തിരിയെ വരുമൊരെൻ-
ജീവിതം ഭാരഭൂതം. 21

നീലക്കാർമൂടി മങ്ങുന്നിതു മതി; കൊട്ടുതാം
മിന്നൽ പായുന്നു നാഡീ-
ജാലത്തിൽക്കൂടി; ദീർഘശ്വാസനനിളകവേ
ബാഷ്പവർഷം വരുന്നൂ;
പാലഞ്ചും വാണിയാളേ! തവ വിരഹവിചാ-
രാംബുധിക്കോളിളക്കം
കാലത്തിന്നൊത്തിരിപ്പൂ! കണവനുടെ കരമാ-
ക്കെട്ടിതാ പൊട്ടിയല്ലോ! 22

പ്രാലേയക്കട്ടപോലേ പരിമൃദുലതവൂ-
ണ്ടെന്നുമാഡംബരത്തിൽ-
ക്കാലേ വെയ്ക്കാതെ, നൈസർഗ്ഗികമധുരിമയെ-
ത്തൻകളിത്തോഴിയാക്കി
മാലേയം മാത്രമായോരണിയലൊട്ടു മുഖാ-
ബ്ജത്തിലാത്മപ്രസാദം
മേലേ മേലേ വളർത്തിബ്ഭവതി ഭുവനരം-
ഗത്തിൽ നന്നായ്വിളങ്ങീ. 23

ഞാനോ നീർക്കെട്ടി മൂടുന്നൊരു നയനതടം
വിങ്ങി മങ്ങിക്കുഴങ്ങി-
പ്പീനോൽക്കണ്ഠാപരീതൻ വിരഹവിധുരതാ-
ധൂസരാംഗങ്ങളോടെ
മാനോട്ടംകണ്ണി! മുള്ളും ചരലുമിടകല-
ർന്നുള്ള മാർഗ്ഗം ചവിട്ടി-
ത്താനോരോ ജീവിതായോധനമുറിവുകളേ-
റ്റോടി വാടേണ്ടിവന്നൂ. 24

പ്രാതഃകാലം വരുമ്പോൾത്തവ ചരമകഥാ-
സ്മാരകംപോലെ പാട്ടും
ശീതത്തെക്കൊണ്ടു ഘണ്ടാമണി വെളിയിലയ-
ച്ചോരു ഞാനൊററയായി
പ്രേതത്തെപ്പോലെ മുററത്തണയുകിലൊളിവ-
ററോമനക്കാററു പുൽകും
കൈതപ്പൂവെന്നെ നോക്കി ത്രപയൊടപഹസി-
ച്ചീടുമേ വാദമില്ല. 25

വാതവ്യാസംഗമൂലം വിറയുടയ പുരാ-
രാമവല്ലീകുലത്തെ-
സ്സീതസ്നേഹം തലോടിപ്പലപൊഴുതു പയോ-
ധാര താനേ നടത്തി
ആതങ്കം മാററുമാറ്റേ! തവ തനുഭവമാ-
യുള്ള വെണ്ണീർ കിടക്കേ
പ്രേതക്കാട്ടിൽ കടത്തും കരവുമഫലമാ,
ല്ലോഷധീശന്നു മേലിൽ. 26

സാനന്ദം സുപ്രഭാതോദയമഹിമ പുക-
ഴ്ത്തുന്ന പക്ഷിവ്രജത്തിൻ-
ഗാനത്താലോ ഗവാക്ഷംവഴി ദിനമണി തൻ-
കൈകളാൽ പുൽകയാലോ
തേനഞ്ചുംവാണിയാളേ! ചുടലയൊടു സമീ-
പിച്ച നിൻദീർഘനിദ്രയ്-
ക്കൂനം പററില്ല; നിൻകണ്ണുകൾ നിയതിനിയോ-
ഗത്തിനാൽ മുദ്രിതങ്ങൾ. 27

---

# ഭൂപാലമംഗളം

---

നാട്ടിൽ പരിഷ്കാരരസപ്രവാഹം
കുട്ടിപ്പുളയ്ക്കുന്ന ഫലങ്ങളോടും
"ബ്രിട്ടീഷുസാമ്രാജ്യ"മരം സമൃദ്ധി-
പ്പെട്ടിന്നു മിന്നുന്നു വിലാസപൂർണ്ണം. 1

എതിർക്കുവാനാരുമടുത്തിടാത്ത-
സ്ഥിതിക്കുറപ്പോടുമുയർച്ചയോടും
ഇതിന്റെ ശാഖാവലി നാലുപാടു-
മതിർത്തിനോക്കാതെ പടർന്നിരിപ്പൂ. 2

കല്പദ്രുമംപോലെ ബുധർക്കശേഷം
കാമം വളർക്കുന്നൊരിതിന്നു കീഴിൽ
കാലത്തു വിശ്രാന്തി ലഭിക്കമൂലം
കാളുന്ന താപം കളയുന്നു ലോകം. 3

സാമന്തഭൂപാലരിതിൻ ചുവട്ടിൽ
കാമം സമാധാനമിയന്നിടുന്നു;
സീമന്തിനീദൃഷ്ടിശരങ്ങളാൽതാ-
നീ മന്നവർക്കിന്നഭിമാനഭംഗം. 4

ഈമട്ടു മാനത്തിലുയർന്നതാമി-
സ്സാമ്രാജ്യവൃക്ഷത്തിനു കാവലായി
ഊർജ്ജസ്വലാഡംബരസാരനഞ്ചാം-
ജോർജ്ജുല്ലസിക്കുന്നിതു സാർവ്വഭൗമൻ. 5

നാനാമതാചാരപരാധിവാസ-
സ്ഥാനായിതം മണ്ഡലഭിന്നഖണ്ഡം
താനേകനായിട്ടൊരു വീട്ടുപോലെ-
താനേ ഭരിക്കുന്നിതു ചക്രവൎത്തി. 6

കാലത്തിനും കാരണമായ് ജഗത്തി-
നാലംബമായിങ്ങു വെളിച്ചമേകി
ച്ചോരത്തുടുപ്പേററൊരു മണ്ഡലാഗ്രം
ചേരുന്ന ഭാസ്വാനുദിതൻ നൃപാലൻ. 7

രാജന്യവംശത്തിനൊരിന്ദ്രനായും,
തേജസ്സുകൊണ്ടുജ്ജ്വലിതാഗ്നിയായും,
പ്രജാഗണത്തിൽ സമവൎത്തിയായും,
സൌജന്യസമ്പന്നിധിതന്നെയായും, 8

വാരാശികൾക്കൊക്കെയുമീശനായും,
നേരായ് ജഗൽപ്രാണഗുണം വഹിച്ചും,
ശ്രീരാജരാജേശ്വരനഷ്ടദിക്പ-
സാരാംശഭൃത്തൻ സരസം ജയിപ്പൂ. 9
(യുഗ്മകം)

മുട്ടാതെ താൻ "ഡില്ലി" പുരത്തിലെത്തി-
പ്പട്ടാഭിഷേകോത്സവശുദ്ധി നേടി
മട്ടാളുമിന്ത്യാവധുവെച്ചടങ്ങ-
തെററാതെ വേട്ടാനവിടുന്നുദാരൻ. 10

ഇന്നൂഴി രാജന്വതിയായ്ക്കഴിഞ്ഞു;
വന്നു ദൃഢം ഭാരതപുണ്യവൃത്തി;

ഒന്നാമതായ് ജോർജ്ജവനീശനിൽതാ–
നന്വർത്ഥമായ് ചേർന്നു രാജ്യശബ്ദം. 11

ശർമ്മിഷ്ഠപോലന്നു യയാതിഭൂപ–
ന്നിമ്മന്നവേന്ദ്രന്നനുരൂപപത്നി
സാമ്രാജ്യലക്ഷ്മിക്കു സപത്നിയായി–
ച്ചെമ്മേ വിളങ്ങുന്നിതു മേരിറാണി. 12

ഉച്ചസ്ഥരായോരിവരൊത്തുകൂടി
നൽച്ചന്ദ്രനും ചിത്രയുമെന്നപോലെ,
സ്വച്ഛന്ദമിന്ത്യക്കെഴുമെല്ലി നാട്ടാർ–
ക്കിച്ഛിച്ചമട്ടിന്നഭിവൃദ്ധി ചേർത്തു. 13

മാനം കലർന്നിങ്ങിനെ സാർവ്വഭൌമ–
സ്ഥാനം വഹിച്ചോരിവർ തന്ദ്രമെന്യേ
ഈ നമ്മളെക്കാത്തിനിയേറെ നാളെ–
ക്കാനന്ദസാന്ദ്രോത്സവമാർന്നിടട്ടെ. 14

# വിശ്വരൂപം

---

ചിത്രാംശുവെന്ന പുകളേറിയ ചിത്രകാരൻ
മുമ്പേ കുറിച്ച ഘനചിത്രപടത്തെയെല്ലാം
ആകാശഭിത്തിയിലെടുത്തു നിവൃത്തി നേരേ
ചായംകൊടുത്തു മിഴിവേകി മിനുക്കിടുന്നോ! 1

മായാമയപ്രകൃതിവീട്ടിനു തട്ടുപോലെ
കാണുന്ന കജ്ജളനിറം കലരും നഭസ്സിൽ
വർണ്ണപ്രകാശനിധി വൽഗുകരങ്ങളാലേ
വാർണ്ണീഷിടുന്നതിനിനൻ തുടരുന്നുവെന്നോ! 2

ആകാശ,മംബുധി, മരക്കടിലെന്നിവറ്റി-
ലൊന്നിച്ചു വഹ്നി പിടിപെട്ടു വളർന്നുവെന്നോ!
മിന്നും കതിർക്കനകപിഞ്ഛരികയിട്ടിളക്കി-
ക്കാണിക്കയോ കതിരവൻ പരമിന്ദ്രജാലം! 3

അങ്ങോട്ടു നോക്കുക! ചുവപ്പു, വെളുപ്പു, പച്ച-
യെന്നീനിറങ്ങളിടതിങ്ങിയൊരംബരാന്തം
ചെന്താരുമാമ്പലുമൊരേസമയം വിരിഞ്ഞു-
പൊന്തുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നോ! 4

കല്ലോലമാലകളടിച്ചുടിവിട്ടുയർന്നു
വാരാശിഗുപ്തനവരത്നനികരങ്ങൾ
വാനത്തടിഞ്ഞുടലുടഞ്ഞുതിരുന്നനേരം
ജാജ്വല്യമാനമണിരാശി പരന്നതാമോ! 5

ആദിത്യദീപമെരിയുന്നതു കണ്ടു ചുററും
മോഹിച്ചു ചിത്രശലഭങ്ങളണഞ്ഞതാമോ!
അല്ലെങ്കിലസ്സമയപശ്ചിമമസ്തകത്തിൽ
ഗോമേദകദ്രവപ്പുഴകളിഴഞ്ഞിടുന്നോ! 6

പണ്ടാ'ലിബാബ'യൊരു പാറ തുറന്നനേരം
കണ്ടോരു കാഴ്ചയിതുമാതിരിയായിരിക്കാം!
അപ്പോൾ ദരിദ്രനവനന്നുളവായതായി-
വർണ്ണിച്ചുകേട്ട രസമിങ്ങനുഭൂതമിപ്പോൾ. 7

ലോകൈകശില്പി, രജനീവനിതയ്ക്കു ചാർത്താൻ
നക്ഷത്രമാല പണിചെയ്യുവതിന്നുവേണ്ടി
സൌവർണ്ണപിണ്ഡമുരുക്കിയെടുത്തു നീരിൽ
മുക്കുന്നിതാ തപനമണ്ഡലകൈതവത്താൽ. 8

പാരം പ്രതാപമൊടു യൌവനകാലമെല്ലാം
മാനം കലർന്നനുഭവിച്ചവസാനമിപ്പോൾ
വൈരാഗ്യവും ശമവുമാർന്നു തപസ്സിനർക്ക-
നംഭോധിഭീഷണവനത്തിനകത്തണഞ്ഞു. 9

ചന്ദ്രന്നു വേണ്ടതു കൊടുത്തു നിജപ്രതാപം
ശേഷിച്ചതഗ്നിയിലുമാക്കിയതിന്റെശേഷം
ആശ്വാസമാർന്നു ശമവൃത്തിയെടുത്തു സൂര്യൻ;
ലോകോപകാരരതരിങ്ങിനെതന്നെയല്ലോ. 10

വൻപാമരത്തടികളാ'ത്തറബിക്കടൽ'ക്കാ-
ട്ടുച്ചസ്വരത്തൊടിളകുന്നതിലങ്ങുമിങ്ങും

ഓടിച്ചുഴന്നിട്ടുരുക്കളൊടൊത്തു മത്സ്യ-
നായാട്ടുകാർ കടവിലേക്കു തിരിച്ചുടിച്ചു. 11

ലാവണ്യപുണ്യവതിമാരുടെ മന്ദഹാസ-
ത്തൂവെണ്ണിലാവിലലിയും ചില കാമുകന്മാർ
ഉള്ളിൽക്കിടന്നെരിയുമുൽക്കടകാമവഹ്നി
പൊള്ളിക്കവേ പുകവമിച്ചു നടന്നിടുന്നു. 12

കാമം മദാലസവചോരസമാർന്നലാവും
പൂമേനിമാർചെവിയിലംഗജസിദ്ധമന്ത്രം
ചൊല്ലിക്കൊടുത്തതിനു ദക്ഷിണയായ് വിയർപ്പു-
ഹാരങ്ങൾ വാങ്ങി ‘ഇരു’ശീകരമന്ദവാതം. 13

രക്താംബരപ്പുതുമപൂണ്ടു നിശാകരാസ്യം
കാണിച്ചു പുഞ്ചിരിനിലാവു പൊഴിച്ചു മന്ദം
സന്ധ്യാന്തതാംഗി വരവായതു കണ്ടനേരം
സഞ്ചാരികൾക്കതിസംഭ്രമമങ്കുരിച്ചു. 14

അപ്പോൾ, കടൽപ്പുറമതുല്യപദാർത്ഥമെല്ലാ-
മെത്തും, മൃദുധ്വനികളാലതിരമ്യമായും,
നാനാരസാത്മകര,വൂണ്ടുമുണർന്നു മിന്നീ
സാഹിത്യസാരമവതാരമിയന്നപോലെ. 15

പാശ്ചാത്യപദ്ധതി പിടിച്ചുഴലും ജനത്തെ-
പ്പുച്ഛിച്ചുകൊണ്ടു നിജഗോപ്രസരം പരത്തി
പൂർവ്വാശയാം കമനിതൻതിലകായമാനൻ
പീയൂഷദീധിതി ജനോത്സവമൊത്തുദിച്ചു. 16

നിത്യം തമോജനനിയായ് ജഡഭാവമാന്നും,
മിത്രക്ഷയത്തിനൊരു കാരണമായിരുന്നും,
അത്യന്തമോഹകരിയായുമണഞ്ഞ സന്ധ്യ
സമ്പത്തുപോലെ സഹസാ തിരിയേഗ്ഗമിച്ചു. 17

അംഭോദരാശികളുകന്നമൃതദ്രവത്തി-
ലാമഗ്നമാംബരമകന്മഷമായ്ത്തിളങ്ങി
ആവൃത്തിശൂന്യപദമെത്തുവതിന്നടുത്തോ-
രാത്മ നഃസംഗിയുടെ മാനസമെന്നപോലെ. 18

സർവ്വജ്ഞമൌലിമണിയായെഴുമോഷധീശൻ
തൻകൈകളാൽ തിമിരമാശു ഹരിച്ചുമൂലം
പൂർവ്വാശയാം കമനി പൂണ്ണ വിലാസപൂർവ്വം
പൂവെണ്ണിലാവണിമൃദുസ്മിതമാന്നു മിന്നി. 19

പൌരസ്ത്യസിന്ധുവിലെ വൻതിരമാല തള്ളി
വാനിൽക്കയററിയൊരു വെൺനുരപോലെയായും,
കാററത്തുനിന്നുദയപർവ്വതശൃംഗഭൂവിൽ
പൂക്കൈതതൻപൊടി പറന്നതുപോലെയായും, 20

രാജാവുദിച്ചതു നിനച്ചു മുഷിഞ്ഞ വേഷം
കൈവിട്ടു കൂടിയ ജനാവലിപോലെയായും,
പൂവെണ്ണിലാവൊളി പുരണ്ടുരുവെണ്മ പൂണ്ടും
മിന്നിച്ചുമഞ്ഞ ചെറുകാറുകളുല്ലസിച്ചു. 21
(യുഗ്മകം)

സ്വാഭാവികം മദമിരട്ടി വളത്തിടുന്ന
ചന്ദ്രപ്രഭാരസമകത്തു ചെലുത്തിയപ്പോൾ

പണ്ടേ കിടന്നു പതറിക്കരയോടടിച്ചു
കൂത്താട്ടമംബുധി കവിഞ്ഞലറിക്കളിച്ചു. 22

പാടേ പരന്ന പൊടിവെണ്മണലാം നിലാവു
തട്ടിത്തിളങ്ങി മറിയുന്നതു കണ്ടുവെങ്കിൽ
ഭൂഗർഭവിക്രിയകളാലുടനുൽഗമിച്ച
വെള്ളിത്തടാകമതു നൂതനമെന്നു തോന്നും. 23

ഊഷ്മാവുകൊണ്ടുടലുലഞ്ഞു വലഞ്ഞുപോയു-
മിപ്പോഴിതാ കലകളൊത്തുയരുന്നു ചന്ദ്രൻ;
കാലം ഗുണപ്പെട്ടുകിലേവനുമീവിധത്തി-
ലുണ്ടാകുമുൾക്കുളിരുമുന്നതിയും ക്രമത്തിൽ. 24

ആദ്യം ഗൃഹസ്ഥവടിവാർന്നനുരക്തനായു,-
മാപാണ്ഡുരച്ഛവി മുനീശ്വരവൃത്തിയായും,
കാഷായിതാംബരതയെത്തരസാ വെടിഞ്ഞും
ചന്ദ്രൻ ക്രമത്തിലമൃതാത്മകനായ്ക്കഴിഞ്ഞു. 25

ചന്ദ്രന്റെ രശ്മികളുയർന്നവയോടു ചേർന്നു
മിന്നുന്നു, താഴ്വരയിലായിരുളിന്റെ വാസം;
വേണ്ടുന്നപോലെ ഗുണദോഷമറിഞ്ഞു ദൈവം
ചേരുന്നമട്ടവരവർക്കിടമേകിടുന്നു. 26

ആകാശവീഥിയിലലക്ഷ്യതനുപ്രകാശ-
മോരോന്നനുക്രമമുദിച്ചുഡുരാജി മിന്നി
രാജാവുതൻ വരവുനോക്കി വഴിക്കു നില്ക്കും
രക്ഷാഭടേന്ദ്രരുടെ പൊന്മകുടങ്ങൾപോലെ. 27

ഓളം കളിച്ചിളകുമംബുധി, നല്ല മുല്ല-
പ്പൂവന്നപോലെ പൊഴിയുന്ന നിലാവെളിച്ചം,
നീളെപ്പരന്ന ചെറുകാററിനിയെന്തു വേണ്ടൂ?
സർവ്വേശശക്തിയുടെ സാധുദയാവിലാസം. 28

വിജ്ഞാനശാസ്ത്രവിധിപൂർവ്വകവീക്ഷണങ്ങ-
ളാകാശയാനഗതസൂക്ഷ്മപരീക്ഷണങ്ങൾ
വിദ്യുൽപ്രയോഗമിവയാലുമകപ്പെട്ടുമുദ്രം
ജ്യോതിസ്സമൂഹമിതനാവിലമുജ്ജ്വലിപ്പൂ. 29

വിണ്ണോർത്തുതാൻനടുവിലൊട്ടു വിടർന്നു മിന്നും
പൊന്നാമ്പലക്കുസുമകോരകമാലപോലെ
ഉന്നിദ്രമാമുഡുഗണത്തിലൊരോന്നുമോരോ
ചന്ദ്രാർക്കദുർഗ്ഗജഡഗോളകമായിരിക്കാം. 30

ആത്മീയമായ ഗതികൊണ്ടു മനുഷ്യരോട്ടു
തത്ഭാവിഭാവമറിയിക്കുവതിന്നുവേണ്ടി,
സർവ്വേശ്വരപ്രഹിതദൂതകദംബമാകാ-
മിക്കാണുമുൽഗതമഹസ്സുകളേകദേശം. 31

കീറപ്പഴന്തുടവപോലെ ജഡാ ശരീരം
കൈവിട്ടു സൂക്ഷ്മവുടലേന്തിയ പുണ്യവാന്മാർ
മേലോട്ടുയർന്നമൃതദീധിതിയെപ്പിളന്നു-
പോകുമ്പൊഴീവിധമുദീക്ഷിതരായിരിക്കാം. 32

അല്ലെങ്കിലീശ്വരനമൂല്യമനന്തമാദ്യം
ബ്രഹ്മാണ്ഡഭാണ്ഡമൊരുഭാഗമഴിച്ചു നോക്കി

നോട്ടത്തിന്നൊത്ത ചില കല്ലുകളെത്തെരഞ്ഞു
നീലാംബരോപരി നിരത്തിയതായിരിക്കാം. 33

സപ്തർഷിമാരിവ, രരുന്ധതിയാണിതു, ജ്ഞേ-
താദിത്രിമൂർത്തികളിതു, ബത! വേടനേവം
പേരിട്ടു നാമവരെ വേർതിരിപ്പതോർത്താ
പുച്ഛിച്ചുഡുക്കളിവരിത്ര ചിരിച്ചിടുന്നു! 34

അമ്മാമനമ്പിളി പറഞ്ഞു മുഖനായമൂലം
മാനം വിടാതെ പുലരാൻ പണിയെന്നുറച്ചോ
താരാകുടുംബമിതു ചുറ്റുവതത്ര ശക്തി-
പോരാത്തവർക്കിതു വരാം നിയമപ്രകാരം. 35

എന്തെങ്കിലും പ്രകൃതിസുന്ദരമാ, യലക്ഷ്യ-
ലക്ഷ്മീവിലാസവിഭവത്തിനു പാത്രമായി,
അക്ഷാമധാമമഹിമോന്നതമാം വിശാല-
നക്ഷത്രലോകമപരിജ്ഞതമല്ല നൂനം. 36

ഉന്നീതകേതു, പരിലബ്ധബുധപ്രസംഗം,
സന്നദ്ധശിഷ്യതതി, സമൃദ്ധകവിപ്രകാശം,
ശാസ്ത്രാനുസാരഗതി, സാധുജനാനുകൂലം
നക്ഷത്രമണ്ഡലസഭാലയമെത്ര കേമം! 37

സൂര്യൻ കൊടുത്ത കരശക്തിനിമിത്തമല്ല-
മോജസ്സമൂഹങ്ങളിരുമാറൊന്നുഴമിന്ദുലോകം
കീഴേക്കിടന്നിരുളടിഞ്ഞു തിരിഞ്ഞിടുന്നു;
ജാള്യത്തിനൊത്തതു തുണയിന്നധമത്വമല്ലോ. ൩൮

താരാകദംബമിതു താഴ്ന്നതുയർന്നതിന്റു-
താണെന്നു ഹന്ത! കരുതിക്കവിപുംഗവന്മാർ
താരാധിനായകത ചന്ദ്രനു നൽകിയല്ലോ;
ദൂരത്തു നില്ക്കിലറിയാൻ കഴിയാ യഥാർത്ഥം. 39

എന്നാൽ സമാഹിതമനസ്സോടു വിശ്വരൂപം
നന്നായ് ഗ്രഹിച്ചു പരിശോധന ചെയ്യുതിങ്കൽ
ഇന്നിന്നതിന്നതരമെന്നു തിരിച്ചുരപ്പാൻ
നന്നേ പ്രയാസ;മറിവുള്ളവരും ചുരുക്കം. 40

ആദിത്യനോ ധരണിയോ ഗതി ചെയ്വതെന്നു
വാദിച്ചു വാങ്മഴ പൊഴിപ്പതെളുപ്പമെന്നാൽ,
വാദത്തിനൊത്തൊരു പരീക്ഷ കഴിച്ചു കാര്യം
സാധിക്കയെന്നതു നമുക്കു ഞെരുക്കമല്ലോ. 41

എങ്ങങ്ങുമിങ്ങുമലയുന്ന മനുഷ്യബുദ്ധി?-
യെങ്ങീശ്വരന്റെ കരവൈഭവസാക്ഷി വിശ്വം?
എങ്ങദ്ഭുതം മഹിഷ്ഠ?മെങ്ങു രസാനുസാരി-
സംഗീതയന്ത്രഗളിതാമൃതചാരുഗാനം! 42

ഒന്നും തിരിച്ചറിയുവാനരു,തൊട്ടറിഞ്ഞോ-
രൊന്നും കഥിക്കുകയുമില്ല, കഥിച്ചുവെങ്കിൽ
എല്ലാമസത്യ,മിതുമല്ലതുമല്ല സത്യ-
മെന്നോതു;മിങ്ങിനെ മറഞ്ഞരുളുന്നു തത്വം. 43

ഒന്നുള്ളതാണ,തിനു നാശവുമി,ല്ലതോടു
ചേർന്നെന്നുമുണ്ടൊരു മഹത്തരശക്തി നിൽപൂ.

സത്താകുമാ വലിയ ശക്തി സമസ്തലോക-
വിത്താ,ണതിൽ പ്രകൃതിയാൽ കൃതമിപ്രപഞ്ചം. 44

ആ വമ്പെഴും പ്രകൃതിതൻ പ്രഥമം വികാര-
മോങ്കാരമാം പരിചമായരസാനുമേയം
ആകാശ,മൂഴി, ജല,മഗ്നി, മരുത്തിവയ്ക്കൊ-
രാധാരമത്ഭുതകരം പരമുല്ലസിപ്പൂ. 45

സൃഷ്ടിസ്ഥിതിപ്രളയകാരണമേകതത്വം
വ്യഷ്ടിപ്പെടുന്നതിന്ന വേണ്ട നിദാനമായും,
ഈശന്റെ മൂർത്തികളിലുത്തമമായുമെന്നു-
മെല്ലായിടത്തുമിതു തിങ്ങി നിറഞ്ഞിരിപ്പൂ. 46

ജ്യോതിർഭ്രമത്തിലുളവാമൊലികൊണ്ടിതാദ്യ-
സാഹിത്യഗീതകലകൾക്കുദയം വരുത്തി;
നേരായുദിത്വരമൃദുസ്വരതാളമേള-
ജീവാതുജീവിതസുഖത്തെ വളർത്തിടുന്നു. 47

നാളാ,ഴ്ച, മാസ,മൃതു, വത്സരമെന്നിവററാൽ
കാലവ്യവസ്ഥിതി മുറയ്ക്കു ചമച്ചിതിങ്കൽ
സസ്യാദികൾക്കു രസമേകി ദിനാധിനാഥ-
നോരായിരം കരമിണങ്ങി വിളങ്ങിടുന്നു. 48

ഒന്നാമിതിന്റെ പരിണാമവിശേഷമാണി-
ബ്രഹ്മാണ്ഡ”മെന്നു ചില പണ്ഡിതരുണ്ടുരപ്പൂ;
പക്ഷേ പരപ്പെഴുമതിൻ പരിണാമരീതി
സൂക്ഷിച്ചറിഞ്ഞനുഭവിച്ചവരില്ലൊരാളും. 49

അങ്ങോട്ടു പോകിലതിരില്ല,തിരാകുവോള-
മന്വേഷണത്തിനൊരു മാർഗ്ഗവുമില്ല തെല്ലും;
ഊഹിക്കയോ വലിയ ദുർഘടമാണു; പിന്നെ-
യാകാമതൊക്കെ; വിരമിക്കുകയാണു ഭേദം. 50

ഈവണ്ണം ചിന്തചെയ്തും, നിരുപമഗഗനാ-
ഭോഗമീക്ഷിച്ചുകൊണ്ടും,
പൂവഞ്ചും വെണ്ണിലാവേററിളകിയ പുളകം
പൂണ്ടുമേകാകിയായി
ലാവണ്യക്കോളലച്ചും ജലധിയുടെ കര-
യ്ക്കങ്കിലും ചാരുനേരം
ജീവന്മുക്തൻകണക്കെജ്ജിതവിഷയവികാ-
രാർത്തിയായ് നിന്നുപോയേൻ. 51

മുന്നിൽക്കോളാന്നിരമ്പും ജലനിധി, മുകളിൽ
ചാരുതാരാസമൂഹം
ചിന്നിക്കാണും നഭോമണ്ഡല,മതിന്നു നടു-
ക്കുജ്ജ്വലിക്കുന്ന ചന്ദ്രൻ,
എന്നിസ്സർവ്വേശസൃഷ്ടിക്രമമഹിമ കുറി-
ക്കുന്ന വസ്തുക്കളെല്ലാ-
മൊന്നിച്ചാഹന്ത! കാൺകെക്കരളിടയിലഹം-
ബുദ്ധി നിൽക്കുന്നതാണോ? 52

'ദൈവം മിഥ്യാപ്രവാദം, മനുജനസുലഭമാം
പൌരുഷംതന്നെ സാക്ഷാൽ
കൈവല്യസ്ഥാന'മെന്നിങ്ങിനെ കരുതി മദി-
ച്ചമ്പരന്നമ്പിടുന്നോർ

തീവണ്ടിപ്പാത, കമ്പിപ്പണി, പുതിയ വിമാ-
നങ്ങളെന്നേവമോരോ-
ഭാവത്തിൽ പൌരുഷത്തിന്മഹിമയെ മഹിയിൽ
കണ്ടു കൊണ്ടാടിടുന്നു. 53

വ്യത്യാസം നേരിടാത്തവ്യവസിതി കലരും
വിശ്വയന്ത്രം പ്രവൃത്തി-
പ്രത്യാവൃത്തിപ്രമാണപ്പടി തിരിയുവതി-
ന്നുള്ള സൂത്രങ്ങളെല്ലാം
കൃത്യത്തിൽ ചേൎത്തു പിന്നെ പ്രകൃതിനിയമമി-
ങ്ങേൎപ്പെടുത്തിസ്സൂരികളും
സത്താമാത്രത്തിൻറ സാക്ഷാൽമഹിമയിവർ ധരി-
ക്കാത്തതന്ധത്വമല്ലോ. 54

ഈമട്ടിൽ പൂനിലാപ്പുഞ്ചിരി വിതറി വിള-
ങ്ങുന്ന വെൺതിങ്കളും, വി-
ണ്ണാകെച്ചുററുന്ന താരാഗണവു,മുരുജവം
പൂണ്ടു വീയുന്ന കാററും,
കല്ലോലത്തല്ലിനാലേ പടുപടഹമടി-
ക്കുന്ന വരാശിതാനും
ചൊല്ലീടുന്നെന്തു സർവ്വേശ്വരമഹിമ പുക-
ഴ്ത്തുന്നതൊന്നല്ലയെങ്കിൽ. 55

വീയും കാറേററ പട്ടക്കോടികളിളകവേ
മർമ്മരം പൂണ്ട തെങ്ങിൻ-
തയ്യും തന്നെച്ചമച്ചോരുടയവനെ നിന-
ച്ചുററ മന്ത്രം ജപിപ്പൂ;
പയ്യെത്തൻപക്ഷനാളത്തൊട്ടു കിളികളിതാ
ഭംഗിയാമ്മാറ ഗാനം
ചെയ്യുന്നു; പാർത്തുകണ്ടീടുകിലതുമവിടു-
ത്തേക്കുററിച്ചായിരിക്കും. 56

പാരാവാരം കരേറിക്കരകൾ മുഴവനും
മുക്കി മൂടാത്തതെന്തോ?
താരാവൃന്ദങ്ങൾ തമ്മിൽ സ്വയമുരസി മറി-
ഞ്ഞത്ര വീഴാത്തതെന്തോ?
നേരായാരാഞ്ഞു നോക്കീടുക മദമിയലും
മർത്ത്യരേ! നിങ്ങ,ളെന്നാ-
ലാരാൽ കണ്ടെത്തുമെല്ലാററിനു മുപരി വിള-
ങ്ങുന്ന വിശേഷരൂപം. 57

എന്നു പിന്നെയുമകക്കുരുന്നല-
ഞ്ഞൊന്നുകൂടി നിരൂപിച്ചു നിൽക്കവേ
ചന്ദ്രനസ്തമയമാർന്നു, ഭാസ്കരൻ
വന്നുദിച്ചു ഭുവനം തെളിഞ്ഞുതേ. 58

# ഹാനോവർവംശാവലി

---

വെള്ളംപോലേ പല കരകളും കീഴട-
ക്കിബ്ഭൂരിക്കും
വെള്ളക്കാർതൻ പിറവിനിലമാമിംഗലാ-
ണ്ടെന്ന രാജ്യം
ഉള്ളത്തിങ്കൽ കൗതുകമരുളിക്കേമമാ-
യുല്ലസിപ്പൂ
വെള്ളത്താരിന്മകളുടെ കളിക്കുള്ള പൂ-
ങ്കാവുപോലെ. 1

തണ്ടാർമാതിൻ പതിചിഹ "ട്യൂഡാരാ"ന്വയ-
ത്തിന്റെ പുണ്യം-
കൊണ്ടാനന്ദംപെട്ട "എലിസബെത്ത്"എന്നുപേർ-
കൊണ്ട റാണി
ഉണ്ടായ്വന്നാ;ളവളബലയെന്നാകിലും
തൻബലത്താ-
ലുണ്ടാക്കിത്തീർത്തിതു കൗതുകവും ക്ഷേമവും
നാട്ടുകാരിൽ. 2

പൌരന്മാർതങ്ങടെ ഹിതമറിഞ്ഞീ മഹാ-
രാജ്ഞി താനേ
പൌരസ്ത്യപ്രത്യാസമധികവണിക്സംഘമൊ-
ന്നേർപ്പെടുത്തി
ധീരന്മാരാം ചിലരെ ഭരമേല്പിച്ചു സാ-
മ്രാജ്യസിദ്ധി-
ദ്വാരം കാണിച്ചിതു കവികുലോൽഗീതചാ-
രിത്രവൃത്തി. 3

പാറക്കല്ലിൻപടി പരുപരുത്തുള്ളൊരു-
ള്ളോട്ടുകൂടി-
“ച്ചാറത്സാദ്യൻ” ചപലതമൂത്തക്രമം
ചെയ്കമൂലം
ക്രൂററാകെ പ്രജകളിളകിത്തദ്വധം
ചെയ്തു രണ്ടാം-
“ചാറത്സി”ന്നും ജനതതി പരാഭൂതിയെ-
ച്ചെയ്തിതന്നാൾ. 4

അന്തശ്ഛിദ്രക്കാറകലരുമബ്ദതലം
വൃതമാക്കി-
ച്ചന്തംപോലേ ചതുരമതിയാം “ക്രോംവ”ല-
ല്പം ഭരിച്ചു;
ഹന്ത! ശ്രീമാനവനുമമൃതിപ്പെട്ടു പി-
ന്നെശ്ശമത്തി-
ന്നന്തംവന്നു കലഹകലുഷീഭൂതമായ്-
ത്തീൎന്നു രാജ്യം. 5

ക്രിസ്ത്വാബ്ദത്തിൽ പരമൊരെഴുനൂറേഴോടോ-
രായിരം താ-
നസ്തംതങ്കം തികയുമളവിൽ “ഗ്രേറബ്രി-
ട്ടൻ” സമസ്തം
ശസ്ത്രാചാരക്രമഘടിതമാം പാർല്യമെ-
ണ്ടിന്നു കീഴായ്
ധ്വസ്താരാതിപ്രകരമുദയം ചെയ്തു “ഹാ-
നോവർ”വംശം. 6

ഈ വംശക്കാർക്കഖിലഹിതമാമാധിപ-
ത്യം ലഭിച്ചി-
ട്ടീ വർഷാന്തം സമകളിരുന്നൂററൊമ്പതും
രണ്ടുമായി;
ശ്രീ വദ്ധിച്ചോരിവരുടെ കുലത്തിന്നൊരുത്ത-
ന്നായിരുന്നു
ദേവശ്രേഷ്ഠപ്രതിമഭുജനാമാദിമൻ
"ജോർജ്ജ്" ഭൂപൻ. 7

ശീലം നന്നാകിലുമരചനോട്ടൽപതി-
ണ്ണപ്രിയത്വം-
മൂലം യാഥാസ്ഥിതജനതമെത്തിരെ മ-
ല്ലിട്ടു; പക്ഷേ
മൂലത്തോടേ നൃവരനവരെസ്സംഹരി-
ച്ചെപ്പെട്ടത്തി
കാലത്തിന്നൊത്തൊരു പൊതുജനാഹാരമാ-
പ്പാർല്യമെണ്ടിൽ. 8

അക്കാലത്തിൽ സ്പെയിനിലെ നൃപൻരാജ്യലോ-
ഭംനിമിത്തം
ഖക്കാണിക്കാൻ വളരെ ബലമൊത്തെത്തിയെ-
ന്നാകിലുന്താൻ
ദിക്കാലാദ്യസ്ഥിതികളെയറിഞ്ഞീതറൊരിം-
ഗ്ലീഷുകാരോ-
ടൊക്കാത്തുള്ളിൽ ത്രപയുമഴലും പൂണ്ടുടൻ
പിന്തിരിച്ചാൻ. 9

ഈമട്ടീമന്നവമണി പതിമ്മൂന്നുകൊ-
ല്ലം സമിദ്ധ-
ക്ഷേമം സമ്പൽസ്സഹിതമഴലില്ലാതെ രാ-
ജ്യം ഭരിച്ചു;
സോമശ്രീമാൻ തദനു നൃപനായ്വാണു ര-
ണ്ടാമനാം "ജോർ-
ജ്ജോ"മൽപൃമാതിവനൊരു കളിത്തോഴിപോ-
ലായിരുന്നു. 10

സ്പാനിഷ് കാരാസ്ത്രിയരതുലരാം "ഫ്രഞ്ച്"കാ-
രിപ്പുറഞ്ഞോർ
മാനിതപത്തോടടർപൊരുതിയന്നാംഗല-
ക്കാധി നൽകി,
ഗൌനിക്കാനില്ലതു; പകരമായ് ഫ്രഞ്ചുകാ-
രെ ക്ഷണത്തിൽ-
ത്താനിന്ത്യാന്തസ്സമരവിധിയാൽ താഴ്ത്തിനാ-
രാംഗലന്മാർ. 11

രണ്ടാം ജോർജ്ജിങ്ങിനെ ധരണിയെക്കാത്തു മു-
പ്പത്തിമൂന്നാ-
മാണ്ടാവോളം പുനരരചനായ് ജോർജ്ജഭി-
ഖ്യൻ തൃതീയൻ
പണ്ടാംഗ്ലേയക്കധിഗതമമേരിക്കയാം
രാജ്യമന്നാ-
ളുണ്ടായ്വന്നോരടരിലവിടെപ്പാക്കുവോർ-
കൈക്കലാക്കി. 12

വീരക്കെല്ലാമണിമകുടമായൂഴിയൊ-
ക്കെ പിടിപ്പാ-
നാരംഭിച്ചോരമിതബലമൊത്തുള്ള "നെ-
പ്പോളിയൻ"ഖ്യൻ
വൈരം മൂത്തീനൃപതിയൊടെതിർത്തെങ്കിലും
ധീരരിംഗ്ലീഷ്-
കാരാശ്ശേലാരാക്രമിയുടെ മദം തീർത്തു ബ-
ന്ധനത്തിലാക്കി. 13

പോരിൽദ്രവ്യച്ചിലവധികമായ് പോകയാ-
ലാകമാനം
ദാരിദ്ര്യം മൂത്തൊരുപടി കടംപെട്ടു ബ്രി-
ട്ടീഷിനന്നാൾ;
പേരിന്നല്ലോ ധനം; മറ്റു ലഭിക്കേണമ-
ല്ലാതെ മർത്ത്യൻ
പാരിൽ ജീവിക്കരുതു 'നിധി കാക്കുന്ന ഭൂ-
തം കണക്കേ'. 14

നാലാം ജോർജ്ജാമവനിപനടൻ പത്തുട-
ന്നു പിതാവെ-
ച്ചെലാന്നായാളുലകിതു ഭരിച്ചീടിനാൻ
പത്തുകൊല്ലം;
ശീലാകാരപ്രതിഭകളിണങ്ങീടുവോൻ
ശിഷ്ടവന്ദ്യൻ
നാലാം വില്യം തദനു നൃപനായ് വാണിത-
ങ്ങേഴു കൊല്ലം. 15

ചട്ടം നിൎമ്മിച്ചവനഗതികൾക്കൊക്കയും
രക്ഷ നൽകി,—
ല്പൊട്ടന്മാരാമടിമകളെ വിൽക്കുന്ന ച—
ട്ടം നിരത്തി,
ചിട്ടയ്ക്കാക്കീ നഗരഭരണം, ക്ഷാമരോ—
ഗാദിയെല്ലാം
വിട്ടക്കാലം ജനത മനതാരിങ്കലാ—
നന്ദമാൎന്നു. 16

കല്യശ്രീയും കരളിനലിവും കാന്തിയും
ചേൎന്ന നാലാം—
വില്യം വീരാഗ്രണി വിധിവശാലന്തരി—
ച്ചോരുശേഷം
ശല്യം കൂടാതധിപതിപദം പ്രാപ്തയായ്
പ്രാപ്തിമൂലം
തുല്യത്വം വിട്ടൊരു ഗുണവതീ റാണി "വി—
ക്ടോറിയാ"ഖ്യ. 17

ക്ഷാമാപേതം ക്ഷമയെ മുഴുവൻ കാക്കുവാൻ
വന്ന സാക്ഷാൽ
പൂമാതാകാംപരിചു പുരുപുണ്യങ്ങളാൽ
പൂൎണ്ണയായി
സാമാന്യം വിട്ടൊരു കരുണപൂണ്ടിജ്ജന—
ങ്ങൾക്കശേഷം
കാമാവാപ്തിക്കമരതരുവായ്പ്പാണതീ—
റാണിയല്ലോ. 18

സേനാക്ഷോഭം സമരമിവകൊണ്ടാകുല-
പ്പെട്ടുഴന്നോ-
രീ നാടിന്ത്യാഭിധമധിപരാം കമ്പനി-
ക്കാരിൽനിന്നും
താനായ്ത്തേറ്റലിവൊടു രേിച്ചത്ര വാ-
ഴുന്നവർക്ക-
ന്യൂനാനന്ദപ്പുളുമ്പ പുതുതായ് ചേർത്തതീ-
റാണിയത്രേ. 19

കൊണ്ടാടീ ജൂബിലിമഹമഹംഭാവമ-
റ്റാദരിച്ചും-
കൊണ്ടാടീ തൽപ്രജകളതിനെക്കൊണ്ടുയ-
ർത്തി പ്പുകഴ്ത്തി
"വണ്ടാർവേണീമണി വളരെനാൾ വാഴ-
ണേ ദൈവമേ" എ-
ന്നുണ്ടായ്വന്നു വളരൊലി ഗുണോപേതസം-
ഗീതസാന്ദ്രം. 20

ഈമട്ടെല്ലാവരിലുമനുകമ്പാമൃതം
പെയ്യുനല്പ-
മേപ്രം നാലും പുനരറുപതും കൊല്ലമു-
ല്ലാസമോടേ
കേമന്മാരാം നൃപതികളിരുന്നോരു സിം-
ഹാസനത്തിൽ
കാമംപോലേ വിലസിന മഹാറാണി തീ-
ർപ്പെട്ടു കഷ്ടം! 21

"ഏഴാമെഡ്വർഡ്"മലഹൃദയൻ രാജ്ഞിത-
ന്നാജ്ഞ തെല്ലും
പാഴാക്കാതേ പരഹിതപരൻ പത്തുകൊ-
ല്ലം ഭരിച്ചു;
കേഴാനന്നാളൊരു നരനുമില്ലിത്ര ന-
ന്നായി രാജ്യം
വാഴാൻ ഭാഗ്യം വല്ലരെ നൃവരന്മാക്കു സി-
ദ്ധിച്ചതില്ല. 22

തപ്പാതെഡ്വർഡരചതനയൻ "പഞ്ചമൻ
ജോർജ്ജ്"താനി-
ന്നിപ്പാരിന്നുള്ളധിപനവിടുന്നിന്ത്യയിൽ-
ചക്രവർത്തി;
തൃപ്പാദത്തിൽ പണിയുക മഹാലോക-
രേ! നിങ്ങളെന്നാ-
ലപ്പാലാഴിപ്പുകളെഴമിളാവല്ലഭൻ-
നല്ലതേകും. 23

പാരിന്നാഥൻ പടുമതി പരിപൂർണ്ണലാ-
വണ്യപൂരൻ
നാരീശ്രേണിക്കണിതിലകമാം മേരിയെ-
ത്തന്നെ വേട്ടാൻ;
ചാരിത്രത്തെച്ചെറതു പിഴക്കൂടാതെ ദീ-
ക്ഷിച്ചപോരു-
ന്നോരിക്ഷ്മാഭൽകുലകലികയെക്കണ്ടു കൂ-
പ്പേണ്ടതത്രേ. 24

ആയുസ്സാരോഗ്യവുമഭിജനമൈശ്വൎയ്യം
നല്ല പുത്ര-
ശ്രീയുംകൂടിസ്സുമതിസ്വരൂപനും മേരിയാം
റാണിയാളും
ഈയുള്ളോരിൽ കൃപയുമതിവാത്സല്യവും
പൂണ്ടു നോക്കാ-
നായുന്മേഷത്തികവൊടു ജയിക്കേണമാ-
ചന്ദ്രതാരം. 25

---

# ദുർഗ്ഗാഷ്ടകം

---

സകലയോഗിജനത്തിനുമുൾഭ്രമ-
ത്തികവു തീർത്തൊരു നിൻപദപങ്കജം
അകമലർക്കകമാക്കി വരുന്നു രാ-
പ്പകലിവൻ കലിവന്മലനാശിനി! 1

ചിരമിവൻ ഭവസിന്ധുവിലാർത്തിയാം
തിരയടിപ്പിലലഞ്ഞുലയുംവിധൌ
ത്വരമെഴും തവ സൽകൃപ തോണിയാ-
യ്വരണമേ രണമേദുരവിക്രമേ! 2

ഭവമനോദയിതേ! പല കഷ്ടസം-
ഭവമണച്ചണയും ഗദതസ്കരൻ
അവരതം പ്രതിഭാമുതലിന്നി മേ
കവരുവാൻ വരുവാനിടയാക്കൊലാ. 3

അകമഴിഞ്ഞഘനാശിനി! നീ കൃപാ-
മികവെഴും കടനോട്ടമുതിർക്കുകിൽ
വികടബുദ്ധി വിളഞ്ഞൊരു വിഡ്ഢിയും
സുകവിയാം, കവിയാമവനാരിലും. 4

ഭുവനവാസിജനം തലയാട്ടിടും
കവനരീതികളുണ്ടു മഹേശ്വരി!
അവ നമുക്കണവാനടി കുമ്പിടാ-
മിവനജേ! വനജേക്ഷണവന്ദിതേ! 5

തവ രമേശവിധാതൃമുഖാമര-
പ്രവരമേദുരമാനസഹാസികേ!
സുവരമേകുവതിന്നിവനമ്പെഴും
ശിവരമേ! വരമേനി വണങ്ങുവൻ. 6

വികൃതിവിട്ടു ഭവൽപദസേവകം-
പ്രകൃതിയായ് കൃതിയായ് ചതിയററിവൻ
സ്വകൃതപാപമൊഴിക്കുകിലീശസൽ-
സുകൃതമേ! കൃതമേതുമഹോ മയാ. 7

വിമലമാമലമാനിനി! ബാലനാം
മമ ഹിതം മഹിതന്നിൽ വിളങ്ങുവാൻ
എനി ഭവാനി! ഭവാബ്ധിസിന്ധുതൻ
സുതരണം തരണം തവ നോക്കുകൾ. 8

# ചില നീതിസാരങ്ങൾ

മന്ദരാം ബാലകന്മാരേ! ദുർന്നയപ്പനി മാറവാൻ
നീതിസാരം കഷായത്തെബ്ബാധിയാതുള്ളിലാക്കുവിൻ. 1

സ്വാദം വിദ്ധ്യദുഃഖമെന്നോ ദുർല്ലഭമൌഷധം
പത്ഥ്യമില്ലാതെ സേവിക്കിൽ മിത്ഥ്യയാമെന്നുമോർക്കുവിൻ. 2

സത്യമില്ലാത്ത നരനും പത്ഥ്യമില്ലാത്ത രോഗിയും
കൃത്യമില്ലാത്ത രാജാവും ചത്തതിന്നൊത്തിടും ദൃഢം. 3

ആകാരംകൊണ്ടു നിസ്സാരനാകാ വിദ്ധ്വമെഴുന്നവൻ;
ചെറുതാം മുളകെന്നാലുമെരുവോർത്താൽ സഹിക്കുമോ. 4

മോടികാണാഞ്ഞു നിന്ദിക്കാൻ പാടില്ലാരെയുമോർക്കുകിൽ;
കീറക്കോട്ടിട്ട ദേഹത്തിലേറെബ്ബുദ്ധിക്കിരുന്നിടാം. 5

വഷളാം വർണ്ണവും തെല്ലും വഷളാക്കില്ല യോഗ്യനെ;
കറുത്ത് കുയിൽ പാടുമ്പോളൊരുത്തൻ ചെവിപൊത്തുമോ.

മറഞ്ഞീടാ ഗുണം പാരം നിറഞ്ഞാൽ, പഴിവാക്കിനാൽ
മുണ്ടിട്ടു മൂടിയാലും തീ കണ്ടിടും കത്തിടുംവിധൌ. 7

സത്തുക്കളെദ്ദുഷിച്ചാലാമർത്ത്യനേ ചീത്തയായ്വരൂ;
കനൽ വാരിയെറിഞ്ഞാകിൽ കരമന്ന്യന്നു പൊള്ളുമോ? 8

പരിഷ്കാരം വരുന്നേരം പരിചോടാന്ധ്യമാറിടും;
സൂര്യൻതാനുദയം ചേരുന്നേരത്തിങ്ങിരുൾനിൽക്കുമോ? 9

ആകാരൈകപരിഷ്ക്കാരമാകാ നന്മ വരുത്തുവാൻ;
ജടയും താടിയും വെച്ച വിടനും യോഗിയാകുമോ? 10

ദരിദ്രസ്സിശ്ശുദ്ധനെക്കൂടിസ്സാരമില്ലെന്നു വെക്കൊലാ;
സ്നേഹിതക്കല്ലിനോടൊക്കാ "കോഹിനോ"രെന്ന രത്നവും.

ഇഷ്ടനിൽക്കാട്ടിടും സ്നേഹം, ശിഷ്ടനാണവനെങ്കിലോ,
കുട്ടക്കായ സമുദ്രത്തെക്കടത്തും കപ്പലായ്വരും. 12

ഖലമിത്രങ്ങളോടൊക്കും നിലയാൽ സത്തു ചീത്തയാം;
ജലധിക്കെത്തുകിൽ ഗംഗാജലം കൂടിപ്പുളിക്കുമേ. 13

പരോപകാരം ചെയ്യാതെ നരോത്തമത വന്നിടാ;
പുല്ലും പരോപകാരത്തെത്തല്ലു ചെയ്യുന്നതില്ലയോ? 14

പരോപകാരം ചെയ്യാതെ പണം വെക്കുന്ന മർത്ത്യനിൽ
പരം ധന്യതരം ഭൂവിവരൻതന്റെ ഖജാനയാം. 15

കോട്ടും, ഷർട്ടും, കാലുറയും, ബൂട്ടുസ്സും ഭൂഷയല്ലെടോ;
നല്ല വിദ്യാവിഭൂഷയ്ക്കു തുല്യമല്ലവയൊന്നുമേ. 16

ധനമുണ്ടെങ്കിലും വിദ്യാധനമില്ലാത്തവൻ പശു;
കണ്ണാടി, രസമില്ലെങ്കിൽ കണ്ണാലാരൊന്നു നോക്കിടും? 17

പെണ്ണുങ്ങളാകിലും വിദ്യാപുണ്യത്താൽ ചീത്തയായ്വരാ;
വെണ്ണ തിന്നോരുമൂലം തൻവണ്ണമാക്കും കുറഞ്ഞിടാ. 18

സ്ത്രീവിദ്യാഭ്യാസമില്ലെങ്കിൽ ഭൂവിലാക്കും ഗുണം വരാ;
വിളഭൂമി നനയ്ക്കാതെ വിള താനേ കിളുക്കുമോ? 19

നന്നല്ല വിദ്യയില്ലെങ്കിൽ സൌന്ദൎയ്യം ചേൎന്ന നാരിയും;
പാലൊഴിക്കാതെ പായസ്സം ചേലില്ല മധുരിക്കിലും. 20

ഉണ്ടെങ്കിലും വിദ്യ മൂടിക്കൊണ്ടു വെക്കുന്നതാം ഗുണം;
സൂക്ഷ്മനെഗ്രഹണത്തിങ്കൽ പാരം നോക്കുന്നതേ ജനം. 21

പണമുണ്ടെങ്കിലും വിദ്യാഗുണമില്ലാതെ വന്നിടാം;
മണക്കുമോ മുരിക്കിൻപൂവ്വണ്ണം വൎണ്ണകശോഭയാൽ. 22

ദുഷ്ടരോടിടപെട്ടാകിൽ ശിഷ്ടൎക്കും മട്ടു മാറിടും;
മിന്നും രസം കലൎന്നാകിൽ പൊന്നും രജതവൎണ്ണമാം. 23

ഖലൻ പ്രകൃതികാട്ടീടും നില നന്നാക്കിവെക്കിലും;
ചൊറിയും തുവ്വ തൊട്ടാകിൽ തറകെട്ടി നനക്കിലും. 24

ദുഷ്ടനെന്തു നടിച്ചാലും ശിഷ്ടനായെന്നുമേ വരാ;
ഒട്ടിച്ചു മീശവെച്ചാലും പട്ടിതാൻ സിംഹമാകുമോ? 25

ദുഷ്ടരോടുപദേശിച്ചാൽ കഷ്ടമേ മിഥ്യയാമതു;
പോത്തിൻ ചെകിട്ടിൽ സംഗീതം വിസ്തരിച്ചിട്ടു കിം ഫലം?

അടിയും ജലസംഗത്താലിട്ടിയും ദുഗ്ദ്ധബുദ്ധിയും;
വടിവോടിഹ ദൃഷ്ടാന്തം തടിനീതടമാവൃതം. 27

ധൂൎത്തനും പണമില്ലെങ്കിലാൎത്തനായ് കീഴടങ്ങിടും;
വമ്പാമ്പും പൽപറിച്ചാകിൽ പാമ്പാട്ടിക്കുടിമപ്പെടും. 28

മൂഢൻ ദുഷ്ടനുമായെങ്കിൽ ബോധം തൽക്രിയ ദുസ്സഹം;
കുരങ്ങിൻകഥ ചൊല്ലാമോ മരനീരും ചെലുത്തുകിൽ? 29

ദുഷ്ടൻ ഹിതോപദേശംകൊണ്ടൊട്ടും പശ്ചാത്തപിച്ചിടാ;
പൊട്ടൻ പീരങ്കിവെച്ചാലും ഞെട്ടുവാൻ പണിയല്ലയോ?

വിശ്വസ്തനാകിലും ദുഷ്ടനൊടുവിൽ ചതി ചെയ്തിടും;
പുളിക്കാതാകുമോ മാവിൻഫലമണ്ടിക്കെട്ടുകിൽ? 31

അശ്ശൈശവത്തിൽ തീക്കായ്കിൽ ദുശ്ശീലം മാറുവാൻപണി,
വളർന്ന വന്മരം നുള്ളാനെളുതാമോ നഖത്തിനാൽ? 32

ക്രൂരന്നു മുതലുംകൂടിയുണ്ടാരിക്കുന്നതു ദുസ്സഹം;
കണ്ണുണ്ട കുരുടിക്കെങ്കിലെണ്ണന്നിന്നാടു വെക്കുമോ? 33

കീർത്തിയേറുന്ന മർത്ത്യനും പാർത്തീടിൽ ദുർഗ്ഗുണം വരും;
വെളിച്ചം ചുറ്റുമേകുന്ന വിളക്കിൻചോട്ടിലുണ്ടിരുൾ. 34

വിലപോകുന്ന യോഗ്യനും ഖലരോടിടചേരുകിൽ;
വൈരക്കല്ലും കരിഞ്ഞീടും സ്വൈരം തിയ്യിലിട്ടിടുംവിധൌ.

വിദ്യയാൽ കേമനെന്നാലും മദ്യപൻ തള്ളിടേണ്ടവൻ;
നഞ്ഞിട്ടാൽ പാലൊഴിച്ചുള്ള കഞ്ഞിയും നാം കുടിക്കുമോ?

കവിയും മദ്യപാനത്താൽ കവിയും മാന്യനായ്വരാ;
ഒന്നായുള്ളു പുഴുത്താകിൽ തിന്നാമോ നല്ല മാങ്ങയും? 37

അസമ്മാന്യം, മദ്യപൻതൻപ്രസംഗം കേമമെങ്കിലും;
പാലുപ്പു ചേർത്ത താനാകിൽ നാലു തുള്ളി കുടിക്കുമോ? 38

സ്ഥാനിയെന്നാകിലും മദ്യപാനി നിന്ദിച്ചിടേണ്ടവൻ;
ഫലംനല്ലതു പാഷാണം കലർന്നാലതു തിന്നുമോ? 39

ചുകന്നതെങ്കിലും മദ്യം നുകർന്നാലടിയറവപോം;
വേശ്യച്ചെഞ്ചൊടിയെപ്പോലെ നിശ്ചയം വിഷമാമിദം. 40

ധൈര്യോത്സാഹങ്ങളാമിന്നൈശപ്യോപാദാനകാരണം;
തോല്പിച്ചീടുന്നിതിതിനാൽ ജാപ്പാൻ വലിയ റഷ്യയെ. 41

ബലമില്ലാത്തവൻ തോല്ക്കും ബലവാനോടെതൃക്കുകിൽ;
മലതന്മേലെറിഞ്ഞുള്ള കലം പൊട്ടാതിരിക്കുമോ? 42

കുടുക്കിൽ പെടുകിൽ കാണാം കുടുംധീരന്റെ ധീരത;
പൊരുത്തമുള്ള വൈരക്കല്ലിരുട്ടത്തേറെ മിന്നുമേ. 43

ഒന്നുകൊണ്ടും ചലിച്ചീടാ നന്നെഗ്ഗംഭീരരായവർ;
മഴയും വെള്ളമേറിട്ടുമാഴിതൻനിലയൊന്നു താൻ. 44

കവിതായുക്തയല്ലെങ്കിൽ ഭുവി വിദ്യ വിളങ്ങിടാ;
സദ്യ പപ്പടമില്ലെങ്കിൽ ഹൃദ്യമായി വരുന്നിതോ? 45

ദുഷ്ടാവ്യം തീൎത്തു തൻകീൎത്തി പൊക്കാനായിശ്രമിപ്പതിൽ
സൎക്കാരിനോടു രാജശ്രീകക്കാൻ നോക്കുന്നതാം ഗുണം. 46

ഉരസ്ക്കുരുത്തു കർണ്ണത്തിൽ തറയ്ക്കാനുതകും വാക്കുകൾ;
കരടത്തിൻ സ്വനം കേൾക്കും നരനാരു വെറുത്തിടാ? 47

മധുരം വാക്കു ചൊല്ലീടിൽ സാധുസമ്മാന്യനായിടാം;
ഫിഡിൽ നന്നായി വായിച്ചാൽ മെഡിലാക്കും ലഭിക്കുമേ.

ഉദ്യോഗതിമിരം വന്നാൽ സദ്യ്ക്കോട്ടു കുറഞ്ഞുപോം;
ആപൽഗുളികതേച്ചാകിലാപത്തറവ സ്വപ്പെട്ടും. 49

യോഗം മാത്രം പ്രമാണിച്ചുദ്യോഗം ചെയ്യാതിരിക്കൊലാ;
മാവിൻചോട്ടിൽ കിടന്നാലും മാങ്ങ വായിൽ പതിക്കുമോ?

മന്ത്രം മാത്രം പ്രമാണിച്ചു തന്ത്രം തീരെ ത്യജിക്കൊലാ;
പഞ്ചാക്ഷരം ജപിച്ചാലും പച്ച കുത്താതിരിക്കുമോ? 51

'സെക്കൻഡും' സാരമില്ലെന്നു വെക്കവേണ്ട കിടാങ്ങളേ!
വെള്ളത്തുള്ളികളേറെച്ചേൎന്നുള്ളതല്ലേ സമുദ്രവും? 52

ഉള്ളം മൂടാതിരുന്നീടിൽ കള്ളക്കൂട്ടം ചതിച്ചിടും;
വേലിയില്ലെങ്കിൽ വിളയെക്കാലി തിന്നാതിരിക്കുമോ? 53

ജാതിസ്വഭാവം കാണിക്കുമേതുമട്ടാന്ന വസ്തുവും;
തങ്കസ്സൂചി തറച്ചാലും തങ്കെ നോവാതിരിക്കുമോ? 54

ബുദ്ധിയുള്ളവനും യോഗാൽ ബുദ്ധിമുട്ടുകളെത്തിടും;
പടിയുന്നിതു പാൎത്താലിടിതെററുകിലാനയും. 55

മുമ്പിൽ ചവൎക്കും, പിന്നീട്ടു വമ്പിച്ച മധുരം തരും
മുതുനെല്ലിക്കയെപ്പോലെ ചത്തുരം മൂത്തവർമൊഴി. 56

ബുദ്ധിവെച്ചാൽപഠിത്തത്തിൽ ശ്രദ്ധിയാതെയിരിക്കൊലാ;
ആവിയില്ലാതെ തീവണ്ടി പോവില്ലെന്നു ധരിക്കണം. 57

മടി വന്നുള്ളിലേറീടിലുടയും തൻപഠിപ്പുകൾ;
തുള വന്നാൽ കുടം ചോൎന്നു ജലംപോകാതിരിക്കുമോ? 58

അസ്സൂശങ്കം യഥാലാഭം പുസ്തകം ശേഖരിക്കണം;
അതററോരറയും, ജീവൻ പോയമേനിയുമൊന്നുപോൽ. 59

മോഹം വൎദ്ധിക്കിലും തന്റെ സാഹസത്തെയൊഴിക്കണം;
കിണററിൽ ചാടിട്ടുംപോലെ നിനസ്ഥിൽ കയറാവതോ? 60

ഉടൻ കാൎയ്യം ലഭിച്ചീടാനുടയ്ക്കരുതു തൻതടി;
താമ്പിട്ടാത്തു മരിച്ചിട്ടു മീമ്പിടിക്കുന്നതാക്കുവാൻ? 61

കൃപണൻ ധനിയായാകിലപരക്കില്ലഹോ ഗുണം;
ആടിന്നു രോമമുണ്ടായിട്ടമ്പിട്ടന്നെന്തു ലാഭമാം? 62

കൃപണൻ സ്വസുഖത്തിന്നുമുപയോഗിച്ചിടാ ധനം,
ഗോമായുവിൻവശം പെട്ടോരാമയെപ്പോലെവെച്ചിടും. 63

ദരിദ്രന്റെ മഹാദുഃഖം ധരിക്കുന്നില്ല വിത്തവാൻ;
വെള്ളത്തിലുള്ള മണ്ഡൂകം ദാഹക്ലേശം ധരിക്കുമോ? 64

ചിലവിന്നു കണ്ടുക്കററ ഖലൻതൻ ഭൂതി നിഷ്ഫലം;
കുരങ്ങന്നണിവാനായിബ്ഭൂരമേല്പിച്ച മാലപോൽ. 65

പരം ഭവാബ്ധിക്കരയാം പരലോകേ സുഖിക്കുവാൻ
മൎത്ത്യനാഗ്രഹമുണ്ടെങ്കിൽ സത്യക്കപ്പലിലേറണം. 66

ക്രോധമില്ലായ്കിലൊട്ടാപൽബാധയും നീങ്ങിവന്നിടും;
ഭാൎയ്യയില്ലാത്തവൻ കച്ചക്കാൎയ്യമോൎത്തേണ്ടതാകുമോ? 67

ലോകത്തിലേതു ജാതിക്കും "ഐകമത്യം മഹാബലം";
പുല്ലുറെച്ചേൎന്ന് കയറിട്ടിട്ടല്ലേ കെട്ടുന്നതാനയെ? 68

നന്നെ നിസ്സാരമായാലുമന്യദ്രവ്യമെടുക്കൊലാ;
ഇന്നു ചുണ്ടങ്ങ കട്ടാൽ കൈ പൊന്നു നാളെക്കവൎന്നിടും. 69

കട്ടുവെന്നാകിലാക്കള്ളക്കൂട്ടി ശിക്ഷക്കു പാത്രമാം;
പൊള്ളിടാതാകുമോ വന്തീക്കൊള്ളി മേലിട്ടുരച്ചുകിൽ? 70

വേശിപ്പെണ്ണൊടിയിൽത്തെല്ലുമാശിക്കരുതു ബുദ്ധിമാൻ;
പങ്കത്തിൽ ചേൎത്ത പാഷാണമൊക്കുംതത്സുധയോടിഹ. 71

തനുഹാനി വരുത്തുന്നു തനുവാം രാഗഭംഗവും;
ചെറുതാം പുഴ വാട്ടുന്നു പെരുംവൃക്ഷച്ചെടിയും ക്രമാൽ. 72

ചാരുവാക്കാകിലും നാരി ചേൎകിൽ ചതിചെയ്തിടും;
മിന്നുന്ന പാമ്പുമങ്ങോട്ടു ചെന്നുതൊട്ടാൽ കടിക്കുമേ. 73

പുരുഷൻ ധൂൎത്തനായ്ത്തീൎന്നാലൊരു പെണ്ണതു നിൎത്തുമോ?
വേലിതാൻ വിളതിന്നുമ്പോൾ പാലിക്കുന്നതു കാലിയോ?

സ്ഥാനമാഹാത്മ്യമൂലത്താൽ ഹീനവും നല്ലതായ്വരും;
മൃക്കുന്തലും നൃപാലന്റെ പക്കലെങ്കിൽ സുവൎണ്ണമാം. 75

രാജസേവ ലഭിക്കേണമീജഗത്തിൽ സുഖിക്കുവാൻ;
ആകയാലതിനായ്വേണ്ടും പാകത്തെപ്പാൎക്കയാമിനി. 76

ഏവൎക്കും കാണുവാൻ തക്ക ദൈവം രാജാവുതാൻ ദൃഢം;
കൈവരും സൎവ്വമീരാജസേവയാൽ മോക്ഷമെന്നിയേ. 77

എങ്കിലും ബുദ്ധിയുള്ളോനല്ലെങ്കിലാപത്തണഞ്ഞുപോം;
യോഗികൾക്കും പ്രയാസം ഭൂഭോഗിസേവാസമാധികൾ. 78

ചാട്ടവും പ്രാണിഘട്ടത്തിലിഷ്ടവും ചേൎന്ന ഭൂപരെ
പാട്ടിലാക്കുക വേതാളദൃഷ്ടിമത്ക്കുന്നരിൽപണി. 79

രാജാവിൻ പള്ളിയറയിൽ സൂചിപ്പിക്കാതെ ചെല്ലൊലാ;
ക്ഷുബ്ധഭൂപപ്രവാഹങ്ങൾ വീഴ്ത്തീടും വേരുറയ്ക്കിലും. 80

ഭൂജാനിക്കിഷ്ടനെന്നോർത്തു രാജാംശങ്ങൾ ധരിക്കൊലാ;
നാളെയ്ക്കു നാളേ മാറുന്നു നാളും ഭൂപൻെറ ചിത്തവും. 81

കവിഞ്ഞു ശങ്കയില്ലാതെ സേവിച്ചിടൊല്ല ഭൂപനെ;
ഹരി കണ്ണമമർത്തുമ്പോൾ ചിരിചെയ്യുന്നതാരുവാൻ? 82

സൂരി താനെന്നു ചൊല്ലൊല്ല പാരം വേഗത്തിലിമ്മൊഴി
നൽത്തോട്ടിയെഗ്ഗജംപോലെ മത്തഭൂപൻ സഹിച്ചിടാ. 83

കൂപം ചാടുന്നതിന്നൊക്കും ഭൂപരെസ്സേവചെയ്യുക;
ബത താൻ തെറ്റുകിൽ ചാവും; സ്മിതംമാത്രമനുഗ്രഹം. 84

നേരിട്ടാകിൽ ദഹിപ്പിക്കും, ചാരത്താകിൽ പിണഞ്ഞിടും,
സൂരികൾപിന്നിൽ നിന്നാകിൽ, പാരം ഭോഗികളാം നൃപർ.

ഓഘിയുംസേവ, കല്പിച്ചാൽ ച്ചെയ്തിട്ടുണ്ടെന്നു ചൊല്ലിയും,
ചിത്താനുവർത്തനംചെയ്തും വർത്തിച്ചാൽ ഭൂപനിഷ്ടനാം. 86

ദൈവവിശ്വാസമില്ലെങ്കിൽ കൈവരാ കാര്യമൊന്നുമേ;
ആയുധംതന്നെയില്ലെങ്കിലാ യുദ്ധത്തിൽ ജയിക്കുമോ? 87

ക്രിസ്തു, ജൈനൻ, നിബി, ശിവൻ, ബുദ്ധനെന്നു വിളിപ്പവർ
ഒത്തുനോക്കുന്നനേരത്തിൽ ചിത്തുതൻവകഭേദമാം. 83

വണ്ടിച്ചക്രത്തിലുള്ളച്ചുതണ്ടിൻകൂട്ടങ്ങളെന്നപോൽ
ഒന്നാണിവർക്കെഴും മൂലം പിന്നെബ്ഭേദിച്ചതായവരും. 89

മതമൊക്കയുമീശന്നു ഹിതമേകഫലപ്രദം;
ശൎക്കരക്കുള്ള ഭാഗത്തിനൊക്കെ മാധുൎയ്യമില്ലയോ? 90

ഞാനെന്നുള്ളോരഹംഭാവം ജ്ഞാനംവന്നാലൊഴിഞ്ഞുപോം;
മാനത്തു സൂൎയ്യനെക്കണ്ടാൽത്താനങ്ങിരുൾ നശിക്കുമേ. 91

ജ്ഞാനമുള്ളിൽ വിളങ്ങീടിൽ നൂനമജ്ഞത തീൎന്നിടും;
അപ്പഞ്ഞിമല വൻകാട്ടുതീപ്പിടിച്ചാൽ കരിഞ്ഞുപോം. 92

ലോകം സൎവ്വവുമോൎക്കുമ്പോളേകമാം ബ്രഹ്മമായ്വരും;
പൊന്നുതാൻ കടകം മോട്ടാ മിന്നും ഖണ്ഡങ്ങളൊക്കയും. 93

കാണും വിശ്വമതിന്നുള്ളിൽത്താനെ ചിത്തു ലസിപ്പതേ;
ചേരുന്നമട്ടിലുണ്ടാം നെയ്യോരുമ്പോൾ പാൽകണത്തിലാം.

വിദ്യയാം ശീലയെക്കൊണ്ടു ശുദ്ധമാക്കിത്തുടയ്ക്കുകിൽ
ചിത്തക്കണ്ണാടിയിൽ കാണാം സത്താചിദ്രൂപമത്ഭുതം. 95

യുക്തിയോടൊത്തു ഭൂലോകസക്തി വിട്ട മനസ്സോടും
ഭക്തി ദൈവത്തിലുണ്ടായാൽ മുക്തി നിസ്സംശയം വരും. 96

ശൈവഭക്തിയൊടുംകൂടി ദൈവപ്രാൎത്ഥന ചെയ്യുവിൻ;
കൈവല്യാനന്ദമിതിനാൽ കൈവരുന്നു മറിക്കുകിൽ. 97

“ഭവക്കടലതിൽ ശംഭോ! ശിവ! ഞാനാണ്ടിടുംവിധൌ
ഭവൽക്കരുണയാം കപ്പലവനത്തിനയക്കണേ”. 98

മായകൊണ്ടു ചമച്ചോട്ടും മായമന്യേ ജഗത്തിനെ,
നീയമേയനസാഗാധമാപാദഹോ വിലസുന്നതേ. 99

ബാലനാമെന്നെയും നിന്റെ കാലടിക്കലണക്കണേ”
ഇത്യാദിസ്തുതിയെക്കൊണ്ടും നിത്യാനന്ദം വരും ശുഭം. 100

# മങ്കിഗീത
## (കിളിപ്പാട്ട്)

---

### ഒന്നാംഭാഗം

പൈങ്കിളിമകൾ പരാശക്തിയെക്കൂപ്പിച്ചൊന്നാൾ—
മങ്കിഗീതയെക്കേട്ടുകൊള്ളുവിൻ മാലോകരെ!
സങ്കടമകലുവാൻ സാരമാം സിദ്ധൌഷധം
പങ്കനാശനം പരം പാവനം ഗീതാമൃതം
ധൎമ്മജനോടു പണ്ടു ഭീഷ്മരോതിയതിതു.
നിൎമ്മലതത്വജ്ഞാനസാധനമെന്നു കേൾപ്പൂ.
ഏങ്കിലോ പണ്ടു പണം നേടുവാൻ ദുരപൂണ്ടു
മങ്കിയെന്നൊരാൾ മനോരാജ്യമാൎന്നുണ്ടായ്വന്നു.
മൂഢനാമവൻ പണം നേടുവാൻ പലതരം
പാടുപെട്ടഹോരാത്രം തേടിനാനെന്നാകിലും
ആശിച്ചവണ്ണം ധനമാഗമിച്ചില്ലാ; രണ്ടു
കാശിന്നും തിട്ടക്കമായുള്ളതും കടപ്പെട്ടു,
ക്ലേശിച്ചതൊന്നുമാത്രം മെച്ചമായ്; പിറന്നൊരു
രാശിതൻനില പിന്നെ മാറുവാനെളുതാമോ?
ഒക്കെയും പുള്ളിശ്ശേരിവെക്കിലും ദുരകൊണ്ടു
നില്ക്കുവാനരുതാഞ്ഞു നീളവേ തിരഞ്ഞവൻ
വല്ലതും വരുമെന്നു നിൎണ്ണയിച്ചവസാനം
നല്ലരായുള്ള രണ്ടു കാളയെക്കടം വാങ്ങി
ശേഷക്കാരെല്ലാം ഗുണദോഷിച്ചു തടുക്കിലും
ശേഷിച്ച പണംകൊണ്ടു ഘോഷവും പണിചെയ്തു.

ഘോഷത്തോടതിനുള്ളിൽ കാളകൾ തമ്മെക്കെട്ടി-
ബ്ഭ്രാഷിച്ചാരവർക്കു ഭീററയുമേററം നൽകി.
ശോഷിച്ച കാള രണ്ടും പോഷിച്ചതായിക്കണ്ടു
തോഷിച്ചു ത്തുലോമവൻ ഭാഷിച്ച പലതരം.
കണ്ടതാലൊരുദിനം കൊണ്ടുപോയ്ത്തനം വീണ
കണ്ടത്തിൽ നുകംവെച്ചു കുററിതംകൈവിട്ടവൻ
പൂട്ടുവാൻ മുതിർന്നപ്പോൾ കാളകൾ പിടിവിട്ടു
കൂട്ടുകാരനെത്തള്ളിക്കുതിച്ചാരെന്നേ വേണ്ടു.
പാപി ചെല്ലുന്ന ദിക്കിലൊക്കയും പാതാളമാ-
ണാപത്തായ്കലാശിച്ചുവെന്നോർത്തു മങ്കിതാനും
മാർഗണംചെയ്തുകൊണ്ടു പിന്നാലെ പോമ്പോളവ
മാർഗ്ഗമദ്ധ്യത്തിൽ നിൽക്കുമൊട്ടകത്തോടു മുട്ടി
കെട്ടിയ നുകം കവിഞ്ഞൊട്ടകത്തിന്റെ തോളിൽ
പെട്ടവാറത്തും ഭേസി മണ്ടിനാനുഷ്ട്രേശ്വരൻ.
പോകുന്ന വേഗം കണ്ടു ചാവുമക്കന്നെന്നോർ-
ച്ചാകുലപ്പെട്ടു ശുദ്ധൻ മങ്കിയിങ്ങിനെ ചൊന്നാൻ:-
"ഈശ്വരയെ ശ്രദ്ധയോടു വെച്ചിരിക്കിലും ധന-
മിച്ഛിച്ചവണ്ണം വരാനീശ്വരാധീനം വേണം;
ആവോളമാശിച്ചിരുന്നെപ്പോഴും യത്നിച്ചാലും
ദൈവകല്പിതംപോലെമാത്രമേ ഗുണം വരൂ.
മുന്നമേ മഹാനർത്ഥമെത്രയോ വരുത്തി ഞാൻ;
നന്നായിട്ടനുഷ്ഠിച്ചേനിന്നിരെങ്കിലും ബലാൽ
ഇത്രയും വലുതായ ഘോരവിപ്ലവത്തിന്നു
പാത്രമായ്ഭവിച്ചതു കേവലം വിധിബലം.

കാലദോഷത്താലെന്റെ കാളകളത്രത്തിന്റെ
ഗോളത്തു നുകംപെട്ടു തൂങ്ങുന്നു കഷ്ടം! കഷ്ടം!
കാകതാലീയംതന്നെ സംഭവമിതു; ദൈവ-
യോഗമേ! ദൈവമല്ലാതില്ല പൌരുഷം നൂനം.
വല്ലു മുക്കിലുമുണ്ടു പൌരുഷമെന്നാലതും
ചെല്ലുന്നു ദൈവത്തിങ്കലെപ്പൊഴുമെന്നേ വേണ്ടു.
ആകയാൽ സുഖിക്കുവാനാവശ്യപ്പെടുന്നവ-
നേകമാൎഗ്ഗമേയുള്ളു, നിൎവ്വേദം നിരാകുലം.
വിത്തമാൎജ്ജിക്കാമെന്നോരാശയെത്തീരെത്തള്ളി
നിദ്രചെയ്യുന്നു സുഖം നിൎവ്വിണ്ണൻ നിരാമയൻ.
മാമുനി ശുകൻ പണ്ടു വൈദേഹഗേഹം വിട്ടു
സാമവാരിധി സൎവ്വത്യാഗിയായതന്ദ്രിതൻ
ഘോരകാന്താരം പ്രവേശിക്കുവാൻ മുതിൎന്നപ്പോൾ
നേരത്രേ പറഞ്ഞതു സംശയമില്ലതെല്ലും.
'കാമമൊക്കയുമൊരാൾ കയ്ക്കലാക്കിനാൻ സൎവ്വ-
കാമവും സമൂലമായ് മറ്റൊരാളുപേക്ഷിച്ചാൻ.
ഒട്ടൊഴിയാതെയുള്ള കാമങ്ങളെല്ലാംകൂടി-
ക്കിട്ടുമെങ്കിലുമതിലുത്തമം പരിത്യാഗം.
മോഹത്തിന്നവസാനമാരുമേ കണ്ടീലല്ലോ
ദേഹവും പ്രാണങ്ങളും മൎത്ത്യൎക്കു തൃഷ്ണകളും'
മതി നിൻമഹാമോഹം മതി! നീ നിൎവ്വിണ്ണനാ-
ജ്ഞാതിയച്ചാരേ! കുറഞ്ഞൊന്നിരുന്നടങ്ങുക നാം,
നോറ്റിരിക്കുന്ന നിനക്കിങ്ങിനേ പലപ്പോഴും
മാററിത്താം പിണക്കിലും നിൎവ്വിണ്ണനായില്ല നീ.

തേടിയുണ്ടാക്കും മുതലപ്പൊഴേ നശിക്കിലും
മൂഢ! നീ വിടില്ലല്ലീ ഗാഢതൃഷ്ണയെ സ്വയം.

## രണ്ടാംഭാഗം.

അമ്പോ മഹാവിദ്ധ്വംസിതന്നെ ഞാനെത്രയും
വമ്പോടിട്ടും നിൻകളിപ്പാവതന്നെ ഞാൻ:
എന്നാലുമീവിധം പൌരുഷം പൂണ്ടവ-
രെന്നുമന്യന്മാൎക്കു ദാസരായ് മേവുമോ?
പണ്ടിരുന്നോരിലും പിന്നെ വന്നോരിലും
കണ്ടില്ല കാമത്തിനററമൊരുത്തരും.
ആരംഭമൊക്കയും കൈവെടിഞ്ഞിത്രയും
നേരം വിചാരിച്ചറിഞ്ഞേനെണന്നു ഞാൻ.
കാമമേ! നിന്നുള്ളുരുക്കിന്റെ കട്ടിയാൽ
കേമമായുണ്ടാക്കി വെച്ചതത്രേ ദൃഢം.
നൂറുവിധത്തിലനൎത്ഥമേററാകിലും
നൂറായ് തകൎന്നു തെറിക്കുന്നതില്ല നീ.
കാമമേ! നിന്നെശ്ശരിക്കറിഞ്ഞേൻ നിന്റെ
കാമമെന്തെന്നും ധരിച്ചിരിക്കുന്നു ഞാൻ.
നിന്നിഷ്ടമാട്ടുവാനായിത്തനിഞ്ഞേവ-
മെന്നാത്മസൌഖ്യം നശിച്ചുപോയീ സഖേ!
സങ്കല്പമാണു നിൻമൂലമെന്നുള്ളതും
സങ്കല്പയോനേ! ധരിച്ചിരിക്കുന്നു ഞാൻ.
നിന്നെക്കുറിച്ചു നിസ്സങ്കല്പമില്ല മേ;
പിന്നെ നീ വേരററു പോകുമെന്നെന്മതം.
അൎത്ഥാശ തീരേ സുഖപ്രദമല്ലൊട്ടു
വിത്തമുണ്ടായാൽ പെരുക്കുന്നു ചിന്തകൾ.

ലബ്ധനാശത്തിനേക്കാളും മരിക്കയാ-
ണുത്തമം ലബ്ധമായെന്നുമില്ലെന്നുമാം;
കിട്ടും ധനംകൊണ്ടു തുഷ്ടിയോ നാസ്തിയാ-
ണൊട്ടുമേ വേണ്ടെന്നു വെക്കുവാനും പണി.
ഗംഗാംബുവെപ്പോലെ വിത്തം മധുരമാ-
ണങ്ങിനേ തൃഷ്ണയെക്കൂട്ടുന്നതാണിതും.
ഇന്നുണൎന്നീടിനേനെന്നെ ത്യജിക്ക നീ;-
യെന്നതാണിന്നിമേലെൻ വിലാപം സഖേ!
ഭൂതവൎഗ്ഗത്താൽ ചമച്ചോരെൻ മേനിയിൽ
ബാധകൂടാതേ നിരന്തരം ചുററവോൻ
വിട്ടുപോകട്ടേ യഥേഷ്ടമെന്നെന്മതം
സ്പഷ്ടം സുഖംപൂണ്ടു നിന്നാലതും ഹിതം.
കാമവും ലോഭവും വീണ്ടും ഗ്ഗുടൎന്നു വ-
ന്നാമയം നൽകുന്നതിഷ്ടമല്ലൊട്ടുമേ.
എന്നാലിനിക്കാമമാകവേ കൈവിട്ടു;
വന്നതു വന്നു; ഞാൻ സത്യം ശ്രയിക്കുവൻ.
ഉള്ളിലും മെയ്യിലും ഭൂതങ്ങളെസ്സൎവ്വ-
മുള്ളതായ്ക്കണ്ടുകൊണ്ടുള്ളൂററ ബുദ്ധിയെ
യോഗത്തിലും, സത്വമെല്ലാം ഗ്രുഗത്തിലും,
ത്യാഗപൂൎവ്വം മനസ്സെന്നുമാത്മാവിലും,
അൎപ്പിച്ചു നിൎത്തി, ത്തിമൎത്തു കൂത്താടുന്ന
സൽപുമാനല്ലോ സുഖിപ്പോനനാമയൻ.
എന്നെ നീ വീണ്ടും പെടുത്തായ്ക ദുഃഖത്തി-
ലെന്നാലിനിഗ്ഗതി മറെറാന്നുമില്ല മേ.

ഹാ! മഹാതൃഷ്ണയും ശോകശ്രമങ്ങളും
കാമമേ! നിൻമൂലമല്ലോ ജനിപ്പതും.
ഉണ്ടായ വിത്തമൊട്ടങ്ങിയാലുടനൊട്ടു
വിണ്ടുപോമത്രമേൽ ദുഃഖമില്ലൊന്നിനും.
ചാൎച്ചയും ചേൎച്ചയും പാരമുള്ളോർകളും
തീൎച്ചയായേറെപ്പഴിക്കുമേ നിസ്വനെ.
ആയിരം പാടണഞ്ഞീടുന്ന നിന്ദയാൽ
സ്ഥായിയാം ദോഷം ധനത്തിലുണ്ടുൽക്കടം.
ചോറുണ്ടു പാൎത്താൽ സുഖമെന്നിരിക്കിലും
പാറവന്നു ചെന്നെത്തും ദോഷൈകകോടിയിൽ.
ഉള്ളതു തട്ടിപ്പറിച്ചു തായാടുവാൻ
കള്ളർ വന്നാദ്യം കഥ കഴിച്ചീടിലാം;
അല്ലെങ്കിലത്യുഗ്രപീഡ ചെയ്യുന്നുമാം;—
വല്ലാത്ത ദുഃഖം വളൎത്തു ദണ്ഡിക്കിലാം
അൎത്ഥമോൎത്താലനൎത്ഥമാണെന്നുള്ള
തത്വം ധരിച്ചേൻ പരിചയംകൊണ്ടു ഞാൻ.
ആലംബമെന്തെന്നു നോക്കി നീ ചേരുന്നു
ബാലകൻ നീ മഹാലോലനാം കാമമേ!
എന്തു സുലഭമാണെന്തത്ര ദുൎല്ലഭം
ഹന്ത! നീ ചിന്തിപ്പതില്ലതെല്ലെങ്കിലും.
ഇന്ധനം നൽകിയാൽ പിന്നെയും കത്തുന്നി-
തന്ധനാം നീയഗ്നിപോലനാപൂൎയ്യനാം.
പാതാളതുല്യം നിറയ്ക്കാൻ ഞെരുക്കമൊ-
ണേതെങ്കിലും നീ വലക്കുന്നിതെന്നെയും.

ഇപ്പോൾ കടന്നെന്നിലേല്പാൻ പ്രയാസമാ-
ണല്പം ധനം പോയി നിവ്വിണ്ണനാണു ഞാൻ.
ഏറാം സുഖം പൂണ്ടുദിച്ച കാമങ്ങളെ-
ത്തൊറന്നു നീക്കിസ്മരിക്കാതെ നിത്യവും
അദ്ധ്യാനമേറെസ്സഹിക്കാം കരുത്തുള്ള
ബുദ്ധിയേബ്ബോധിപ്പതില്ല ഞാൻ കേവലം.
സ്വത്തു പോയ്ത്തീരെ പ്രതാരിതനായ ഞാൻ
ചിത്തപ്രസാദാൽ കിടപ്പൂ ഗതജ്വരൻ.
മാറം മനസ്സിന്റെ പോക്കു നോക്കാതെ കൈ-
വിട്ടുകളഞ്ഞു ഞാൻ നിന്നെയെൻകാമമേ!
നിന്നെയൊന്നൊടൊത്തെനിപ്പാർക്കില്ല കാമമേ!
വയ്യാ രമിക്കുവാൻ നമ്മൾ തമ്മിൽ ദൃഢം.
ദാസനെപ്പോലെ ശകാരം പൊറുക്കുവൻ;
ഹിംസയേറീടിലും ചെയ്യില്ല ഹിംസ ഞാൻ;
അപ്രിയം കേട്ടാൽ പ്രിയം കഥിച്ചീടുവേൻ;
വിപ്രിയം ചെയ്യില്ല വിദ്വേഷിയോടുമേ
ഇന്ദ്രിയഗ്രാമമെമാത്തുക്കിച്ചെലവിനാ-
യന്നന്നു കിട്ടുന്നതന്നന്നഴിക്കുവേൻ;
സത്യം, ക്ഷമാ, ദമം, ശാന്തി, നിർവ്വേദവും,
തൃപ്തിയും, നിർവൃതി, ഭൂതാനുകമ്പയും,
എന്നീഗുണങ്ങളെക്കൈക്കൊണ്ടിരിക്കുന്ന,
ധന്യനായ്പാരം കൃതാർത്ഥനായത്ര ഞാൻ.
എന്നാലിനിക്കാമലോഭമോഹങ്ങളു-
മെന്നെ ത്യജിക്കട്ടെ കാർപ്പണ്യദോഷവും.

ലോഭവും മോഹവും കൈവിട്ടിരിപ്പു ഞാൻ
ലോഭവശഗനായ് മാഴ്കിടാതാത്മവാൻ.
കാമത്തിലേതൊന്നു കൈവെടിയുന്നവോ
നാമതെല്ലാം സൌഖ്യപൂർത്തിക്കു ഹേതുവാം.
കാമാനുഷക്തൻ സുഖിക്കയില്ലൊട്ടുമേ;
കാമാനുബന്ധമായുള്ള മനസ്സിനെ
സാമർത്ഥ്യപൂർവ്വമൊതുക്കിനിർത്തുന്നവൻ
കാമപാപോൽഭവദുഃഖം ത്യജിച്ചവൻ;
ഹ്രീമത്വമില്ലാതരതിയാപ്പാഴ്പോവാന
ബ്രഹ്മത്തിലാണ്ടു ഞാൻ, വേനൽക്കു ശീതമായ്
നിർമ്മലമായ കയത്തിൽ മുങ്ങുംവിധം
ഒന്നു തണിഞ്ഞു ഞാനൊന്നു വെറുത്തു ഞാൻ
വന്നു സുഖം പരാനന്ദരൂപം പരം.
ലോകത്തിലുള്ള വൻകാമസൌഖ്യം ദിവ്യ-
ലോകാംഗനാലിംഗനാദിസൌഖ്യങ്ങളും
മോഹം നശിക്കകൊണ്ടുണ്ടാം സുഖത്തിന്റെ
ഷോഡശാംശത്തിനുമൊത്തതല്ലാ ദൃഢം.
തന്നോടുകൂടിയുഴാമതാം കാമത്തെ
വെന്നു ഞാൻ വല്ലാത്ത വൈരിയെപ്പോലെതാൻ
നിർബ്ബാധനായ് നൃപശ്രേഷ്ഠസമാനനായ്
സദ്ബ്രഹ്മപത്തനത്തിങ്കൽ സുഖിക്കുവൻ.

# നാഗാനന്ദം

‘ധ്യാനിക്കയെന്ന കളവാലെവളെ സ്വപ്നത്തിൽ
മാനിച്ചു കണ്ണുകളടച്ചു വസിപ്പതും നീ’
വാനിൽ പെട്ടും തരുണിമാരിതു ചൊല്ലിയാലും
മൌനിത്വമാർന്നൊരു ജിനൻ ശുഭമേകണം മേ. 1

ഉണ്ടീശ്വരീജനകനെന്നു ജഗത്തിതിൽ പേർ-
കൊണ്ടീടുമൂഴിധരമൊന്നു ഹിമാലയാഖ്യം;
പണ്ടീയിതിന്റെ മുകളിൽ പെരികേ പ്രസിദ്ധി-
പൂണ്ടീടുമസ്സുരഗണം നിവസിച്ചിരുന്നു. 2

വിദ്യാദിസൽഗുണമെഴും സുരസഞ്ചയത്തിൽ
വിദ്യാധരാഖ്യരൊരുമാതിരി ഭേദമത്രെ;
ശ്രീമൂലമായവരിലും പ്രഭുവായി വാണാൻ
ജീമൂതകേതുവിതി നാമമെഴുന്നൊരേകൻ. 3

വൃമാതിനുള്ള പുത്രമാതിരി നാട്യരംഗ-
മാമായവന്റെ നിലയത്തിനകത്തുതന്നേ
സീമാവിഹീനമഹിമാവിയലുന്നതാകു-
മാമാന്യകല്പകമരം നിലനിന്നിരുന്നു. 4

വല്ലാത്ത മോടിയെഴുമായതിനോടു പുത്ര-
നില്ലാത്തൊരിപ്രഭുവൊരിക്കലിരന്നുകൊണ്ടാൻ:—
‘എല്ലാം തരുന്നതിനു ശക്തി പെരുത്തിടും നീ
ചൊല്ലുള്ളൊരേകസുതനെത്തരികെ’ന്നിവണ്ണം. 5

വിദ്യാധരേന്ദ്രനുടെ ദീനവചസ്സു കേട്ടു
ഹൃദ്യാതിരേകഗുണമാകിന കല്പവൃക്ഷം
'വിദ്യായുതൻ തനയനാൎന്നിടു'മെന്നു തന്റെ
ഹൃദ്യാശു കൌതുകമിയന്നു വരം കൊടുത്തു. 6

ജീമൂതകേതുവതു കേട്ടു മനം കുളുൎത്തു
വാമാസമേതമതിയായി രമിച്ചു വാണാൻ;
ശ്രീമാനിവന്റെ വപുരന്തരാബ്ധിയി'ന്നു
ജീമൂതവാഹനനിശാകരനന്നുദിച്ചു. 7

അന്തസ്സു ചിന്തുമതികോമളനക്കുമാരൻ
സ്വന്തം സ്വസാവിനൊടുമൊത്തു വളൎന്നു മേന്മേൽ
ഗന്ധൎവ്വസംഘയുവചക്രപതിയായശേഷ-
മന്തൎമ്മുദാ രഹസി താതനൊടോതിയിത്ഥം:— 8

"ഇക്കണ്ടിടുന്ന തനു തൊട്ടു പദാൎത്ഥജാത-
മൊക്കബ്ഭവക്കടലിലെത്തിരമാലയല്ലോ;
ചൊൽക്കൊള്ളുമെൻജനക! ലക്ഷ്മിയുമേറെയൊന്നും
നില്ക്കുന്നതല്ല നരരിൽ പുതുസന്ധ്യപോലെ. 9

ഇന്നാകയാലിവിടെയുള്ളൊരു കല്പവൃക്ഷം
തന്നാലുമാശു ജനതയ്ക്കുപകാരമേകാൻ;
നന്നായതിന്റെ വലുതാം മഹിമാവുകൊണ്ടു
മന്നാകെയൊക്കിലദരിദ്രതയാൎന്നിടട്ടെ." 10

എന്നിത്ഥമച്ഛനൊടു ചൊല്ലിയനുജ്ഞ വാങ്ങി-
യുന്നിദ്രമോദമവനത്തരുവോടുരച്ചാൻ:—

‘ഇന്നിഷ്ടെടോ സദയമെന്റെയപേക്ഷ കൊണ്ടി-
ട്ടിന്നിജ്ജഗത്തഖിലമങ്ങദരിദ്രമാക്കൂ.’ 11

മന്ദാരവൃക്ഷമതു കേട്ടു സ്വർണ്ണവർഷ-
മൊന്നായി മൂന്നുലകിലും നിറയെക്കഴിച്ചാൻ;
ആമൂലമായതികൃപാലുത പൂണ്ട ബുദ്ധ-
ജീമൂതവാഹനനതീവ യശസ്സു പൊങ്ങി. 12

അക്കാലമിസ്സുകൃതിതന്നുടെ നല്ല വൃത്തി-
യൊക്കാത്ത മിത്രഗണമോറമസൂയയോടും
ഉൾക്കാമ്പിലേറെ മദമൊത്തു കടന്നു തമ്മിൽ
ചക്കാണമേൽക്കവതിനൊക്കെയൊരുങ്ങിനിന്നാർ 13

വട്ടങ്ങളൊക്കയുമറിഞ്ഞു പിതാവിനോടു
ചട്ടററിട്ടും സുകൃതിരത്നമവൻ പറഞ്ഞാൻ:—
“പിട്ടല്ല! ഹേ! ജനക! നമ്മുടെ മേനിതന്നെ
കെട്ടങ്ങുപോം സലിലബുൽബുദമെന്നപോലെ. 14

കത്തുന്ന ദീപനിര കാററിനകത്തു പെട്ടാ-
ലെത്തുന്നതേതുദശ, ഭൂതിയതിങ്കലെത്തും
പാർത്തട്ടിലിങ്ങിനെയിരിപ്പൊരു ഭൂതികിട്ടാ-
നോർത്തങ്ങു യുദ്ധമെവനേല്ക്കുമവൻ സുനിന്ദ്യൻ. 15

ആകാ നമുക്കു രണമിന്നു വെടിഞ്ഞു രാജ്യം
പോകാനൊരുങ്ങുന്നതതേ ശരിയായിരിക്കൂ;”
ശ്രീകാളിട്ടും മകനരച്ചതു കേട്ടു താതൻ
സ്വീകാരയോഗ്യമിതി സന്മതി സമ്മതിച്ചു. 16

ശ്രീമാതൃദേവിയൊടുമസ്സമയത്തു തന്നിൽ
പ്രേമാതിരേകമിയലുന്നൊരു താതനോടും
ജീമൂതവാഹനനുടൻ മലയാദ്രിതന്റെ_
യാമൂലദേശമതിലേക്കു നടന്നുചെന്നാൻ. 17

ശ്രീമാന്യചന്ദനതരുത്തണലേറെയുള്ളോ_
രാമാമലച്ചുടിയിലായവനെത്തി വേഗം
സാമാന്യകോടി വിളയാടുമൊരാശ്രമത്തിൽ
പ്രേമാസ്പദസ്വകപിതൃക്കളൊടൊത്തു പാർത്തു. 18

ബുദ്ധാംശമായിട്ടുമിവൻ
സിദ്ധാധിപപുത്രനായി മേവീടും
മിത്രാവസുവൊടു സഖ്യം
തത്രാധിവസിച്ചിട്ടംവിധൌ ചെയ്തു. 19

അവനുടെ സോദരിയാകും
ഭുവനമനോജ്ഞാംഗിതന്നെയൊരുനാളിൽ
ഇവനങ്ങു കണ്ടു; പിന്നീ_
ടവരിൽ പ്രേമം ക്രമേണ വർദ്ധിച്ചു. 20

ഒന്നാംസർഗ്ഗം കഴിഞ്ഞു.

---

## രണ്ടാംസർഗ്ഗം

---

സസുഖമവരിവണ്ണം വാണിടുംപോതു മിത്രാ_
വസു സഖിയൊടുരച്ചാനേകദാ ഹേതുവെന്യേ
"കുസുമശരനൊടൊക്കും നിങ്ങടോ മൽസ്വസാവിൻ
കുസുമസമകരത്തെസ്വീകരിക്കേണോ"മെന്നായ്. 1

അരമവനുടെ വാക്യം കേട്ടു തോഷിച്ചു വിദ്യാ-
ധരപതിയതിന്നായിസ്സമ്മതിച്ചോരുശേഷം
"വരസഖിമണിമൌലേ! പൂർവ്വജന്മത്തിലിന്നാം
പരമൊരു വക"യെന്നുംസിദ്ധനോടോത്തു ചൊന്നാൻ.

പ്രതിവചനമിവണ്ണം കേട്ടടൻ സിദ്ധമാലാ-
പതി ബഹുമതിയോടും താതനോടോതിയെല്ലാം
പുതുതരുണതയോലും സ്വസ്വസാവിന്റെ വേളി-
പ്പുതുമയതിന്നു വേണ്ടും വട്ടമെല്ലാമൊരുക്കി. 3

ഉടനൊരു ശുഭകാലത്തിങ്കലന്തങ്കമോടും
പടപൊരുതിന വണ്ണം ചേന്നു കന്യാഗൃഹസ്ഥം
തടവൊരുലവമെന്യേ തത്ര വിദ്യാധരന്മാ-
ക്കുടയവനവനും സശ്രീകനായ് സ്വീകരിച്ചാൻ. 4

മലയജതരുതന്നിൽ പററിടും വല്ലിപോലേ,
കലകളുടെയധീശൻതന്നിലെജ്യോൽസ്നപോലേ,
ഉലകിലമലതന്വീമൌലിമാണിക്യമാകും
മലയവതി വിളങ്ങീ യോഗ്യഭത്തൃലാഭാൽ. 5

തദനു തരുണഭാവം തങ്ങുമാ രണ്ടുപേരും
മദനകലകളോരോന്നഭ്യസിച്ചങ്ങു വാണാർ;
അതുപൊഴുതൊരുനാളിൽ സ്യാലനൊത്തബ്ധിവേലാ-
കുതുകമൊടു രമിച്ചാൻ തത്ര ഗന്ധർവ്വരാജൻ. 6

കരമവരിരുപേരും കോത്തു കൈകൊണ്ടു സിന്ധു
ക്കരയിലമിതമോദത്തോടു ലാത്തുന്നനേരം

പുരുപരവശയാകും തന്റെ മാതാവിനോടൊ-
ത്തൊരു പുരുഷവരേണ്യൻ കേണു നില്ക്കുന്നകണ്ടു. 7

കുലയുടെയുടയാളും പട്ടുകെട്ടീശ്ശിരസ്സിൽ
ശിലയുടെ മുകളിൽത്താൻ നില്ക്കുമാമർത്ത്യനോടായ്
അലമമലമനസ്സായുള്ള വിദ്യാധരേന്ദ്രൻ
നലമൊടഴലിനേന്തും ഹേതു ചോദിച്ചുകൊണ്ടാൻ. 8

അലിവൊടവനരച്ചും വാക്കു കേട്ടിട്ടു നാഗാ-
വലിയിലൊരുവനായീടുന്നൊരാശ്ശംഖചൂഡൻ
കലിതവിനതിയായിദ്ദുഃഖമുണ്ടായമൂലം
വലിയൊരഴലടക്കിച്ചൊല്ലുവാനായ് തുടന്നു:— 9

"വരഹൃദയമിരുത്തിക്കേൾക്ക നീയിന്നു വിദ്യാ-
ധരരണിമണിമൌലേ! ഹന്ത! മദ്ദുഃഖബീജം;
വിനതശുഭദനാകും കാശ്യപന്നങ്ങു കദ്രൂ-
വിനതകളിതി നാമ്നാ പത്നിമാരുണ്ടു രണ്ടാൾ. 10

ഒരുദിനമവർ തമ്മിൽ സ്വൈരസല്ലാപഗോഷ്ഠീ-
നിരയതു ചൊരിയുമ്പോളിത്തരം വാദമുണ്ടായ്:—
'ഖരകരഹയജാലം ശ്യാമമെന്നേകയും, മ-
റ്റൊരുവളതു വെളുത്തുള്ളൊന്നുമാ'ണെന്നുമോതീ. 11

ഇതിനു പണയമായിത്തോല്ക്കിലോ ദാസിയാകാ-
മിതി ചിതമൊടു തമ്മിൽ തീർച്ചയായ് തീർച്ചയാക്കി.
ചതിവഴികളെടുത്തക്കദ്രു പിന്നെജ്ജയിച്ചാ-
ളതികുടിലകളല്ലാതാരുവാൻ നാരിമാരിൽ? 12

ഗരുഡനതു കേട്ടിട്ടമ്മയെദ്ദാസിയാക്കാ-
തൊരുവിധമുടനേകാൻ കദ്രുതന്നോടിരന്നാൻ;
പുരുമദമൊടുമപ്പോൾ കദ്രുവിൻ നന്ദനന്മാ-
രൊരു ഗിരമവനോടന്നുത്തരം ചൊല്ലിവിട്ടു. 13

'വിരുതുടയ ഭവാൻതാൻ ദേവദൈതേയരൊന്നി-
ച്ചൊരുമയൊടു കടഞ്ഞീടുന്ന പാലാഴിയിൽ പോയ്
ഗരുഡ! സുധയെടുത്തിട്ടിങ്ങു വന്നേകിയെന്നാൽ
തരുവറിയുക ദാസ്യോന്മുക്തയാമമ്മയെ തേ.' 14

അവരുടെ വചനത്തെക്കേട്ടു പാലാഴിയിൽ ചെ-
ന്നവനമൃതിനുവേണ്ടിക്കാട്ടിനാൻ പൌരുഷത്തെ;
അവനിപതിയുമപ്പോൾ പ്രീതനായ് നാഗഭക്തി-
പ്രവണത വരമായിട്ടായവന്നേകി വേഗാൽ. 15

അലമമരരൊടോതിപ്പൂർണ്ണപീയൂഷകുംഭാ
തലയിലവനെടുത്തിട്ടെത്തി നാഗാന്തികത്തിൽ;
കലശമമൃതപൂർണ്ണം തന്നിടാമമ്മയേത്ത-
ന്നലസത കളകെന്നായ് സർപ്പവർഗ്ഗത്തൊടോതി. 16

ശരി മതിയിതു മാതാവെന്നു ചൊല്ലീട്ടു സർപ്പ-
പ്പരിഷയമൃതമുണ്ണാൻ പാഞ്ഞു ചെല്ലുന്നനേരം
സുരപതിയമൃതത്തിൻ കുംഭവും, വൈനതേയൻ
വിരവൊടു ജനയിത്രീരത്നവും കൊണ്ടുപോയീ. 17

തദനു വലിയ മോഹം പൂണ്ടു നാഗങ്ങളെല്ലാം
കദനജലധിതന്നിൽ താണു മുങ്ങിക്കളിച്ചു;

സുധയതു ഖഗരാജൻ വെച്ച ദർഭാസ്തരത്തെ-
ബ്ബത! രസന മുറിപ്പാൻ നക്കിനാനൊട്ടുനേരം. 18

ഝടിതിയമൃതമുണ്ണാത്തുള്ള സർപ്പാളിയേവം
മടിയതു ഖഗരാജൻ വിട്ടു തിന്മാൻ തുടർന്നു;
വടിവിനൊടതുകാലം നാഗമാലാശവത്താൽ
ജടിലതരമതായിത്തീർന്നു പാതാളലോകം. 19

ഇത്യന്തഃപൌരുഷത്തൊടാക്ഖഗവരൻ
ചെയ്യും കഷ്ടംകണ്ടിനാ-
ലത്യന്തം പരിതാപമാർന്നു പലതും
ചിന്തിച്ചുടൻ വാസുകി,
'നിത്യന്തന്നിടുവൻ നിനക്കു ഖഗമേ!
നാഗത്തെയോരോന്നു ഞാൻ
സത്യന്തന്നെയിനിബ്ഭവാനിവിടെ വ-
ന്നീടേണ്ട'യെന്നോതിനാൻ. 20

രണ്ടാംസർഗ്ഗം കഴിഞ്ഞു.

---

## മൂന്നാം സർഗ്ഗം

---

എന്നു വാസുകി പറഞ്ഞ വാക്കു കേ-
ട്ടൊന്നു മൂളി ഗരുഡൻ തിരിച്ചുതേ;
അന്നതൊട്ടൊരഹിയെദ്ദിനേ ദിനേ
തിന്നു കൊൾവതിനുറച്ചു മാനസേ. 1

ഇത്തരം ഫണിഗണങ്ങളെത്രയും
ചത്തതിന്നൊരവസാനമില്ലഹോ!
അത്തരത്തിലിവനിന്നു ചാകുവാ-
നുത്തമോത്തമ വരേണ്യ! വന്നവൻ. 2

എങ്കലുൾപ്രിയമിരിക്കകാരണം
സങ്കടം കലരുമമ്മയാണിവൾ;
ശങ്കവിട്ടു നിലയേറി നില്പവൻ
ശംഖചൂഡനിവനെന്നു തേറണം". 3

താതപന്നഗവചസ്സു കേട്ടു ജീ-
മൂതവാഹനനുരച്ചു ദുഃഖിയായ്:—
"ഏതു പാപി നൃപനാണവൻ പ്രജാ-
രാതിയായ് സ്വതനു രക്ഷ ചെയ്യുവോൻ? 4

വാസുകി, പ്രജകളെക്കൊടുത്തു താൻ
ഹാ! സുഖിച്ചു മരുവുന്നഹോ സഖേ!
ആസുരാരിരഥതാർക്ഷ്യനും നട-
ന്നാസുരക്രിയ തുടങ്ങിയോ പരം? 5

നാശമുള്ളൊരു ശരീരമാത്രമ-
ക്ലേശമിന്നു പരിരക്ഷ ചെയ്യുവാൻ
ആശയോടു പരഹാനി ചെയ്യുവോൻ
മോക്ഷമില്ലതിനു കില്ലു തെല്ലുമേ. 6

ആകയാൽ ഗരുഡഭക്ഷണത്തിനായ്
ചാകയെങ്കിലിവനായിടാമെടോ;

ശോകമററ നിജമാതൃയുക്തനായ്
പോക നിന്നുടെ പുരത്തിലേക്കു നീ" 7

ശംഖചൂഡനിതു കേട്ടധൃഷ്ടനായ്
ശങ്കയററൊരവനോടുരച്ചുതേ:—
"വഞ്ചനായിട്ടുമിവന്നു വേണ്ടി നീ
തങ്കമൊത്ത തനുവെ ത്യജിക്കയോ? 8

ആരഹോ! മണി കളഞ്ഞിട്ടുന്നു നി—
സ്സാരകാചമതു കയ്യിലാക്കുവാൻ?
പാരമെന്നുടെ കുലത്തിനിങ്ങു ദു—
ഷ്ഷേരഹം വരുവതിന്നയക്കുമോ?" 9

എന്നിവണ്ണമുരചെയ്തു വേഗിയായ്
വന്നിട്ടും ഗരുഡനെന്നുമോർത്തവൻ
തൂർണ്ണമംബുനിധിതീരവർത്തിഗോ—
കർണ്ണശൈവനിലയംഗമിച്ചുതേ. 10

സാധു പോയൊരളവാർദ്രഹൃത്തു വി—
ദ്യാധരേന്ദ്രസുതനേറെ മുത്തൊടും
സ്യാലനെച്ചിലതു ചൊല്ലിവിട്ടു താൻ
ചാലവേ വധദൃഷത്തിലേറിനാൻ. 11

മാമലപ്രകരവും മറിച്ചിടാൻ
കേമനൊന്ന നിലയോടുകൂടവേ
ആമിനിട്ടിലവിടത്തിലൊക്കയും
ഭീമമാകുമൊരു കാററടിച്ചുതേ. 12

അല്പമാൻ വധശിലാസ്ഥനായപോ–
തൊല്പമത്തലതിയായ് ഭവിയ്ക്കയാൽ
കെല്പുവിട്ടു മുറയിട്ടു കഷ്ടമ–
ന്നബ്ധിയിൽ തരുകുലങ്ങൾ വീണുപോയ്: 13

നീരുതന്നുടയ രാശി രത്നമാ–
യോരു കണ്ണിണ മിഴിച്ചു നിശ്വാസം
ധീരധീരനവനിൽ പെട്ടും കൃപാ–
സാരമട്ടു ബത! നോക്കിനിന്നുതേ. 14

ആ യമപ്രിയസഹോദരീഭ്രമം
മായമറവ ഹൃദി ചേർത്തുകൊണ്ടുടൻ
തോയദങ്ങളെ മറച്ചു വന്നൊരാ–
ഛായയപ്പൊഴവിടെപ്പരന്നിതേ. 15

എന്തുവാനിതു വരുന്നതെന്നു വൻ–
ജന്തുവർഗ്ഗമകതാരിലോക്കവേ
ചിന്തുമുഗ്രതയൊടും ഭുജംഗമം
ഹന്തമാത്തു ഖഗരാട്ടുമെത്തിനാൻ. 16

ചാരുവാം ചിറകടിച്ചു ഭൂമിയാൽ
ചേരുമാസകലരും നടുങ്ങവേ
വാതവേഗമൊടധഃപതിച്ചു ജീ–
മൂതവാഹനനെയാഹരിച്ചുതേ. 17

ബോധിസത്വകലയെന്നുമൊന്നുമേ
ബോധിയാതവനെയാശു ഖഗേശ്വരൻ

ആ ധരാഗ്രമതിലാശു കൊണ്ടുപോയ്
ഖാധവിട്ടു പലഹാരമാക്കുവാൻ. 18

പോയതായൊരു മാർഗ്ഗത്തിലായവന്റെ ശിഖാമണി
കായരക്തത്തോടും കൂടി മായമെന്യേ പതിച്ചുപോയ്. 19

പിന്നീടു പക്ഷീശ്വരനപ്പുമാനെ-
ത്തിന്നീടുവാനും നിഭൃതം തുനിഞ്ഞു;
വൃന്ദാരകന്മാരതുപോതു ചെയ്തു
മന്ദാരവൃക്ഷപ്പുതുപുഷ്പവർഷം. 20

മൂന്നാം സർഗ്ഗം കഴിഞ്ഞു.

---

## നാലാം സർഗ്ഗം

---

അതിന്നുശേഷമന്നാഗം നതിചെയ്തു മഹേശനെ
അതിദുഃഖത്തോടൊത്തദ്രിപതിപാർശ്വത്തിലെത്തിനാൻ.

കണ്ടു വദ്ധ്യക്കല്ലു രക്തംകൊണ്ടു കഷ്ടം നനഞ്ഞതായ്;
പണ്ടു കാണാത്ത വൈവർണ്യമുണ്ടു സാധുമുഖേ തദാ. 2

അയ്യോ! നമുക്കു വേണ്ടിട്ടിക്കയ്യോ! ഹാ! ചെയ്തുതാമഹാൻ!!
വയ്യോത്തുവാനിനിത്താർക്ഷ്യനയ്യോ! പോകുന്നതെങ്ങുവാൻ?

ഏതായാലും ദാനവീരശ്രീതാവുമവനെ ക്ഷണം
പ്രേതാധിപനു നൽകാഞ്ഞാലേതാനും വീണ്ടെടുക്കുവൻ. 4

എന്നായുരച്ചിട്ടന്നാഗം നന്നായ്ത്തന്നിണധാരയെ
ഒന്നായനുഗമിച്ചാശു ചെന്നാൻ തൽപാർശ്വതോപരി. 5

പാരം താൻ തിന്നുവെന്നാലും ധീരൻ ജീമൂതവാഹനൻ
സ്വൈരംതോഷിപ്പതോർത്തുള്ളിൽസ്വൈരംവിട്ടുഖഗേന്ദ്രനും

വീരാഗ്രേസരനിക്കുട്ടിയാരാണിതെന്നെൻെറ ദൈവമേ!
ധാരാളം ഞാൻ ഭുജിച്ചിട്ടും നേരായ് തോഷിപ്പതെന്തിവൻ?

എന്നും നിനച്ചു വൈവർണ്ണ്യം ചിന്നുന്നൊരു മുഖത്തൊടും
നിന്നുള്ള താർക്ഷ്യനോടോതിയൊന്നു ജീമൂതവാഹനൻ:— 8

"ഒഴിഞ്ഞില്ലെൻെറ മേൽ ചോര കഴിഞ്ഞിട്ടില്ലിറച്ചിയും;
വഴിഞ്ഞീടുന്നു മേ തോഷമൊഴിഞ്ഞീടേണ്ട തിന്നെടോ". 9

ഗീരു കേട്ടധികാശ്ചര്യം ചേരുമപ്പക്ഷിനായകൻ
"മേരുപോൽധീര! പാമ്പല്ലാതാരുനീ"യെന്നുചൊല്ലിനാൻ.

"പാമ്പാണു ഞാനറിഞ്ഞാലും നിമ്പാടു വിടൊലാ ഭവാൻ;
വമ്പാപമുണ്ടാമെന്നാലെ"ന്നമ്പാന്നക്കുട്ടിയോതിനാൻ. 11

അന്നേരം ശംഖചൂഡാഖ്യൻ വന്നേറ്റവുമാർത്തിയായ്
"നിന്നാഗമവനല്ലെന്നെത്തിന്നാ"മെന്നാർത്തു ചൊല്ലിനാൻ.

ദുഷ്ടനാം പക്ഷിരാട്ടപ്പോൾ കഷ്ടമെന്നമ്പരന്നിതേ;
മുട്ടിത്തൻ വാശിയെന്നുടപ്പൂ പൊട്ടി വിദ്യാധരേന്ദ്രനും. 13

ജീമൂതവാഹനപ്രേമശ്രീമൂലം സിദ്ധനന്ദിനി
ആ മൂത്ത പേരാരൊടൊത്തപ്പോളാമൂലം തത്ര ചെന്നിതേ. 14

അവരെല്ലാവരും കൂടിയവനെക്കണ്ടനേരമേ
ശിവരാമ! കടുംദുഃഖാരവമങ്ങു തുടങ്ങിനാർ. 15

"ഹാ! ഹാ! പ്രിയ! മഹാഭാഗ! ഹാ! ഹാ! ജീമൂതവാഹന!
ഹാ! ഹാ! പരോപകാരാൎത്ഥം നീ ഹാഹന്ത! മരിച്ചിതോ?

വിനതാസുത! നിയ്യെന്തു നിനയാതിതു ചെയ്യുന്നു?
ഇനിയെങ്ങിനെ കാണുന്നു തനിയെത്തന്മുഖാംബുജം." 17

കേട്ടിത്തരം വിലാപത്തെ ഞെട്ടിത്താൻ പക്ഷിനായകൻ
കട്ടിയായടികൊണ്ടുള്ള പട്ടിപോൽ പല്ലിളിച്ചുപോയ്. 18

ദാനവീരനിവൻതന്നെ ഞാനഹോ തിന്നുപോയിതോ!
ഹാ! നമുക്കിത്തരം വല്ലാത്തൂനമെങ്ങിനെ വന്നതും? 19

മൃതിയിവനു ഭവിക്കുന്നാകിലഗ്നിപ്രവേശം
മതിയിവനുമതെല്ലാപ്പാപവും ചാമ്പലാകും;
ഇതി ഖഗപതി ചിന്തിച്ചീടുമാനല്ല നേര-
ത്തതിവിവശതയെന്യേ വിട്ടിരക്കട്ടി ജീവൻ. 20

നാലാംസൎഗ്ഗം കഴിഞ്ഞു.

---

## അഞ്ചാം സൎഗ്ഗം

---

പ്രേതാധിനാഥന്റെ പുരത്തിലേക്കായ്
ശ്രീതാവുമക്കട്ടി ഗമിച്ചനേരം
സ്ത്രീതാതിശോകത്തൊടവന്റെ താത-
മാതാക്കളയ്യോ! വിലപിച്ചു വീണു. 1

വല്ലാത്ത ദുഃഖത്തൊടു തൻതലക്കു
തല്ലാൻ പുറപ്പെട്ടിതു ശംഖചൂഡൻ;

ചൊല്ലാമവൻതൻമുഖമൊന്നു കണ്ടാൽ
കല്ലാകിലും കൂടിയലിഞ്ഞുപോകും. 3

രന്നിൽ പ്രസാദിച്ചുളവായ മഞ്ഞു-
കുന്നിൻകുമാരിക്കിഹ നേരെ നിന്നു
ഉന്നിദ്രദുഃഖത്തൊടു വാറു നോക്കി-
യന്നിത്തരം സിദ്ധതനൂജ ചൊന്നാൾ:—

“‘ഹൃദ്യാശയേ! നിന്നുടെ പാണിപത്മം
വിദ്യാധരസ്വാമി പിടിക്കു’മെന്നും
സദ്ദേവതേ! ‘നല്ലൊരു ചക്രവർത്തി-
യദ്ദേഹമാ’മെന്നുമുരച്ചതില്ലേ? 4

ആ വാക്കു കഷ്ടം! കളവായതെന്തു
ദേവാധിനാഥാദിതനാംഘ്രിയുഗ്മേ!
ദ്ദ്വാസതാമേന്തി നിനിയിങ്ങു നിന്റെ
സേവാദികൊണ്ടും ഫലമില്ലയെന്നാൽ”. 5

എന്നിത്തരം ചൊന്നതു കേട്ടു മുന്നിൽ
ചെന്നിട്ടു ദേവേശ്വരിയുത്തരിച്ചാൾ:—
“എന്നീരജാക്ഷീമണി! മിഥ്യയായി-
വന്നീടുമൊ ഞാനുരചെയ്ത വാക്യം?” 6

ലോകത്തിനുള്ളോരഴലൊക്കെ നീക്കും
ശ്രീകണ്ഠദേഹാർദ്ധമിതോതി വേഗം
ആകണ്ഠമസ്സിദ്ധവധൂവരന്മാ-
ലാകസ്സുധാസേചനമിങ്ങു ചെയ്തു. 7

മുന്നേതിലേറെ പ്രഭയോടുകൂടി-
യന്നേരമാ വീരനെണീററുകൊണ്ടാൻ;
എന്തന്ന വിശേഷം! പുരവൈരിമായ-
ക്കിന്നേതസാദ്ധ്യം ത്രിജഗത്തുതന്നിൽ. 8

"ഈ നല്ല വിദ്യാധരചക്രവൎത്തി-
സ്ഥാനം നിണക്കിന്നുമുതൽക്കു തന്നേൻ;
ഊനം വെടിഞ്ഞായതു നീ ഭരിച്ചു
മാനം ലഭിച്ചീടുക വേണ്ടവണ്ണം." 9

എന്നംപ്രമോദാലരുൾചെയ്തു കയ്യിൽ
ചിന്നം ലസൽകുംഭജലത്തെയെല്ലാം
വന്ദിച്ചു നിൽക്കുന്നൊരവന്റെ മൌലി-
തന്നിൽ പകൎന്നു പരമേശപത്നി. 10

അന്നാളിലൊന്നായ് സുരപാണിമുക്ത-
മന്ദാരപുഷ്പങ്ങൾ പതിച്ചു ഭൂവിൽ;
വൃന്ദാരകന്മാരുടെ വാദ്യശബ്ദ-
മന്നാട്ടിലെല്ലാമൊരുപോൽ പരന്നു. 11

അക്ഷീണവിദ്യാധരനാഥനോടു
പക്ഷീന്ദ്രനപ്പോളുരചെയ്തു മന്ദം:—
"ഈക്ഷിച്ചു ഞാൻ നിന്നുടെ വൈഭവത്തെ-
ശ്ശിക്ഷിക്കുമാം സമ്പ്രതി ചക്രവൎത്തിൻ! 12

ഇഷ്ടത്തിനൊത്തുള്ള വരം വരിക്ക;
ദിഷ്ടം പെടും ശ്രേ തരുവൻ മഹാത്മൻ!

പുഷ്ടപ്രഭാവം കലരുന്ന നിന്റെ-
ന്നിഷ്ടൻ സദാകാലവുമില്ല വാദം." 13

നേരിട്ടു താർക്ഷ്യൻ പറയുന്നതായ
ഗീരിത്തരം കേട്ടവനും പ്രമോദാൽ
താരിൽപെട്ടും നൽപുത്തുതേനിനോട്ടു
പോരിട്ടിട്ടും വാക്കുകളിത്ഥമോതി:— 14

"അല്ലേ! മഹാവീരരണിഞ്ഞിടുന്ന
കല്ലേ! വരം മേ തരികെന്നുവെച്ചാൽ
വല്ലാതെ ദുഷിപ്പൊരു നാഗവൃന്ദം
കൊല്ലാതിരിക്കേണമൊരിക്കലും നീ. 15

എന്നല്ല തിന്നീടിന പന്നഗേന്ദ്ര-
വൃന്ദങ്ങൾ ജീവിച്ചു വരേണമിപ്പോൾ"
എന്നായവൻ ചൊന്നതു കേട്ടു താർക്ഷ്യം
നന്നാദരാലങ്ങിനെ ചെയ്തു പോയാൻ. 16

നാഗങ്ങളെല്ലാമിവനെപ്പുണിഞ്ഞു
വേഗം സ്വലോകത്തിനു പോയശേഷം
രാഗാൽ പെട്ടും സ്വപ്രിയമാരൊടൊത്തു
ഭോഗം ഭുജിച്ചങ്ങിനെ വാണുകൊണ്ടാൻ. 17

അന്തസ്സു ചിന്തുന്നൊരിവന്റെ വാർത്ത
ഗന്ധർവ്വവൃന്ദങ്ങളറിഞ്ഞു പാരം
അന്തർമ്മുദാ വന്നിവനെപ്പുണിഞ്ഞു
ഹന്ത! സ്വരാജ്യത്തിനു കൊണ്ടുപോയാർ. 18

അന്നുതൊട്ടു മലയാഖ്യപൎവ്വത-
ത്തിന്നു ധന്യത ഭവിച്ചു പാരമായ്;
എന്നുവേണ്ട ഭുവനത്തിനൊക്കയും
വന്നു സൌഖ്യനിലയൊന്നു പുത്രനായ്. 19

ശ്രീമത്തമാൻ വിലസുന്ന പിതാക്കളോടും
ക്ഷേമൻ സുഹൃത്തിനൊടുമാ നിജഭാൎയ്യയോടും
ശ്രീമൂലമാമ്പ്രജകളെപ്പരിരക്ഷചെയ്തു
ജീമൂതവാഹനനുമങ്ങു വസിച്ചു സൌഖ്യം 20

അഞ്ചാംസൎഗ്ഗംകഴിഞ്ഞു.

സമാപ്തം

---

# നിശ

അഹോ! മഹാപാതകിതന്നെ നീ നിശേ!
കുചേഷ്ടിതങ്ങൾക്കധിവാസദേവതേ!
നിനയ്ക്കുവാനും കഴിവുള്ളതല്ല നി-
ന്നയച്ചുകൊണ്ടിങ്ങുളവാകുമാമയം! 1

ചതിപ്രയോഗം, ചപലതയൊത്ത ദു-
ഷ്കൃതിപ്രയത്നം, ദുരമൂത്തുമാരണം,
ഇതൊക്കെയും നീയഭയം കൊടുക്കയാൽ-
കതിപ്പതാണിങ്ങു കഠോരരൂപിണി! 2

അഭേദ്യമായോരഖിലേശശാസനം
മനസ്സിലാക്കാതെ മനുഷ്യസഞ്ചയം
തമസ്സിലാകുന്നതു നീനിമിത്തമാം;-
ണതല്ലയെങ്കിൽബ്ഭുവനം മനോഹരം. 3

സതീജനത്തിൻ വ്രതവും പ്ലാദന്തവും
വിടപ്രഭാവത്തിലിടിഞ്ഞിടുന്നതും;
പ്രതിക്രിയാമൂഢതപൂണ്ട കർക്കശൻ
കഠാരിയിൽ ചോര പുരട്ടിടുന്നതും; 4

കവച്ചയിൽ കണ്ണുതെളിഞ്ഞ കശ്മലൻ
കവാടഭംഗത്തിനു കയ്യിടുന്നതും,
നിധിക്കുവേണ്ടിദ്ദുര മൂത്ത ദുർഭഗൻ
കിളച്ചു നോക്കിക്കഷ്ണിച്ചിരിപ്പതും; 5

വിലോലനീലായതലോചനങ്ങളെ-
കലക്കിയുണ്ടാക്കിയ കണ്ണുനീരിനാൽ
വിയോഗിനീപാണ്ഡുരഗണ്ഡഭിത്തിയിൽ
സ്മരവ്യഥാചിത്രമണച്ചിടുന്നതും; 6

നിരാശനാം കാമുകനാർത്തിപൂണ്ടു വീ-
ത്തുപായമില്ലാത്തുരുകുന്നൊരുള്ളോടും
കവിൾക്കു കയ്യൊന്നു കൊടുത്തു കാമനെ-
ക്കഠോരനെക്കോപമൊടേ ശപിപ്പതും; 7

ഇതൊക്കെയും മററിതുപോലെയുള്ളതും
ഭവിപ്പതയ്യോ! ഭവദീയവാഴ്ചയിൽ;
സമുദ്രവും ഭൂമിയുമൊന്നുപോലെയായ്-
ചമച്ചു ചുററുന്ന നിശാപിശാചികേ! 8

അനർത്ഥമല്ലാതൊരു ലാഭമില്ല നീ
ഭരിക്കമൂലം ഭുവനത്തിലെങ്ങുമേ;
മയങ്ങി മങ്ങുന്നു സമസ്തവസ്തുവും
നിരാങ്കുശേ! നീ പുലരുന്നതത്ഭുതം. 9

---

# ശ്രീവാസുദേവാഷ്ടകം

ശ്രീവാസുദേവ! ദനുവംശവനം ദഹിപ്പാൻ
ദാവാഗ്നിയായി മരുവുന്ന ദയാപയോധേ!
ജീവാവസാനമണയുംസമയം ത്വദീയ-
സേവാരസത്തിൽ മുഴുകാൻ വരമേകണം മേ. 1

വാതാലയേശ! വലുതായ് ചെറുതായശേഷ-
ഭൂതാത്മകസ്ഥിതികലൎന്നു വിളങ്ങുവോനേ!
ഏതാകിലും മമ മനസ്സു ഭവൽകടാക്ഷ-
വ്രാതാളികൾക്കുപവനായിതമായിടട്ടേ. 2

സുവ്യക്തനായ് സ്വസുഖിയായ് സൂക്ഷമായ് സുരക്ഷ-
മവ്യക്തനായധികനായണുവായമന്ദം
ദിവ്യപ്രദീപ്തിയൊടു ദിക്കിലും വിളങ്ങും
ഭവ്യപ്രദായക! ഭവാൻ ഭവുകം തരേണം. 3

ദേഹാദിയിങ്കലഭിമാനമിയന്നപാര-
മോഹാഗ്നികൊണ്ടു കരിയുന്ന മമാന്തരംഗം
ഹാ! ഹാ! വിഭോ! കരുണയുററ ഭവൽകടാക്ഷ-
നീഹാരധാരയതിനാൽ കുളൎമപ്പെടട്ടേ. 4

നാനാവിധം വലിയ വാരിധി, വൻവനങ്ങൾ,
നാനാദിഗന്തരമിതൊക്കെ നിറഞ്ഞു നിത്യം
മാനാതിശായിമഹിമാവിവിടുന്നു മായാ-
ലീനാവനത്തൊടുമഹോ! കളിയാടിടുന്നു. 5

യക്ഷാധിനായകനുമോക്ക വിഭോ! ഭവാനു
ശിക്ഷാൎഹനായ്‌വരികിലന്നു കുചേലനല്ലോ;
പക്ഷാന്തരം പറകിലില്ല, ഭവൽപ്രിയത്താ-
ലക്ഷാമമനാമതിദരിദ്രനുമീജഗത്തിൽ. 6

നന്ദിച്ചു ലോകമുളവാക്കി ഭരിച്ചഴിച്ചു
തന്നിച്ഛപോലെ വിലസുന്ന വിരിഞ്ചമൂൎത്തേ!
കുന്നിച്ച ഭക്തിയൊടിവൻ തവ പാദപത്മം
വന്ദിച്ചിടുന്നിതു വലച്ചിലൊഴിച്ചിരിപ്പാൻ. 7

മററിപ്പൊഴില്ലടിയനൎത്ഥന; നിൻപദത്താർ
പററിപ്പരാത്മതരഭക്തി മുഴുത്തു പാരം
മുററിപ്പെരുത്തൊരു ഭവഭ്രമമററ മോക്ഷം
പററിപ്പരം പരമമാം പദമേറണം ഞാൻ. 8

# ഇന്ദുമതീസ്വയംവരം

## ഒന്നാമങ്കം

---

ധാരാളം ബുദ്ധിമുട്ടൊക്കെയുമണയുകിലും
　　ദൈവയോഗത്തിനാല-
പ്പാരാവാരം കടന്നിട്ടതിലഘു വലുതാം
　　ലങ്കയിൽ ചെന്നശേഷം
പോരാടിക്കാന്തയെത്തൻ കരതലഗതയാ-
　　ക്കീട്ടു രത്നപ്രഭാത്മാ-
വാരാണിപ്പാരു കാത്തോൻ പുരുസുഖമരുളും
　　പാക്കിലാ രാമഭദ്രൻ. 1

അത്രയുമല്ല,

മിന്നും ശുദ്ധാക്ഷമാല്യം തിരളുമൊരു കരം,
　　പുസ്തകാഭീതിയുഗ്മം
ചിന്നും കൈ രണ്ടു, വേറിട്ടൊരു കരമിവയാം
　　നാലു തൃക്കൈകളോടും
എന്നും കൽഹാരപുഷ്പത്തിനു നടുവണിയി-
　　ച്ചാദരാലക്കതേജ-
സ്സിന്നും നാണംകൊടുക്കും പ്രഭയൊടു വിലസും
　　കാന്തി കാമം തരട്ടെ. 2

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ—(അണിയറയ്ക്കു നേരേ നോക്കിക്കൊണ്ടു്) ആര്യേ! വേഷധാരണം കഴിഞ്ഞുവെങ്കിൽ ഇങ്ങോട്ടു വരികതന്നെ.

നടി—(പ്രവേശിച്ച്) ഇതാ ഞാൻ എത്തിപ്പോയി. ഇനി എന്തു ചെയ്യേണമെന്ന് ആര്യൻ കല്പിക്കുക.

സൂത്രധാരൻ— അതികീർത്തിമാനും അത്യൌദാര്യവാരാശിയുമായ വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാൻ തിരുമനസ്സിലെ ക്ഷണനപ്രകാരം ഇന്ന് ഇവിടെ കൂടിയിരിക്കുന്ന ഈ സാമാജികന്മാരെ ഭവതി കാണുന്നില്ലേ? ഈ അവസരത്തിൽ നാം സഹൃദയന്മാരായ ഇവരുടെ വിനോദത്തിന്ന് ഒരു നൂതനനാടകം അഭിനയിക്കുന്നതു തന്നെ ഉചിതമായ കൃത്യം.

നടി— എന്നാൽ ഏതു നാടകമാണ് വേണ്ടത്?

ഇഷ്ടം വേണ്ട മിടുക്കു കാട്ടുവതിനായ്
പോരുന്നമട്ടിൽ കഥ-
ക്കെട്ടും ലക്ഷണവും തികഞ്ഞു വിലസും
നാട്യം നടിച്ചീടണം;
ഒട്ടും സംശയമില്ലതി,ന്നിതു മറി-
ച്ചെന്നാകിലിന്നാം പണി-
പ്പെട്ടുണ്ടാക്കിയ കീർത്തി പോകുമതിനാ-
ലിക്കാര്യമോർത്തോതണം. 3

സൂത്രധാരൻ— അതിനെന്താണ് ഇത്ര ആലോചിപ്പാനുള്ളത്? നാം കുറച്ചുകാലം മുമ്പ് അഭ്യസിച്ചു തീർന്നതും വിദ്വാൻ മാനവിക്രമ നടുത്രാടംപാട്ടുതമ്പുരാൻ തിരുമനസ്സിലെ ശിഷ്യനും ബാലകവിയുമായ വി. സി. ബാലകൃഷ്ണപ്പണിക്കരാൽ ഉണ്ടാക്കപ്പെട്ടതുമായ "ഇന്ദുമ

തീസ്വയംവരം" എന്ന നവീനനാടകംതന്നെയാവട്ടെ. പക്ഷേ ഭവതി ചിലപ്പോൾ ചോദിച്ചിട്ടുള്ളമാതിരിയിൽ ഇയ്യാൾ കുട്ടിയല്ലേ? മററു പ്രൌഢനാടകങ്ങളുള്ളപ്പോൾ ഇതെന്തിനാണ് അഭിനയിക്കുന്നത്? എന്നും മററുമുള്ള കുതർക്കങ്ങളെക്കൊണ്ടു് ആരങ്ങു മുഷിപ്പിക്കുവാൻ പുറപ്പെട്ടാൽ ഞാൻ ഉത്തരം പറകയില്ല.

നടി— ഈ നാടകവിഷയത്തിൽ ഞാൻ അങ്ങിനെ ചോദിപ്പാനേ വിചാരിച്ചിട്ടില്ല. ഏതായാലും ഇതായതു വളരെ നന്നായി.

പുതിയൊരുവിധമിച്ചരിതം;
മതിമാൻ നേതാവു വത്സയുവരാജൻ;
കൃതിമണിവിക്രമഭൂമീ-
പതിശിഷ്യൻ കവിയു;മൊത്തു ഗുണമഖിലം.

ആകയാൽ അനന്തരകരണീയത്തെ ആര്യൻ ആജ്ഞാപിച്ചാലും.

സൂത്രധാരൻ—ഇനി കർണ്ണാനന്ദകരമായ ഭവതിയുടെ ഗാനംതന്നെയാകട്ടെ.

നടി—എന്നാൽ ഏതു് ഋതുവിനെയാണ് ഞാൻ വർണ്ണിക്കേണ്ടതു്?

സൂത്രധാരൻ—അതിനെന്താണു് സംശയം? ഈ വസന്തഋതുവിനെത്തന്നെ—ഇപ്പോളിതാ ഭവതി കാണുന്നില്ലേ?.

ഒന്നായ ശോഭിച്ച മല്ലീലതകളുടെ നറും-
വൃങ്കുലക്കൊങ്കയുമേ-
ന്തെന്നാകെത്താനലക്ഷ്യം ബത! പുരുതള്ളിരാ-
മോഷ്ഠമൃനപ്പെട്ടതും

നന്നായ് തെക്കായ ദിക്കിന്നൊരു പട്ടവിടനെ-
പ്പോലെ മാരപ്രസംഗ-
ത്തിന്നായിച്ചുററിയെത്തുന്നിതു മൃദുപവനൻ
കണ്ടിതോ? കൊണ്ടൽവേണി! 5

നടി—ശരിതന്നെ (എന്നു പാടുന്നു)

മാമ്പൂമഞ്ജരിയായിട്ടും മുല കുലുക്കി-
ക്കൊണ്ടു നൽത്താമര-
പ്പൊന്പൂവാം മുഖമങ്ങുയൎത്തി ലതയാം
തങ്കയ്യിളക്കിത്തഥാ
വമ്പാളുന്ന വസന്തലക്ഷ്മി കുയിലിൻ-
പാട്ടായ സംഗീതമി-
ട്ടെമ്പാടും പൊടിപാററിയങ്ങിനെ മിര-
ട്ടീടുന്നു നാടൊക്കയും. 6

സൂത്രധാരൻ— ആശ്ശേ! ഗാനം വളരെ വിശേഷമായി.
എന്തെന്നാൽ,

ശാന്തസ്വഭാവമിയലുന്നൊരു നിന്റെ ഗാനം
യത്നംവെടിഞ്ഞു സഭതൻ ഹൃദയം ഹരിച്ചു
പ്രത്യപ്രഭാവമിയലുന്നൊരു നിഷ്കൂടം സ-
ദ്ഭുതപ്രഭപ്രഭുവരന്റെ മനസ്സിനെപ്പോൽ. 7

ആകട്ടെ, ഇനി നമുക്കു പോവുക (എന്നു രണ്ടാളും പോയി)
(പ്രസ്താവനകഴിഞ്ഞു.)

(അനന്തരം രത്നപ്രഭനും സുകുമാരനും പ്രവേശിക്കുന്നു)

രത്നപ്രഭൻ—ഹേ! വയസ്യ! ഈ ഉദ്യാനത്തിന്റെ ഒരു ഭംഗി നോക്കു—ഹാ!

ചീരത്തയ്യുകളിങ്ങു വെട്ടി വളരെ—
ബ്ഭൂഷാക്കിയോരോതരം
സാരസ്യത്തൊടു വെച്ച മട്ടു പുതുതാ—
ക്കീടുന്നിതുൾപ്രീതി മേ;
വാരസ്ത്രീവരദേഹവർണ്ണമിയലു—
ന്നോരിപ്പനീർച്ചെമ്പക—
ത്താരത്യന്തസുഗന്ധമേകിയിവനെ
സ്വാധീനമാക്കുന്നു തേ. 8

അത്രയുമല്ല,

ഒന്നായിട്ടൊരുവത്സരം വിരഹമാ—
ർന്നീടും വസന്തപ്രിയൻ
വന്നാനെന്നു നിനച്ചുമൂലമുളവാ—
യീടും പ്രമോദത്തിനാൽ
നന്നായ് പുഞ്ചിരിതൂകിടുന്നൊരു വന—
ശ്രീതന്റെ ദന്തങ്ങളാ—
ണെന്നായിപ്പുതുമല്ലമൊട്ടുകളെനി
ക്കേകുന്നു ചിത്തഭ്രമം. 9

സുകുമാരൻ— ഇവിടുന്നു കല്പിച്ചതു ശരിതന്നെ. ഇതാ ഇവിടെ,

തത്തിക്കളിച്ചു ചില പൂവിലെഴും നവമന്തൻ
കൊത്തിക്കുടിച്ചു കളനാദമതുത്തു പാരം

എത്തിപ്പുറന്നിഹ വരും പ്രിയമാരൊടൊത്തു
മുത്തിൽപെട്ടും കളികളിങ്ങൊരു കാഴ്ചയത്രെ. 10

രത്നപ്രഭൻ—സഖേ! സുകുമാര! ഈ കൃത്രിമതടാകം നോക്കു.

തിങ്ങിക്കരയ്ക്കുവരെയെത്തിവിളങ്ങിടും നീ-
രിങ്ങിത്തരം വലിയ ശോഭ വഹിച്ചിടുന്നു;
പൊങ്ങിത്തെറിച്ചുടനെ വീണു ജലം കുടിച്ചു
മുങ്ങിക്കളിക്കുമതിലെജ്ഝഷജാതി നോക്കു. 11

സുകുമാരൻ—ഓ! ഞാൻ കാണുന്നുണ്ട്. ഇന്നു വസന്തകാലം ആരംഭിച്ചിരിക്കയാൽ ഉദ്യാനം വളരെ മോടിയായിരിക്കുന്നു. എന്നാൽ ഇവിടെ പണ്ടുപണ്ടെ നടത്തിവന്നിരുന്ന വസന്തോത്സവം എന്താണിന്നുമുതൽക്ക് ആരംഭിക്കാത്തത്?

രത്നപ്രഭൻ— സഖേ! അതു പറയാം.

ഉണ്ടു ഗുണം പരമെന്നാൽ
പണ്ടുള്ളോരു ചട്ടമാദരിക്കേണം;
കണ്ടു വിനാശം താനതു
കൊണ്ടുടനെന്നാൽ ത്യജിക്കയും വേണം. 12

ആയകാൽ "ഉദയനൻ" മുതലായ പുരാതനന്മാർ ചെയ്തുവന്നിരുന്ന ഈ ഉത്സവംകൊണ്ടു ഭണ്ഡാരത്തിലെ മുതൽ ചിലവാക്കുകയെന്നല്ലാതെ യാതൊരു പ്രയോജനവുമില്ലെന്നുള്ള എന്റെ അഭിപ്രായത്തോട് അച്ഛനും യോജിച്ചിരിക്കയാൽ ഇത് ഈ കൊല്ലം മുത

ല്ക്കു വേണ്ടെന്നുവെച്ചതു താനറിഞ്ഞില്ലേ?

സുകുമാരൻ— അങ്ങിനെയൊക്കെ കേട്ടു. ചിലർ ഇവിടേക്കു മനസ്സിന് എന്തോ ഒരു അസ്വാസ്ഥ്യം ബാധിച്ചിരിക്കുന്നതിനാലാണ് ഈ കൊല്ലം ഇതു നിൎത്തൽ ചെയ്യുന്നതെന്നും പ്രസ്താവിക്കുന്നതു കേട്ടു.

രത്നപ്രഭൻ— (സ്വഗതം) എന്റെ എത്രയും വിശ്വാസപാത്രമായ ഇദ്ദേഹത്തേയും കൂടി മറച്ചുവെച്ചിരുന്ന ഈ കഥ ലോകപ്രസിദ്ധമായിപ്പോയോ? എങ്കിലും എനിക്കതു പറവാൻ ലജ്ജകൊണ്ടു് അസാദ്ധ്യമാകയാൽ ഇങ്ങിനെ പറകതന്നെ. (പ്രകാശം)

നിയതസൌഖ്യനെനിക്കൊരു ദുഃഖമെ-
ന്തുയരുവാനിവിടത്തിലുരക്ക നീ;
പ്രിയവയസ്യ! ഭവാൻ ചിലരോതിടും
പ്രിയവചസ്സു മനസ്സിലുറക്കൊലാ. 13

സുകുമാരൻ— ഇവിടുന്നെന്തിനാണ് ധീരോദാത്തനായിട്ടുകൂടി കളവു പറയുന്നത്? ഇവിടുത്തെ സ്വഭാവമാററംതന്നെ ഇതിനെ എനിക്കു ദൃഢമാക്കിച്ചെയ്യുന്നു. എന്തെന്നാൽ—

ഉത്സാഹക്കുറവുണ്ടു കാണ്മതയി! തേ
കൃത്യങ്ങളിൽ സൎവ്വവും;
സത്സാരസ്യമെഴുന്ന വാക്കുമരുളി-
ച്ചെയ്യുന്നതില്ലൊന്നുമേ;

ചിത്സാരൂപ്യമെഴാൻ കൊതിപ്പൊരു ജന-
ത്തോപ്പോലെയെല്ലായ്പ്പോഴും
വത്സാധീശ്വര! ചിന്തകൊണ്ടു ദിവസം
പോക്കുന്നു കഷ്ടം ഭവാൻ. 14

രത്നപ്രഭൻ— (സ്വഗതം) ഇയ്യാൾക്കു് എന്റെ മാതിരിയെല്ലാം നല്ലവണ്ണം മനസ്സിലായിരിക്കകൊണ്ടു് സുഖക്കേടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. (പ്രകാശം) സഖേ!

ഇച്ഛപോലെ വേണ്ട വസ്തു തന്നു രക്ഷചെയ്യുവാ-
നച്ഛനുണ്ടു വമ്പനാം സുഹൃത്തു നീയുമുണ്ടു മേ;
പുച്ഛമററ കീഴടങ്ങിടുന്നു ശത്രുഭൂപരും
തുച്ഛദുഃഖമെങ്കിലും നമുക്കുവേണ്ടതല്ലയോ? 15

എന്നാലും മമ മിത്ര! രണ്ടു ദിനമാ-
യീയുള്ളവൻ തന്മന-
സ്സൊന്നാം മാതിരിയുള്ളൊരാധി പിടിപെ-
ട്ടേററം വ്യഥിക്കുന്നുതേ;
എന്നാലായതിനുള്ള ഹേതു പറവാൻ
സാധിക്കുവോളം ഭവാൻ
നിന്നാണീവിരഹം പരസ്യനിലയിൽ
പാരിൽ പരത്തീടൊലാ. 16

സുകുമാരൻ— കഷ്ടമേ കഷ്ടം! ഇതുവരെ വിശ്വാസപാത്രമാണെന്ന് അഭിമാനിച്ചിരുന്ന എന്നെപ്പററിയും ഇവിടേക്കു് ഈവിധമാണോ അഭിപ്രായം! തരക്കേടില്ല.

രത്നപ്രഭൻ— സഖേ! താൻ അങ്ങിനെ ശങ്കിക്കരുത്. എ ൻെറ അവിശ്വാസംകൊണ്ടല്ല ഞാൻ അങ്ങിനെ പറ ഞ്ഞത്.

സുകുമാരൻ— അതിരിക്കട്ടെ. മനുഷ്യന്നു താൻ അറിയാതെ യാതൊരു ദുഃഖകാരണങ്ങളും ഉണ്ടാകുന്നതല്ല. ആക യാൽ ഇവിടുത്തെ ദുഃഖത്തിൻെറ അല്ലെങ്കിൽ അ സ്വാസ്ഥ്യത്തിൻെറ ഹേതു ഇവിടേക്കുതന്നെ അറിവു ണ്ടായിരിക്കണം. എല്ലാ മഹാനുഭാവന്മാരും തങ്ങളുടെ സുഹൃ ത്തുക്കളോടു സുഖദുഃഖം പറകയും, അവരിൽനിന്ന് അ തിൻെറ പ്രതീകാരത്തെ കിട്ടുന്നതിന്ന് ആഗ്രഹിക്ക യും ചെയ്യുമാറുണ്ട്. അതിനാൽ അവിടുന്ന് എന്നേ യും അവിടുത്തെ സുഹൃൽക്കോടിയിൽ ഉൾപ്പെടുത്തി വിചാരിക്കുന്നുണ്ടെങ്കിൽ ഈ അസ്വാസ്ഥ്യത്തിൻെറ കാരണം എന്നോടു പറയേണ്ടതാണ്. ഇനി അവി ടുത്തെ ഇഷ്ടം പോലെ.

രത്നപ്രഭൻ— സഖേ! എനിക്കു ഹേതു അറിവുണ്ടെങ്കിലും വെളിവായിപറയുന്നതിന്നു ലജ്ജ അനുവദിക്കുന്നില്ല. എങ്കിലും പ്രിയസുഹൃത്തായ തന്നോടു ഞാൻ എങ്ങി നെ മറച്ചുവെക്കുന്നു. അതുകൊണ്ടു സത്യം പറയാം.

ഇന്നാളല്ലിലുറങ്ങി ഞാനുണരവേ
തല്പത്തിലൊപ്പം കിട-
ന്നെന്നാത്മപ്രിയപോലുറങ്ങിടുമൊര-
പ്പെൺകുട്ടിയെക്കണ്ടു ഞാൻ;

നിന്നേവനെന്തിദമെന്നതോൎത്തുമതുപോ–
ലൊന്നാനുമേ കണ്ടതി–
ല്ലന്നേരംമുതലീവിധത്തിലഴലും
വന്നെത്തിയുള്ളത്തിലും. 17

ഇതെന്താണെന്നുവെച്ചു ഞാൻ വല്ലാതെ പരിഭ്രമിച്ചു. ഒടുവിൽ ഇതു് ആരേയും അറിയിക്കേണ്ടെന്നും വെച്ചു ഞാൻ അവിടെ കിടന്നുറങ്ങുകയും ചെയ്തു. ഇതെന്തു് അസംഭവമാണ്?

സുകുമാരൻ—തിരുമേനി! ഒരസംഭവവുമില്ല. ഞാൻ കുറച്ചുദിവസംമുമ്പു കൊട്ടാരത്തിൽ പടിക്കലുള്ള ആൽത്തറയിൽ കാറ്റുകൊണ്ടിരിക്കയായിരുന്നു. നല്ലചന്ദ്രികയുമുണ്ടു്. അപ്പോൾ അതിന്റെ മുകളിൽനിന്നു് ഒരു യക്ഷനും യക്ഷിയും തമ്മിൽ ഇങ്ങിനെ ഒരു സംഭാഷണമുണ്ടായി.

യക്ഷൻ—പ്രിയേ!

എന്നീരജാക്ഷിമണി നമ്മിലുള്ള വേൎപാ–
ടിന്നീയിവന്റെ മനതാരു കരിച്ചിടുന്നു;
അന്യായമട്ടിലുരചെയ്തിലുമോൎത്തുകണ്ടാൽ
സന്യാസിമാരുടെ വചസ്സുമസത്യമാമോ? 18

ആകയാൽ കുറേകാലത്തേക്കു നോം തമ്മിൽ പിരിഞ്ഞിരിക്കേണ്ടിവരുന്ന ദുഃഖം സഹിപ്പാനും സഹിക്കാതെയിരിപ്പാനും കഴിയുന്നില്ല. എന്തു ചെയ്യുന്നു?

യക്ഷി—പ്രാണപ്രിയ! ഭ്രാന്തനായ ഒരു രാജാവിനെ കാണുന്നസമയം അങ്ങേക്കു ശാപമോക്ഷം വരുമെന്നല്ലേ ആ സന്യാസി പറഞ്ഞതു്?

യക്ഷൻ—അതേ, ഞാൻ ഇപ്പോൾതന്നെ പാർസിരാജധാനിയിൽ ഒരു കുതിരയായി ജനിക്കുന്നുണ്ട്. നീ എന്റെ ശാപമോക്ഷത്തിനു വേണ്ടതു ശ്രമിച്ചുകൊൾക.

യക്ഷി—അങ്ങിനെതന്നെ. ഞാൻ അതിന്നു ഒന്നാമതായി ഇവിടുത്തെ രാജകുമാരന് ഒരു കന്യകയിൽ അനുരാഗം ജനിപ്പിച്ച് ആ കന്യകയെ സ്വാധീനപ്പെടുത്തിയതിനുശേഷം എങ്ങിനെയെങ്കിലും ആ കുമാരനെക്കൊണ്ട് ഇവിടുത്തേക്കു ശാപമോക്ഷം വരുത്തുന്നുണ്ടു. ഇങ്ങിനെ അവർതമ്മിൽ നിശ്ചയംചെയ്തു് അവിടുന്നു പോയി. അതുകൊണ്ടു് ഇതു് ആ യക്ഷിയുടെ വിദ്യയായിരിക്കണം. ഇവിടേക്കു് അനുരൂപയായ കന്യക ഏതാണെന്നറിയുവാൻ ആ യക്ഷി പല കന്യകമാരേയും ഇവിടുത്തെ ശയ്യയിൽ കൊണ്ടുവന്നു കിടത്തിനോക്കീട്ടുണ്ടായിരിക്കാം. അതിൽ ഇവിടുന്നു കണ്ട കന്യകയാണു് അനുരൂപയെന്നു കണ്ടു് അവിടെത്തന്നെ കിടത്തിയിരിക്കണം. അതിന്നുശേഷം ഇവിടുന്നു് ഉണർന്നു് അവളെ കാണുന്നവരെ കാത്തിരുന്നു. പിന്നെ അവളെ യഥാസ്ഥാനത്തു കൊണ്ടുപോയിരിക്കണം. അതാണു് ഇങ്ങിനെ അസംഭവമായി കാണുവാൻ കാരണം.

ചന്ദ്രപ്രഭൻ—

ശരിയായിട്ടിരിക്കുന്നിതുരിയാടിയ വാക്കു നീ;
തെരിക്കെന്നവളെക്കൊണ്ടു തിരികാതെന്തുവേണ്ടതും?

(ഒരു ശിവായി പ്രവേശിക്കുന്നു.)

ശിവായി—യുവരാജാവു സർവ്വോൽക്കർഷേണ വർത്തിക്കട്ടെ.

കൊട്ടാരത്തിലേക്കെഴുന്നള്ളുന്നതിന്നു മഹാരാജാവ് അ
രുളിച്ചെയ്യുന്നു.

രത്നപ്രഭൻ— സഖേ! സുകുമാര! ഈ കാൎയ്യത്തെപ്പററി നമു
ക്കു കുറച്ചുകൂടി സൈ്വരസല്ലാപം ആവശ്യമായിരിക്കു
ന്നു. എങ്കിലും താതാജ്ഞകൊണ്ട് അതിന്നു തടസ്ഥം
വന്നിരിക്കുന്നുവല്ലോ (ശിവായിയോട്) എടോ! കൊ
ട്ടാരത്തിലേക്കു വഴി കാണിക്കു.

ശിവായി— ഇതിലെ, ഇതിലെ. (എന്നു മൂന്നുപേരും ചു
റ്റി നടക്കുന്നു)

സുകുമാരൻ— മഹാരാജാവ് ആസ്ഥാനത്തുനിന്ന് ആലോ
ചനാശാലയിലേക്ക് എഴുന്നെള്ളുവാൻ പുറപ്പെട്ടിരി
ക്കുന്നു.

പൊന്നിൻചൂരലെടുത്തിടാമിവ,നിവൻ
കൈവാളെടുക്കാ,മിവൻ
മുന്നിൽ ഛത്രമുടൻ പിടിക്കുമവ,നിവൻ
ചാമരമുല്ലേറിടാം;
എന്നിത്ഥം പലതും പറഞ്ഞു പലരും
പായുന്നു; തന്മൂലമീ-
മന്നിൻനാഥ! ഭവൽപിതാവു മണിപീ-
ഠത്തിന്നെഴുന്നീററുപോയ്. 20

രത്നപ്രഭൻ— നാഗസ്വരത്തിന്റെ ശബ്ദം ഏകദേശം അവ
സാനിച്ചതുകൊണ്ട് അച്ഛനും പരിവാരങ്ങളും ആലോ
ചനാശാലയിൽ എത്തി. എന്ന് അനുമാനിക്കാം.

സുകുമാരൻ— ഓഹോ! അതാ ഇരിക്കുന്നു; കാണുന്നില്ലേ?

സ്വൎണ്ണത്തൊപ്പി ധരിച്ചു തന്റെ തലയിൽ
തങ്കാഭയും തോററിട്ടും
വൎണ്ണം ചേൎന്നൊരു കോട്ടുമിട്ടതിനുമേൽ
പട്ടാംബരം കെട്ടിയും
പൂൎണ്ണപ്പൊങ്കരവുണ്ട വേഷ്ടികളുട്ട-
ത്തഗ്ര്യാസനാരൂഢനായ്
കണ്ണും മന്ത്രിവചസ്സിനേകി വിലസി-
ച്ചീടുന്നിതത്തമ്പുരാൻ. 21

(അനന്തരം യഥോക്തവേഷനായ രാജാവും മന്ത്രിമാരും പ്രവേശിക്കുന്നു)

(രത്നപ്രഭനും സുകുമാരനും നമസ്കരിക്കുന്നു. രാജാവ് പിടിച്ചെഴുനീൽപ്പിക്കുന്നു.)

രത്നപ്രഭൻ—ഞങ്ങളോടു വരുവാൻ ആജ്ഞാപിച്ചത് എന്തിനാണ്?

രാജാവ്—ഉണ്ണി രത്നപ്രഭ!

പണ്ടേ നമ്മുടെ പൂൎവ്വഭൂപനൊരുവൻ
ചെയ്യുള്ളതാം ബാന്ധവം-
കൊണ്ടേ നമ്മുടെ മിത്രമായി മരുവും
ശ്രീസിംഹളാധീശ്വരൻ
തണ്ടേറീട്ടിവിടെത്തരേണ്ട വലുതാം
കപ്പം തരാത്തുൾമദം-
കൊണ്ടേററം രിപുവെന്നപോലെ നിവസി-
ച്ചീടുന്നു കൂട്ടും മുദാ. 22

അല്ലേ! മന്ത്രി പുംഗവ! ഇതിനെപ്പററി നാം എഴുതിയതിന്നു മറുവടി അയച്ചത് ഒന്നു വായിക്കൂ.

മന്ത്രി—(വായിക്കുന്നു)

കിട്ടീ തീട്ടുവിടുന്നയച്ചുതഖിലം
വായിച്ചു കപ്പം തരും
മട്ടീഞാൻ പുതുതാക്കയില്ലതു പുരാ
വേണ്ടെന്നു വെച്ചുള്ളതാം;
തട്ടീ തന്നുടെയാജ്ഞയെന്നു കരുതി-
പ്പാരിന്നു പോരിന്നൊരു-
ക്കൂട്ടീട്ടെത്തുകയെങ്കിലായതിനിവൻ
പൊയ്യല്ല തയ്യാറതാൻ. 23

രാജാവ്— എത്ര അധികപ്രസംഗമാണ് ആ എഴുതിയിരിക്കുന്നത്? അതുകൊണ്ട് ഇനി എന്താണ് ചെയ്യേണ്ടതെന്നാലോചിക്കുവാനാണ് ആളെ അയച്ചുവരുത്തിയത്.

രത്നപ്രഭൻ— അതിനെന്താണിത്ര ആലോചിപ്പാനുള്ളത്? നമ്മുടെ പൂർവ്വബന്ധുവായതുകൊണ്ടു മര്യാദക്ക് ഒരാൾ പോയിത്തന്നെ ചോദിക്കുക. അതിന്നുശേഷവും തരുവാൻ ഭാവമില്ലെങ്കിൽ ആ രാജ്യം യുദ്ധംചെയ്തു കീഴടക്കിക്കളകതന്നെ.

മന്ത്രി— ഞങ്ങളുടെ എല്ലാവരുടേയും അഭിപ്രായം ഈവഴിക്കുതന്നെയാണ് പോയിരിക്കുന്നത്. പക്ഷേ മര്യാദക്കു ചോദിക്കാൻ പോകുമ്പോൾതന്നെ യുദ്ധത്തിനൊരുങ്ങിപ്പോകയല്ലേ നല്ലതെന്നുകൂടി അഭിപ്രായമുണ്ട്.

രാജാവ്—അതു ശരിതന്നെ. അങ്ങിനെയാണ് നല്ലത്. അല്ലേ! ഉണ്ണി സുകുമാര!

സുകുമാരൻ—കല്പനപോലെ.

രത്നപ്രഭൻ—അതാണ് ഉചിതം.

മന്ത്രി—പക്ഷേ അതിനുള്ള ഭാരം യുവരാജാവിനേയും സുകുമാരനേയും ഏല്പിക്കുന്നതാണ് നല്ലതെന്നാണ് എന്റെ പക്ഷം.

രാജാവ്— എന്റെ പക്ഷവും അങ്ങിനെതന്നെ. എന്നാൽ, അല്ലേ! ഉണ്ണി രത്നപ്രഭ! സുകുമാരനോടുംകൂടി പോയി കാൎയ്യം സാധിച്ചു ശുഭമായിവരിക (എന്ന് അനുഗ്രഹിക്കുന്നു.)

മന്ത്രി—ഇപ്പോൾ കാൎയ്യം വെടിപ്പായി. എന്തെന്നാൽ,

കൃത്യമൊന്നിഹ നടത്തിയെത്തിടാൻ
ഭൃത്യവൎഗ്ഗമൊരു നൂറു പോകയിൽ
സത്യമാണറിക താൻ ഗമിക്കുകിൽ
സ്തുത്യമായി വരുമില്ല സംശയം. 24

രത്നപ്രഭനും സുകുമാരനും—അവിടുത്തെ കല്പനയെ ഞങ്ങൾ ശിരസാ വഹിക്കുന്നു.

(അണിയറയിൽ)

ശ്രീകാന്തനൊത്ത രത്നപ്രഭയുവനൃവരൻ
സിംഹളദ്വീപിനായി-
പ്പോകാൻ പോകുന്നു പോതം പരിചൊടു കടൽവ-
ക്കത്തു തെയ്യാറുവേണം;
ലോകാലോകം നടുക്കുംപടി നളികമുതൽ-
ക്കുള്ള ശസ്ത്രങ്ങളേന്തി-
ശ്രീകോലും മട്ടിലേറെദ്ധ്യുതിയൊടു ശരിയായ്
നിൽക്ക പട്ടാളമെല്ലാം. 25

രാജാവ്—(കേട്ടിട്ട്) നമ്മുടെ പടനായകനായ രാജവീരദത്തൻ ഇത്രവേഗം പുറപ്പാടിനു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു തുടങ്ങിയോ? വേണ്ടതു തന്നെ. ഇവിടുന്ന് ഇപ്പോൾ ആജ്ഞാപിച്ചെങ്കിലേ സുന്ദരപുരം കടൽപുറത്തേക്കു ചെല്ലുമ്പോഴേക്കു തോണിയും കപ്പലും തയ്യാറായിരിക്കയുള്ളൂ.

മന്ത്രി—ഇവിടുന്നു കുറച്ചു ദൂരമുണ്ടല്ലൊ.

രാജാവ്—ഉണ്ണി! രത്നപ്രഭ! നീയും സുകുമാരനും കൂടി ഭക്ഷണാദികൾ കഴിഞ്ഞ് അമ്മ മുതലായവരോടു യാത്രയും പറഞ്ഞു കുറച്ചുനേരത്തെ പുറപ്പെടണം.

രത്നപ്രഭനും സുകുമാരനും—അങ്ങിനെതന്നെ. (എന്നു പോയി)

(അണിയറയിൽ)

കൂടുന്നു വഴിപോക്കരൊത്തു തണലും
വൃക്ഷച്ചുവട്ടിൽ, കിട-
ന്നോട്ടുന്നു ഝഷവൃന്ദമൊത്തടിയിലേ-
ക്കാററിൻതണുപ്പാകവേ;
തേടുന്നു ജലമേവരും, വഴിയഹോ!
സദപിദ്രുമചരായമാ-
യീടുന്നു തരുണീവരാധരസമം
മദ്ധ്യാഹ്നകാലത്തിതാ. 26

രാജാവ്—ഓ! നേരം മദ്ധ്യാഹ്നമായോ? നമുക്കു മദ്ധ്യാഹ്നകൃത്യത്തിന്നു പോവുക.

(എന്ന് എല്ലാവരും പോയി.)

(ഒന്നാമങ്കം കഴിഞ്ഞു.)

(രണ്ടാമങ്കം)

(അനന്തരം സിംഹളരാജാവിന്റെ മന്ത്രി പ്രവേശിക്കുന്നു.)

മന്ത്രി—കഷ്ടം! കഷ്ടം! ഈ മന്ത്രികൃത്യംപോലെ പ്രയാസമുള്ളതായി യാതൊരു കാൎയ്യവുമില്ല. മററുള്ളവരെ സേവിച്ച് അഹോവൃത്തികഴിക്കുന്നതു തന്നെ സങ്കടമാണ്. അതിൽവെച്ച് ഒരു മന്ത്രിയുടെ നിലയിലായാൽ മഹാപ്രാണസങ്കടമായി. രാജസേവതന്നെ വലിയ ബുദ്ധിമുട്ടാണ്.

ആളുകൾക്കു നൃപസേവയോൎക്കിലോ
വാളുകൊണ്ടു ബത വെട്ടിടുന്നതാം;
വ്യാലനാരിയുടെ വക്ത്രചുംബനം-
പോലെയാണിതു വിനാശമേകുവാൻ. 1

കാണുന്നവൎക്കു മഹാമന്ത്രിയാണ്, നല്ല സൌഖ്യമാണ്, എന്നൊക്കെ തോന്നുന്നുണ്ടായിരിക്കും. ഇവിടെ കാൎയ്യം മഹാകമ്പിളിയാണ്. തരംപോലെ ഭക്ഷണം കഴിക്കുവാനോ അന്യസുഖങ്ങൾ അനുഭവിപ്പാനോ ഇടയില്ല. എന്തെന്നാൽ,

രാജ്യത്തുള്ള സുഭിക്ഷനാശദുശകളും
ബോധിച്ചു നാശം സദാ
ത്യാജ്യം നീതിവിടാതെ കണ്ടു ഭരണം
ചെയ്യേണ്ടുമട്ടോൎക്കണം;
പ്രാജ്യം കോശധനം തൊടാതെ വലുതാ-
ക്കേണം വിളങ്ങുന്ന സാ-
മ്രാജ്യശ്രീയതിനു പുഷ്ടിയേകണമിദം
സന്മന്ത്രിതൻ കൃത്യമേ. 2

പാരാകെത്തെളിവാൎന്ന ചാരവരരെ-
പ്പായിച്ചു പായിച്ചു ത-
ദ്വാരാ മാററലരോൎത്തിടുന്നതഖിലം
താനേ ധരിച്ചീടണം;
പോരാടാനതിവീരരാകുമവരെ-
ത്തീടിൽത്തടുത്തീടുവാൻ
ധീരാഗ്ര്യത്വമെഴും ഭടാധിപതിയെ-
സ്സന്നദ്ധനാക്കീടണം. 3
സൂൎയ്യൻ പോയ്മറവോളവും നൃവരനൊ-
ത്താസ്ഥാനിയിൽ ചേൎന്നോരോ
കാൎയ്യം തീൎത്തു വസിക്കണം, വഴുകിയാൽ
കോപിക്കുമൃഴീശ്വരൻ,
ആൎയ്യൻ ഭൂപതിയോടു സേവ പറവാൻ
പോയീടണം, മന്ത്രിതൻ
കാൎയ്യം ദുൎഘടമാ,ണിതൊക്കെയൊരുവൻ
താനേ നിവൃത്തിക്കുമോ? 4

ഇങ്ങിനെ മന്ത്രിയുടെ ദുൎഘടകാൎയ്യങ്ങളെപ്പററി വിസ്തരിക്കുന്നതായാൽ അവസാനമേ ഇല്ല. ഇതൊക്കെ അനുഭവിച്ചവൎക്കു അറിഞ്ഞുകൂടും. ഇങ്ങിനെയുള്ള ഈ കൃത്യം വേണ്ടപോലെ വഹിച്ചുപോരുന്ന എനിക്കിപ്പോൾ ഒരു മാല്യക്കൂടി ഉണ്ടായിരിക്കുന്നു. ഉദയനരാജാവിന്റെ ബന്ധുത്വംകൊണ്ടു ഇവിടെനിന്നു കൊടുക്കേണ്ട എന്നു നിശ്ചയിച്ചിരുന്ന കപ്പം ഇപ്പോഴത്തെ വത്സരാജാവായ ശ്രീകുമാരൻ മടക്കി

ചോദിച്ചിരിക്കുന്നതിന്നു ഞാൻ തരേണ്ടതില്ലെന്നും അഥവാ തരേണ്ടതാണെന്നു വിചാരിക്കുന്ന പക്ഷം യുദ്ധത്തിന്നു വരാമെന്നും ഇവിടെനിന്നു മറുവടിഅയച്ചിരിക്കുന്നു. അവിടെ അത് എത്തിയാൽ പ്രബലനായ ആ രാജാവു യുദ്ധത്തിന്നു വരികയും, ഇവിടെ ഒരു യുദ്ധം വേണ്ടിവരികയും ചെയ്യും. ഇതിന്നു വേണ്ട സൈന്യങ്ങളെ ഒരുക്കൂട്ടി തെയ്യാറാക്കുവാനായി ഭടാധിപതിയായ ജീവാനന്ദനെ ഏല്പിച്ചുപോയി. ശത്രുക്കൾ സമുദ്രത്തിൽനിന്ന് ഈ രാജ്യത്തേക്കു കയറാതിരിപ്പാൻ തുറമുഖത്തിൽ ഒരു സൈന്യാധിപനും സൈന്യവും നില്ക്കേണ്ടതുണ്ട്. അതിന്നു ജലാദ്ധ്യക്ഷനായ പ്രഹസ്തനെ ഭാരം ഏല്പിക്കുന്നതാണ് നല്ലത്. അപ്പോൾ ആയാളുടെ ഒഴിവിലേക്ക് ഒരു പുരുഷനെ വെക്കേണ്ടിവന്നിരിക്കുന്നു. അതിന്നു തക്കതായ ഒരാൾ ഇനി ആരാണ് ഈ രാജധാനിയിൽ ഉള്ളത്.

ഒരു ശിവായി—(പ്രവേശിച്ച്) ഇവിടുത്തെ കാണുവാൻ പട്ടണത്തിലെ രത്നവ്യാപാരിയായ മാണിക്യരത്നച്ചെട്ടിയാർ സമയം നോക്കി നില്ക്കുന്നുണ്ട്.

മന്ത്രി—കൂട്ടിക്കൊണ്ടു വരു.

(അനന്തരം ഒരു യുവാവും ചെട്ടിയാരും പ്രവേശിക്കുന്നു.)

മന്ത്രി—ഏ! ചെട്ടിയാരേ! സുഖംതന്നെയല്ലേ? കച്ചവടം ശരിയായി നടക്കുന്നില്ലേ? ഇക്കുറിയത്തെ കപ്പലോട്ടത്തിൽ എത്ര ലാഭമുണ്ടായി?

ചെട്ടിയാര്—ഇവിടുത്തെ ദയകൊണ്ടും ഈശ്വരാനുഗ്രഹം

കൊണ്ടും ഒരുവിധം സുഖം തന്നെ. കച്ചവടം ശരിയായി നടക്കുന്നുണ്ട്. ഇക്കുറിയത്തെ കപ്പലോട്ടത്തിൽ കിട്ടിയ ഒരു നല്ല ലാഭം ഇതാ ഇവിടെ സമൎപ്പിക്കുന്നു (എന്ന് യുവാവിനെ പിടിച്ചു കൊടുക്കുന്നു)

മന്ത്രി—ഈ ലാഭം ഏതുവിധത്തിൽ കിട്ടിയതാണ്?

ചെട്ടിയാർ—ഞാൻ വംഗദേശത്തുനിന്നു കപ്പലോടിച്ച് ഇങ്ങോട്ടു പോരുന്നവഴിക്കു ഒരാൾ സമുദ്രത്തിന്റെ നടുവിൽ കിടന്നു നിലവിളിക്കുന്നതു കണ്ടു. ഞാൻ വേഗത്തിൽ ആയാളുടെ അടുക്കെ ചെന്നു തോണിയിറക്കി പിടിച്ചുകയറ്റി കപ്പലിൽ ഇരുത്തി. ആയാൾ "മഹിശൂരപുരത്തുള്ള ഒരു വ്യാപാരിയും ക്ഷത്രിയവംശ്യനുമാണെന്നും അവിടെനിന്ന് ഇങ്ങോട്ടു പോരുന്ന വഴിക്ക് ഒരു ദ്വീപിന്മേൽ കപ്പലണച്ചുവെന്നും കുറച്ചു കഴിഞ്ഞപ്പോൾ കപ്പൽ തകൎന്നു പല വിധത്തിലും തന്റെ കൂടെയുണ്ടായിരുന്നവർ ദൂരെത്തെറിച്ചുവെന്നും, താൻ മാത്രം ആ ദ്വീപിന്മേൽ വീണു എന്നും ഒരുവിധം എഴുന്നേറ്റപ്പോഴെക്കു ദ്വീപു ക്രമേണ താണുകാണാതായി" എന്നും മറ്റും എന്നോടു പറഞ്ഞു: ആയാളാണീയുവാവ്. അനാഥനായ ഈ യുവാവിനെ ഞാൻ വെച്ചു രക്ഷിക്കുന്നതിനേക്കാൾ രാജ്യത്തേക്ക് ഉപകാരത്തിന്നുതകത്തക്കവണ്ണം ഇവിടെ സമൎപ്പിച്ചുകളയാമെന്നു വെച്ച് ഇങ്ങോട്ടു കൊണ്ടുവന്നതാണ്. ശേഷം കല്പനപോലെ ചെയ്യാം.

മന്ത്രി—ആഹാ! ഇതൊരത്ഭുതം തന്നെ. ആ ദ്വീപു വല്ല മ

ത്സ്യവുമായിരിക്കണം. ഏതായാലും ചെട്ടിയാർ അപ്പോഴക്ക് അവിടെ എത്തിയത് ഭാഗ്യംതന്നെ. ഏറെ ഒന്നും ആലോചിക്കേണ്ടതില്ല. ഇയ്യാൾ ഇവിടെ ജീവപര്യന്തം നിന്നു കൊള്ളട്ടെ. ഇന്നുതന്നെ തിരുമുഖം കാണിച്ചു വല്ല ഉദ്യോഗവും കൊടുപ്പിക്കാം (യുവാവിനോട്) തനിക്കു ശിക്ഷിക്കുവാനും കല്പിക്കുവാനും ധാരാളം പരിചയമില്ലേ?

യുവാവ്—ഇല്ലെന്നില്ല.

മന്ത്രി—എന്നാൽ നല്ല തരമായി. എന്താണ് തന്റെ പേർ

യുവാവ്—കാന്തകൻ എന്നാണ്.

മന്ത്രി—എന്നാൽ ചെട്ടിയാർ പോയ്ക്കൊള്ളൂ. ഇയ്യാൾ ഇവിടുത്തെ ഒരു രാജപുരുഷൻ തന്നെയായി സംശയമില്ല.

ചെട്ടിയാർ—എന്നാൽ ഇനി സമയംപോലെ വന്നുകണ്ടുകൊള്ളാം. (പോയി)

മന്ത്രി—കാന്തക! ഇനി നമുക്കും മുഖം കാണിക്കുന്നതിനു തിരുമുൻപാകെ പോവുക.

കാന്തകൻ—അങ്ങിനെതന്നെ.

(എന്നു രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം കാന്തകൻ പ്രവേശിക്കുന്നു)

കാന്തകൻ—

ദൈവം വരുത്തുകില്ലഹോ! നിയതം മഹാനി-
ദൈവം വരുന്നു സുമനായകനും നിനച്ചാൽ,

ഭൂവിങ്കലാക്കുമിഹ ദൈവമതം തടുപ്പാ-
നാവില്ലയെന്നു പറയുന്നിതു പണ്ഡിതന്മാർ. 5

എന്റെ ദൈവമേ! നിന്റെ മതം അനിവാൎയ്യംതന്നെ. എന്റെ ഓമനിച്ചുവന്ന ആ പ്രിയസുകുമാരനേയും കൂടി കാണാതെ ഈ ശത്രുരാജാവിന്റെ കീഴിൽ പ്രവൃത്തി എടുത്ത് ഉപജീവിക്കേണ്ടുന്ന കാലം എനിക്കു വന്നുവല്ലോ. എന്തു ചെയ്യുന്നു? ഇവിടെ ഇപ്പോഴും യുദ്ധത്തിന്ന് ഒരുങ്ങിനിന്നിരിക്കുന്നതുകൊണ്ടു യാതൊരു കപ്പലും അന്യരാജ്യത്തേക്കു കൊണ്ടുപോകയുമില്ല. എന്റെ പേരും ദേശാദികളും മാറിപ്പറഞ്ഞതുകൊണ്ട് എനിക്ക് ഇവിടെ ശത്രുബാധയുണ്ടാവാൻ തരമില്ല എങ്കിലും ഇവിടുത്തെ കാൎയ്യം ഓൎക്കുമ്പോളാണ് എനിക്കു സഹിക്കാതിരിക്കുന്നത്. ഹതവിധേ! നീയെത്ര കഠിനഹൃദയനാണ്?

തത്ര സിംഹളമഹീന്ദ്രനോടു വിവരങ്ങ-
ളോതിയവനെപ്പരം
മിത്രമാക്കിയിഹ കീഴടക്കിയുടനെത്തു-
മെന്നെയെതിരേല്ക്കുവാൻ;
പുത്രവത്സലത പൂണ്ടുകൊണ്ടു ഭടരോടു
കൂടി മരുവുന്നൊരെൻ-
മിത്രകാന്തി, ജനകൻ ധരിക്കിലിതു നീ ക-
ഥിക്കുക പൊറുക്കുമോ? 6

സിംഹളേശ്വരപുരത്തിലെത്തിയതിഗൎവ്വി-
യാം രിപുനൃപാലനെ-
സ്സംഹരിച്ചു നിണധാര ചോരുമസിയാണ്ടു
കൊണ്ടു വിലസീടുവാൻ

സിംഹവിക്രമി മമാത്മജൻ വിരുതനെന്നു
റച്ചു മരുവുന്ന ഭ്രൂ-
സിംഹനെന്റെ ജനകൻ ഭവൽകറിനകർമ്മ- 7
മീയിതു പൊറുക്കുമോ?

മേനി ചൊല്ലിടുകയല്ല ഞാനിതു വിധേ! ഭ-
വൽകടുമകൊണ്ടഹോ!
മേ നിനക്കിലൊരു ലേശവും പുകി വിഷാദ-
മില്ല പുനരെങ്കിലും
ഞാനിവണ്ണമമരാലയത്തിനു ഗമിച്ചു-
ചെന്നു നിരുപിച്ചിടും
മാനിതാതനു വരുന്നതാകുമഴലോർത്തു
ഞാൻ വ്യസനിയായിതേ. 8

എന്തിനു വെറുതേ ഞാൻ നിന്നോടു വിലപിക്കുന്നു? നിന്റെ സ്വഭാവം എല്ലായ്പ്പോഴും ഒരുപോലെ അല്ലെന്നു് എനിക്കുതന്നെ നല്ല നിശ്ചയമുണ്ട്. ആകയാൽ ഞാൻ ഭവൽകൃതമായ ഈ ദുഃഖം സഹിച്ചുകൊള്ളാം. അല്ലാതെ എന്തു ചെയ്യുന്നു?

(അണിയറയിൽ)

സഖി! രത്നകാന്തി! ഈ പൊയ്കയിലുള്ള പൂവു മുഴുവൻ പറിച്ചല്ലാതെ ഞാൻ അങ്ങോട്ടു വരികയില്ല.

കാന്തകൻ—ഇതാരാണു് ഈ ഉദ്യാനത്തിൽനിന്നു വീണയുടെ ധ്വനിപോലെയുള്ള ശബ്ദംകൊണ്ടു വ്യസനിയായ എന്റെ കർണ്ണങ്ങളിൽ അമൃതത്തെ വർഷിക്കുന്നതു്? ആകട്ടെ: ചെന്നു നോക്കുകതന്നെ. (എന്നു ചുറ്റി നടക്കുന്നു.)

(അനന്തരം രത്നകാന്തിയോടും സുശീലയോടുംകൂടി ഇന്ദുമതി പ്രവേശിക്കുന്നു.)

രത്നകാന്തി—സഖി! ഇന്ദുമതി! അമ്മയുടെ ദേവതാൎച്ചനത്തിന്നു വേണ്ടുന്ന പൂവുകൾ ധാരാളമായി. ഇനി നീ എന്തിനാണ് വെറുതെ ആയാസപ്പെടുന്നതു്?

ഇന്ദുമതി—ഞാൻ അമ്മയുടെ ആവശ്യത്തിലേക്കല്ല. എനിക്കുവേണ്ടിയാണ് പറിക്കുന്നതു്.

രത്നകാന്തി—നിനക്ക് ഈ പൂവുകൊണ്ട് എന്താണ് ആവശ്യം.?

ഇന്ദുമതി—തോഴിക്ക് അതെല്ലാം പറഞ്ഞു മനസ്സിലാക്കാൻ എന്നാൽ സാദ്ധ്യമല്ല. എനിക്കു ദേഹത്തിനു നല്ല സുഖമില്ലാത്തതിനാൽ കിടക്കുന്നതിനു കിടക്കയും മററും അത്ര പിടിക്കുന്നില്ല. അതിനാൽ ഈ പൂക്കളെക്കൊണ്ട് ഒരു പൂമെത്ത ഉണ്ടാക്കുവാനാണ് എന്റെ ഉത്സാഹം.

സുശീല—തോഴി! എന്താണ് ദേഹത്തിനു സുഖക്കേട്?

ഇന്ദുമതി—വിശേഷിച്ചൊന്നുമില്ല. ചില സമയം അതികലശലായ ഒരു ഉഷ്ണം ശരീരത്തെ ബാധിക്കുന്നുണ്ട്. അതു ഞാൻ ഇതുവരെ അത്ര സാരമാക്കീട്ടുമില്ല.

സുശീലയും രത്നകാന്തിയും—(മുഖത്തോടു മുഖം നോക്കി) സഖി! അങ്ങിനെയുള്ള ഉഷ്ണത്തിന്ന് ഈ പുഷ്പശയ്യാനിൎമ്മാണം അനുരൂപം തന്നെ.

ഇന്ദുമതി—എന്താണ് നിങ്ങൾ "അങ്ങിനേയുള്ള" എന്ന പദത്തിന് അൎത്ഥം കല്പിച്ചിരിക്കുന്നത്?

രത്നകാന്തി—'മദനകൃതമായ' എന്നാണ്.

ഇന്ദുമതി—നിങ്ങൾക്കു വല്ല ഭ്രാന്തുമുണ്ടോ? എന്താണ് അൎത്ഥം മദനകൃതമായ എന്നോ? ഇതെന്തു മായയാണ്? എന്നെക്കളിപ്പിച്ച് ഈവക മായകളൊന്നും തുടരേണ്ടതു. ആരോടെങ്കിലും പറയിൻ.

മല്ലാക്ഷീമണി കണ്വപുത്രിയിവളു—
ല്ലുല്ലാസി വൈദൎഭി ഞാൻ,
ചൊല്ലാമെങ്ങിനെ പിന്നെയെന്നിലുളവാ-
യീടുന്നു കാമജ്വരം?
നല്ലാക്കിങ്ങിനെയുള്ളതാം പനി വരാ-
മെന്നിപ്പൊഴോതീടുകിൽ
പുല്ലാണായതെടോ പരിഷ്കൃതജനം
കൈക്കൊണ്ടു കൊണ്ടാടിടാ. 9

അത്രയുമല്ല,

ആമട്ടു നല്ല പനിയുള്ളൊരു നാരിമാൎക്കു
പൂമെത്ത തൊട്ടവ തണുപ്പു തരുന്നതെന്നായ്
ഈമന്നിലുള്ള കവിനിശ്ചയവും നിനച്ചാ-
ലോമന്നതാംഗി! പരിഹാസ്യമതില്ല വാദം. 10

ഈവക അന്ധവിശ്വാസങ്ങൾ പുരാതനകവികൾ പ്രചാരപ്പെടുത്തിവിട്ടുവെന്നല്ലാതെ അതിന് അടിസ്ഥാനമില്ലെന്നു നമുക്ക് അനുഭവസിദ്ധമല്ലേ!

സുശീല—തോഴി! അതൊക്കെ ശരിയാണെന്നു പക്ഷേ ഞങ്ങൾ സമ്മതിക്കാം. എന്നാൽ നിണക്ക് ഈവിധം ഒരു ഉഷ്ണം ബാധിക്കുന്നതിനെന്താണ് കാരണം?

ഇന്ദുമതി—തലച്ചോറിനു തട്ടുന്നവിധത്തിൽ വല്ലതും ആലോചിച്ചാൽ ഇങ്ങിനെ ഉഷ്ണം ഉണ്ടാകാവുന്നതാണ്. ആകയാൽ ഞാൻ പഠിക്കുന്നതിൽ അതിയായി ശ്രദ്ധ വെക്കുന്നതുകൊണ്ടായിരിക്കണം.

രത്നകാന്തി—സഖി! നീ എന്തിനാണിതൊക്കെ പറയുന്നത്? ഞങ്ങളെ മറച്ചു വെക്കേണ്ട ഒരു കാര്യമല്ലല്ലൊ നിന്റെ മനസ്സിൽ കിടന്നു കളിക്കുന്നത്.

ഇന്ദുമതി—(ലജ്ജയോടുകൂടി) തോഴികൾ പറയുന്നതു ശരി തന്നെ. പക്ഷേ എനിക്കു വെളിവിൽ പറവാൻ ലജ്ജ കൊണ്ടു കഴിയുന്നില്ലെന്നേയുള്ളു.

(അണിയറയിൽ)

തങ്കത്താരിനു നാണമേകി വിലസും
തങ്കാന്തിയാം നീരിനാ-
ലെങ്കൽ ചേൎന്നൊരു ദുഃഖമാം ചളികള-
ഞ്ഞീടേണ്ടൊരപ്പൂരുഷൻ
തങ്കയ്യാൽ തടവീട്ടുമെന്റെ പുളകം
ചേരുന്നതാകും മുഖ-
ത്തിങ്കൽ ചുംബനമാശു ചെയ്യിട്ടുകയെ-
ന്നാകുന്നു രത്നപ്രഭൻ. 11

രത്നകാന്തി—സുശീലേ! കേൾക്കു! നിണക്കിപ്പോൾ കാൎയ്യം മനസ്സിലായില്ലേ?

ഇന്ദുമതി—സുശീലേ! എന്താണ് ആ കിളി അസംബന്ധം പറയുന്നത്?

രത്നകാന്തി—തോഴി! നിന്റെ അറയുടെ ഉമ്മറത്തുള്ള ശാരികയാണ് ആ പറയുന്നത്. ഇത് അസംബന്ധവത്ത

മാനമാണോ? സാംബന്ധവർത്തമാനമല്ലേ പറയുന്നത്?

സുശീല—രതികാന്തി! ഇനിയും തോഴി നമ്മെ മറച്ചുവെക്കുന്നത് എന്തിനാണ്?

കാന്തകൻ—ദൈവമേ! ശാരികയുടെ വാക്ക് ഏതാനുംകൂടി സംബന്ധിപ്പിക്കുന്നുണ്ടോ? രണ്ടുപേൎക്കും ഛായ ഒരുപോലെ ഇരിക്കുന്നതുകൊണ്ട് എന്റെ മനസ്സിനെ എല്ലാ സമയവും വ്യാകുലപ്പെടുത്തുന്ന ആ രമണീയരൂപം ഇതുതന്നെയായിരിക്കുമോ? ആകപ്പാടെയുള്ള ലക്ഷണംകൊണ്ട് ഇവളുടെ അനുരാഗം ഈ നിൎഭാഗ്യവാനായ എന്നെക്കുറിച്ചാണെന്നു തോന്നിപ്പോകുന്നു.

എന്തിന്നെന്നുടെ മനമേ!
പൊന്തിയ മലയിൽ കരേറി വീഴുന്നു?
എന്തിനു മതിയെക്കിട്ടാ-
നേന്തി വൃഥാ വിഡ്ഢിയായ് ഭവിക്കുന്നു? 12

അങ്ങിനെ വിചാരിക്കേണ്ടുന്ന ആവശ്യം ഇല്ല.

ഒരു സമയം പാൎത്താലി-
ത്തരുണി നമുക്കായിയെന്നു വന്നേക്കാം;
പുരുഷന്നെഴുന്നതാകും
പുരുഭാഗ്യമൊരുത്തനും ഗണിക്കാമോ? 13

അയ്യോ! അങ്ങിനെ വരുമോ? എന്റെ അവസ്ഥ ഇവിടെ എത്ര നിസ്സാരം! ഇവരും എത്ര യോഗ്യതാപദവിയിലിരിക്കുന്നു. ആകട്ടെ, ഇവരുടെ സംഭാഷണം മുഴുവൻ കേൾക്കതന്നെ.

ഇന്ദുമതി—തോഴി! ആ ശാരികയെ എവിടെയെങ്കിലും കൊണ്ടുപോയി വിട്ടേച്ചു വരു.

രത്നകാന്തി—എന്തിനാണ്? അതു ശരിയല്ലേ പറയുന്നത്?

ഇന്ദുമതി—തോഴികളേ! നിങ്ങൾ ഇങ്ങിനെ ബുദ്ധിമുട്ടിക്കുന്നപക്ഷം ഞാൻ സ്വകാൎയ്യമായ ഈ വാസ്തവം പറഞ്ഞുകളയാം. (എന്നു ചെകിട്ടിൽ പറയുന്നു).

കാന്തകൻ—

അല്പഭാഗ്യനിവനെ പ്രിയാഖ്യയാ-
ലുല്പലാക്ഷിമണിതാൻ വിളിക്കുമോ?
തല്പസീമനി പിടിച്ചിരുത്തുമോ
തല്പദത്തിനധികാരിയോയിവൻ? 14

എന്മനസ്സിലിയലുന്നപോലവേ
തന്മനസ്സിലുമുദിക്കുമോ പ്രിയം?
ഇമ്മനോജ്ഞമുഖിയോടുകൂടി ഞാൻ
തിന്മവിട്ടു ഭുവനത്തിൽ വാഴുമോ? 15

ഇത്യാദികളായ എന്റെ ചിന്തകൾക്ക് ഈ സംഭാഷണം ഒരു ഉത്തേജകമായിത്തീൎന്നിരിക്കുന്നു. ഈശ്വരാ! ഇനി ഞാൻ എന്തു ചെയ്യേണ്ടു?

(അണിയറയിൽ)

അല്ലേ! സുശീലാരത്നകാന്തികളേ! നിങ്ങളെ രാജ്ഞി വിളിക്കുന്നു. അവിടെ ചെന്നു ചേരുവിൻ.

സുശീലയും രത്നകാന്തിയും—ഇന്ദുമതി! ഞങ്ങൾ ക്ഷണത്തിൽ പോയി വന്നുകളയാം. നീ ഇവിടെ പൂപറിച്ചുകൊണ്ടുതന്നെ നിൽക്കു (പോയി)

ഇന്ദുമതി—ഇവർ എന്റെ ഈ കള്ളി അമ്മയുടെ മുമ്പിൽ

പ്രസംഗിക്കുകയില്ലായിരിക്കാം. കഷ്ടമേ! എൻെറ മനോവൃത്തി ഇത്ര വേഗം മാറിയല്ലൊ. ഇതുവരെ എത്രയും വിശ്വസ്തകളായിരുന്ന സഖികളെ എനിക്കു വിശ്വാസമില്ലാതായിത്തുടങ്ങിയല്ലൊ. (പൂക്കൊട്ടയിൽനോക്കി) ഓ-പൂ ധാരാളമായി. ആകട്ടെ ഇതുംകൂടി പറിച്ചു കളയാം (എന്നു കൈനീട്ടുമ്പോൾ വെള്ളത്തിൽ കാലുതെററി വീഴുന്നു)

കാന്തകൻ—കഷ്ടമേ! ഇവൾ വെള്ളത്തിൽ വീണുപോയോ! ഇപ്പോൾ ചെന്നു പിടിച്ചു കയററിയാലോ? അത് ഒരുസമയം ഉചിതമായെന്നും അനുചിതമായെന്നും വന്നേക്കാം. ഏതെങ്കിലും അവൾ പൊന്തിക്കഴിഞ്ഞു ഇനി പറയുന്നതു കേൾക്കതന്നെ.

ഇന്ദുമതി—

രയമേറുകയാൽ പൊയ്ക-
ക്കയമതിലയ്യോ! പതിച്ചുപോയീ ഞാൻ;
കയറാൻ വയ്യാതുള്ളോ- 16
രിയമാരെ വിളിച്ചു ഹന്ത! കരയേണ്ടു?

സുകുമാരികളായ സുശീലാരത്നകാന്തികളേ! നിങ്ങളുംകൂടി എന്നെ പിടിച്ചു കയററുന്നതിന് എത്തുന്നില്ലല്ലോ.

കാന്തകൻ—(അടുത്തു ചെന്ന്)

എന്തിനു തോഴികളെടോ? കളവാണി! നിന്നെ-
പ്പൊന്തിച്ചു ഞാനയി! കരയ്ക്കിലണച്ചുകൊള്ളാം;

ഇന്ദുമതി—(മുങ്ങിപ്പൊങ്ങി കേട്ടുംകൊണ്ട്.)

എന്തിന്നു ഹന്ത! കരുണാമൃതനാം ഭവാൻതാൻ
ചിന്തിച്ചിട്ടുന്നു കരയോറക വേഗമെന്നെ. 17

(കാന്തകൻ വേഗത്തിൽ സരസ്സിൽ ചാടി എടുത്തു കരെയണക്കുന്നതായി നടിക്കുന്നു.)

ഇന്ദുമതി—(കയറിനിന്നു് ലജ്ജയെ നടിച്ചുംകൊണ്ടു് വിചാരം)

ആരിതെന്നുടെ മനഃപ്രിയം തരു-
ന്നോരിവൻ മൃദുതനുപ്രഭോജ്വലൻ
നാരിമാരുടെമനം മിരട്ടുവാൻ
പാരിലെത്തിയൊരു സോമദേവനോ! 18

പണ്ടഹോ! പരമയക്ഷിയോതി ഞാൻ
കണ്ട മർത്ത്യനിവിടുന്നു തന്നെയോ!
ഇണ്ടൽകൊണ്ടു വളരും ഭ്രമങ്ങളോ
കണ്ടതിന്നിഹ കിനാവുതന്നെയോ! 19

ദൈവമേ! ഇതു് അദ്ദേഹമല്ലെങ്കിൽ ഇപ്പോൾ മരിക്കേണ്ടതായിരുന്നുവല്ലോ. അപ്രകാരമാണല്ലോ അന്നു യക്ഷി തന്നതായ ഈ മോതിരത്തിന്റെ പ്രഭാവം. പക്ഷെ ഇദ്ദേഹത്തിന്റെ പേരു ചോദിച്ചാലോ! അതിനും എന്നെ ലജ്ജ അനുവദിക്കുന്നില്ലല്ലോ. എന്തു ചെയ്യേണ്ടു? ആ തോഴികൾ ഇപ്പോൾ ഇങ്ങോട്ടു വന്നിരുന്നു എങ്കിൽ എത്ര നന്നായിരുന്നു.

(അണിയറയിൽ)

സഖി—ഇന്ദുമതി! ഇതാ ഞങ്ങൾ എത്തിപ്പോയി.

ഇന്ദുമതി—ഓ! സഖികൾ എത്തിപ്പോയോ നന്നായി.

(അനന്തരം സുശീലയും രത്നകാന്തിയും പ്രവേശിക്കുന്നു)

രത്നകാന്തി—(വിചാരം) ഈ നില്ക്കുന്ന പരമകോമളനായ യുവാവ് ആരായിരിക്കും?

(ഇന്ദുമതി അടുത്തുചെന്നു ചെവിയിൽ പറയുന്നു.)

സുശീല—(കാന്തകനോട്) മഹാമഹിമാവായിരിക്കുന്ന ഇവിടുന്ന് ഏതൊരു ദേശത്തെയാണ് സ്വജന്മംകൊണ്ടു അലംകരിക്കുന്നത്? ഏതൊരു ദേശത്തേയാണ് സ്വനിർഗ്ഗമനംകൊണ്ടു വ്യഥാകുലമാക്കിത്തീർക്കുന്നത്? എന്നും മററുമുള്ള വിവരങ്ങൾ വിസ്തരിച്ചു പറയുന്നതിനു ഞങ്ങളുടെ സഖി ആവശ്യപ്പെടുന്നു.

കാന്തകൻ—നിങ്ങളുടെ 'സഖിക്ക് അങ്ങിനെ ആവശ്യം വരുന്ന പക്ഷം അതെല്ലാം വഴിയെ അറിയുമാറാകും. ഇപ്പോൾ ഞാൻ ഒരു ക്ഷത്രിയവംശ്യനും ഇവിടുത്തെ ഒരു ഉദ്യോഗസ്ഥനുമാണെന്നു ധരിച്ചാൽ മതി.

രത്നകാന്തി—ആകട്ടെ, സഖി! നിന്റെ സംശയംതന്നെ അനാവശ്യമാണെന്നാണ് എന്റെ അഭിപ്രായം. സ്വാത്മാവിനെ പരിപാലിച്ചുതന്ന ഇദ്ദേഹത്തിനു നീ എന്തുകൊണ്ട് ഇതുവരെ ഒന്നും പ്രതിഫലം കൊടുത്തില്ല?

ഇന്ദുമതി—തോഴി! ഞാൻ എന്താണ് കൊടുക്കേണ്ടത്?

രത്നകാന്തി—ഈ കയ്യിൽ ഇരിക്കുന്ന താമരപ്പൂവുതന്നെ.

(ഇന്ദുമതി ലജ്ജയോടുകൂടി സുകുമാരനായ കാന്തകന്റെ കയ്യിൽ വെക്കുന്നു)

കാന്തകൻ (വിചാരം).

സരസിജമുഖിയീത്താരെൻ
കരമതിലർപ്പിച്ചു മട്ടു കരുതുമ്പോൾ

അരമിവളുടെ ഹൃൽപൂവും
പരമിവനർപ്പിച്ചപോലെ തോന്നുന്നു. 20

അതിനാൽ ഞങ്ങളുടെ പാണിഗ്രഹണമഹോത്സവമാകുന്ന ഒരു നാടകത്തിന്നു പൂൎവ്വാംഗമായിത്തന്നെയാണ് കലാശിച്ചിരിക്കുന്നത് ഇനി ദൈവമതംപോലെ വരട്ടെ. അല്ലാതെയെന്തു ചെയ്യാം?

രത്നകാന്തി—സഖി! ഇന്ദുമതി! നിന്റെ പ്രത്യുപകാരം വളരെ വിശേഷമായി സംശയമില്ല.

(ഒരു ദാസി ബദ്ധപ്പെട്ടു പ്രവേശിച്ച്)

ദാസി—രത്നകാന്തി! സുശീലേ! നിങ്ങൾ രണ്ടുപേരോടും രാജകന്യകയോടുകൂടി ദേവാലയത്തിലുള്ള കുളത്തിലേക്കു ചെല്ലുന്നതിനു മഹാരാജ്ഞി കല്പിച്ചിരിക്കുന്നു. (പോയി)

സുശീല—അല്ലയോ! മഹാനുഭാവ! ഞങ്ങൾക്ക് ഇനി രാജ്ഞിയുടെ ആജ്ഞയെ അനുസരിച്ച് ഇപ്പോൾ പിരിയേണ്ടിവന്നിരിക്കുന്നു.

(ഇന്ദുമതി രത്നകാന്തിയുടെ മുഖത്തുനോക്കിനില്ക്കുന്നു)

രത്നകാന്തി—(കാന്തകനോട്)മഹാനുഭാവനായ അങ്ങയോട് "എന്നെന്നും വിസ്മരിക്കാതിരിപ്പാനും ഇപ്പോൾ പോകുന്നതിന് അനുവദിപ്പാനും" ആയി ഞങ്ങളുടെ ഈ ഇഷ്ടതോഴി അപേക്ഷിക്കുന്നു.

കാന്തകൻ— ഭവതി! രത്നകാന്തി!

മറക്കീസ്നേഹമെന്നും ഞാൻ മറക്കാ മൃതനാകിലും;
ഉരക്ക സഖിയോടായിട്ടുറെക്കവതിനായിദം. 21

എന്നാൽ ഇനി ഞാനും നിങ്ങളുടെ ഇഷ്ടസഖിയോട് അവളുടെ അപേക്ഷയെത്തന്നെ തിരിയെ ചോദിക്കുന്നു. എന്നുതന്നെയല്ല നേരം വൈകിയതിനാൽ പോകയുംചെയ്യുന്നു. (എന്നുപോയി)

രത്നകാന്തി— ഇനി നമ്മൾക്കും പോവുക. (എന്ന് എല്ലാവരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

---

## മൂന്നാമങ്കം

(അനന്തരം ഗോപാലദാസൻ പ്രവേശിക്കുന്നു)

ഗോപാലദാസൻ— ഇന്നലെയും ഇന്നും എന്തു ലഹളയാണ് ഈ കൊട്ടാരത്തിൻെറ ഉള്ളിൽ നടക്കുന്നത്. ഇതുസകലം ആ ഏഷണിക്കാരത്തിയായ രാജ്ഞിയുടെ പണിയാണ്. തൻെറ മക്കളേയും ജേലിലിടേണമെന്ന് മററ് ആക്കെങ്കിലും തോന്നുമോ? ഇതൊന്നും ഒരു ഈച്ചയുംകൂടി അറിയാതെയാണ്. മന്ത്രിയുമായി ആലോചനകഴിഞ്ഞു. കാന്തകനു മരണശിക്ഷതന്നെയാണത്രെ. കഷ്ടമേ! സാധുകാന്തക! നീ ജേലിൽ ഇരുന്ന് ഇതൊന്നും അറിയാതെ ഇപ്പോൾ മരിക്കുമല്ലോ (പദശബ്ദം കേട്ടതായി നടിച്ചിട്ട്) ആരാണത്?

(അണിയറയിൽ)

ഞാൻതന്നെയാണ്.

ഗോപാലദാസൻ— ഐ: തരളികയോ? എന്താണിപ്പോൾ പുറപ്പെട്ടത്? ഇന്ന് ഉദ്യാനംകാവൽ ഇല്ലേ?

(അനന്തരം തരളികപ്രവേശിക്കുന്നു)

തരളിക— ഒന്നുമുണ്ടായിട്ടല്ല. ഒന്നു സഞ്ചരിച്ചുകളയാമല്ലോ എന്നു വെച്ചു പുറപ്പെട്ടതാണ്. ഉദ്യാനംകാവൽ അംബാലികവക്കൽ ഏല്പിച്ചിട്ടുണ്ട്.

ഗോപാലദാസൻ— എന്താണ് നീ ഇവിടുത്തെ കഥയൊന്നും അറിഞ്ഞില്ലെന്നുണ്ടോ? നമ്മുടെ കാന്തകനെ കാളികാദ്വീപിൽ കൊണ്ടുപോയി വധിക്കുന്നുവത്രെ.

തരളിക— ഇല്ല, ഞാനറിഞ്ഞില്ല.

ഗോപാലദാസൻ— എടി! ശുദ്ധപൊളി പറയേണ്ടാ. കാന്തകനെ ഇപ്രകാരം വധിക്കുന്നതിനു നീയല്ലേ പ്രഥമകാരണം? ഇതിന്റെ വിവരം ഞാനൊന്നു വിസ്തരിച്ചു പറയാം. എന്നാൽ ഇതു നീതന്നെ ഓൎമ്മിക്കും.

തരളിക— ഈശ്വര! എന്താണീപ്പറയുന്നത്. കാന്തകനെ കൊല്ലുന്നതിനു ഞാൻ പ്രഥമകാരണമാണെന്നോ? കഷ്ടം! ആകട്ടെ; വിവരം പറയൂ.

ഗോപാലദാസൻ— ഓ പറയാം. ഇന്നലെ വൈകുന്നേരം തിരുമനസ്സുകൊണ്ടു പള്ളിയറയിൽ എഴുനള്ളിയപ്പോൾ രാജ്ഞി വ്യസനിച്ചുംകൊണ്ടു കിടക്കുന്നതുകണ്ടു. അപ്പോൾ അവിടുന്ന് ഇങ്ങിനെ അരുളിച്ചെയ്തു:—

'വയ്യാതെന്തു കരഞ്ഞിടുന്നു വരനാ-
മിയ്യാളെടോ നിന്മതം
ചെയ്യാനേതുവിധത്തിലും ചിതമൊടും
തെയ്യാറതാൻ വല്ലഭേ!

കയ്യാൽ ചിന്നിയ ഭൂഷയംഗമതിലീ-
നിയ്യാശ്രുചേർത്തീടെടോ
പൊയ്യാവില്ല പറഞ്ഞതെൻ സുമുഖി! യി-
ക്കയ്യാണ സത്യം പ്രിയേ.' 1

രാജ്ഞി ഇതു കേട്ടു് ആശ്വസിക്കുന്നതായി നടിച്ച് ക
രുവിധം എഴുനീററിരുന്നു് ഇങ്ങിനെ പറഞ്ഞു:—

'എന്നുടെയഭിമതമെല്ലാ-
മിന്നു ഭവാൻ ചെയ്യുമെന്നുവെച്ചാലും
മന്നവ! സുതയാലേന്തും
നിന്നവമാനം നിനച്ചു ദുഃഖം മേ'. 2

അപ്പോൾ തിരുമനസ്സുകൊണ്ടു പരിഭ്രമിച്ചു വാസ്തവം
മുഴുവൻ പറയുന്നതിന്നു രാജ്ഞിയോടാവശ്യപ്പെട്ടു. രാ
ജ്ഞി ഇങ്ങിനെ മറുവടിപറഞ്ഞു:—

'ചൊല്ലേറുന്ന ഭവാന്റെ പുത്രി വരനേ-
യില്ലാതെ ഗർഭം ധരി-
ക്കില്ലേ? ചൊൽക ഭവാനൊ പേരുമതിനാൻ
ചീത്തപ്പെടുന്നില്ലയോ?
അല്ലേ വല്ലഭ! മെല്ലെയീത്തടവിലേ-
ക്കദ്ധ്യക്ഷനാം കാന്തകൻ
തെല്ലേറെദ്ദിനമിങ്ങു നില്ക്കിലറിയാ-
മിക്കാര്യമൊക്കെത്തവ'. 3

അതുകേട്ടു രാജാവ് 'പ്രിയേ! എന്തു പറയുന്നു? കാന്ത
കൻ എത്ര സാധുവാണ്? അവൻ ഈവക വഷളത്തം
ചെയ്യുമെന്ന് ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല'

എന്നു പറഞ്ഞു. രാജ്ഞി ഈ വാക്കു കേട്ടു മടിയിൽ നിന്ന് ഒരു എഴുത്തെടുത്തു കാണിച്ച് 'ഇതാ ഇന്ന് ഇപ്പോൾ മകരന്ദോദ്യാനം കാവൽക്കാരത്തിയായ തരളിക കൊണ്ടുവന്നതന്ന ഒരെഴുത്താണിത്' എന്നു പറഞ്ഞു രാജാവിന്റെ കയ്യശം കൊടുത്തു. രാജാവ് ഈ എഴുത്തു വായിച്ച ഉടൻ മന്ത്രിമാരെ വരുത്തി ആലോചിച്ചു കാന്തകനെ ഞാൻ മുൻപറഞ്ഞപോലെ കൊല്ലുന്നതിനും കന്യകയേയും സഖികളേയും ഇവിടുത്തെ ജയിൽ ഇട്ടു പൂട്ടുവാനും മററും പല നിശ്ചയങ്ങൾ ചെയ്തു. അതിനുശേഷമാണ് ഇന്നലെ പള്ളിക്കുറുപ്പായിരിക്കുന്നത്.

തരളിക—കഷ്ടമേ! കഷ്ടം! ഇപ്പോൾ ഞാൻതന്നെയാണ് ഇതിനു കാരണഭൂത എന്നു പറയേണ്ടിവന്നിരിക്കുന്നു. സാധുവായ കാന്തക! ഞാൻ എഴുത്തു വായിച്ചുനോക്കാതെ രാജ്ഞിയുടെ കയ്യിൽ കൊടുത്തതിനാൽ നിനക്ക് ഈ അവസ്ഥ വന്നുവല്ലോ. ഞാൻ ഇനി എന്തു വേണ്ടു (എന്നു കരയുന്നു.)

ഗോപാലദാസൻ— തരളികേ! നീ എന്തിനാണ് കരയുന്നത്? ഇതു നീ അറിയാതെ ചെയ്തു പോയതല്ലേ? അതിൽനിന്ന് ഈ കേസ്സ് ഇത്രത്തോളം പൊന്തിച്ചു കൊണ്ടുവന്നത് ആ ഏഷണിക്കാരിയായ രാജ്ഞിയല്ലേ? ഈവിധം കഠിനകൃത്യം ആക്കെങ്കിലും ചെയ്വാൻ ഉറയ്ക്കുമോ?

ഉണ്ണിയാം കാന്തകൻതന്നെ
വണ്ണിലാക്കുവരേക്കുകിൽ

പെണ്ണിന്നുറക്കാത്ത കയ്യീ-
മണ്ണിലില്ലെന്നു നിശ്ചയം. 4

ആകട്ടെ, ഞാൻ കാന്തകനോടു ചെന്നു് ഈ വിവരം പറയട്ടെ.

തരളിക— ഞാനും ഇനി നടക്കുന്ന വിവരങ്ങളെങ്കിലും അറിയുന്നതിനുവേണ്ടി ദേവിയുടെ അടുക്കലേക്കു പോകട്ടെ.

(എന്നു രണ്ടാളും പോയി)

പ്രവേശകം കഴിഞ്ഞു.

(അനന്തരം മനോവ്യസനത്തെ നടിച്ചുംകൊണ്ടു കാന്തകൻ പ്രവേശിക്കുന്നു)

കാന്തകൻ— പ്രാണപ്രേയസിയായ ഇന്ദുമതിക്കു് എന്നോടു് ഇപ്രകാരമുള്ള അനുരാഗമുണ്ടായിരിക്കേ എന്റെ ഈ ദുഃഖശാന്തിക്കു, രാജാവിന്റെ ഒരു ഓർ സമ്മതം മാത്രമേ ഇനി ആവശ്യമുള്ളൂ. അതു സാധിക്കുമെന്നു് ഈ അവസരത്തിൽ എനിക്കു തോന്നുന്നതുമില്ല. അഹോ എന്റെ അവസ്ഥ ഇങ്ങിനെയായല്ലോ. പ്രിയേ ഇന്ദുമതി! നിന്റെ ആ എഴുത്തുതന്നെ എത്രമാത്രം എന്നെ വ്യാകുലപ്പെടുത്തുന്നു. അതിനാലല്ലേ ഞാൻ,

നിയ്യാണു ഹന്ത! വലുതായൊരു ശോകഭാര-
മിയ്യാളുകൾക്കിഹ വരുത്തിയതില്ല വാദം;
തിയ്യാകയാലറിക നീ മൃദുവാകുമെന്റെ
കയ്യാസ്ത്രു കൈവെടിക മൽപ്രിയതന്നെഴുത്തേ! 5

എന്നു പറഞ്ഞ് അതിനെ വലിച്ചെറിഞ്ഞതു കഷ്ടം! അതിലത്തെ ഒരു ശ്ലോകം എനിക്കിപ്പോഴും ഓൎമ്മവരുന്നു. എന്തെന്നാൽ:—

ഹേ കാന്ത കാമസമനായിട്ടുമങ്ങുദയോടൊ-
ത്തേകാന്തസീമ്നിയിവളെന്നു കഴിച്ചുകൊള്ളും?
ശ്രീകാന്തനന്ദനനിവൾക്കു തരുന്നു താപം
ശോകാന്തമിന്നു മതിവക്ത്ര! തരേണമേ മേ. 6

എന്നാണെന്നു തോന്നുന്നു. അല്ലേ! ദൈവമേ! നീ എന്തിന് എന്നെ ഇത്ര വിഡ്ഢിയായി സൃഷ്ടിച്ചു? എന്തുകൊണ്ടെന്നാൽ,

വെള്ളക്കണ്ണാടിപോലുള്ളവളുടെ കവിളിൽ-
കൈകളെച്ചേൎത്തുവെന്നാ-
ലുള്ളത്തിൽ പേടിമൂലം കിടുകിടെ വിറയാ-
ലൊന്നു ചുംബിച്ചതില്ല;
വെള്ളത്തിൽ ചാടിയപ്പോളവളുടെയധരം
തൊട്ടു ഞാനൊട്ടതിങ്കൽ
കള്ളംകൂടാതെയോലും പുതുസുധയെ നുക-
ൎന്നില്ല ദുൎദ്ദൈവയോഗാൽ. 7

മനസ്സേ! നീ എന്തിനു പരിതപിക്കുന്നു?

കഷ്ടകാലമിയലുന്ന പൂരുഷൻ
തുഷ്ടനായിടുകയില്ല ലേശവും;
ദിഷ്ടമന്‌പൊടണയുന്നകാലമ-
ങ്ങിഷ്ടപൂൎത്തിയുമുദിക്കുമേവനും. 8

ദൈവമേ! എന്റെ സഖാവിന്റെ നിലയിലെങ്കി

ലും എന്നെ ആശ്വസിപ്പിപ്പാൻ ഒരാൾ ഇവിടെ ഇല്ലല്ലോ. പ്രിയേ! ഇന്ദുമതി! നീ എന്തിനാണ് നിന്റെ ഹൃദയപ്രിയനായിരിക്കുന്ന എന്നെക്കൂടി ഇങ്ങിനെ ദുഃഖിപ്പിക്കുന്നത്? അല്ലെങ്കിൽ ഇതു നിന്നോടു പറയേണ്ട വാക്കല്ല. ഞാൻ ഇങ്ങിനെ വലയുന്നതിന്നു പ്രധാനകാരണഭൂതൻ കാമദേവനാണെന്നല്ലേ ചില പുരാതനന്മാരുടെ പക്ഷം. എടോ! കാമദേവ!

വയ്യാതിങ്ങിനെ വാണിടും മനുജരെ-
ക്കാണാതൊളിച്ചങ്ങു നി-
ന്നെയ്യാനാൎക്കു പരം പ്രയാസമെവനും
ചെയ്യാത്ത കയ്യാണിദം;
നിയ്യാണോ ഹരിതൻ മകൻ ത്രിദശനും
നിയ്യോ സുമാസ്ത്രാഖ്യനും?
പൊയ്യാണോതുവതൊക്കയും ഭുവി ജനം
നിന്നെക്കുറിച്ചോൎക്കുകിൽ. 9

ഇളംകാറ്റേ! നിയ്യാണോ ഈ കള്ളനായ കാമദേവന്റെ രഥമാണെന്നു പറയപ്പെടുന്നവൻ? എടോ!

പേരാളും മലയാദ്രിതന്റെയടിവാ-
രത്തിന്നു വന്നാദരാ-
ലീ രാജ്യത്തു പരന്നടിക്കുമൊരു നീ-
യിന്നെൻ നറുന്തെന്നലേ!
നേരായപ്പൊട്ടിയൊളിച്ചതീ മലയിലെ-
ക്കാറ്റോടു ചേൎന്നെന്തെടോ!
പോരാൻ കാരണമെന്നൊയിട്ടു കഷ്ടണി-
പ്പിക്കാനുറച്ചോ പരം? 10

മാറേറവന്നൊരു തങ്കഭാരമഖിലം
രത്നീകരിപ്പാനിളം-
കാറേ! സൽഫണിയൂതിടുന്ന സമയ-
ത്തുണ്ടായതോ നീയ്യെടോ!
എന്താണിങ്ങിനെ ചെയ്വതെന്നു നിരൂപി-
ച്ചീടൊല്ല നീയെത്രയും
സന്താപം മമ നൽകിടുന്നിതു വിയ-
പ്പിക്കുന്നു മെയ്യാകവേ. 11

ആരാണീവരുന്നത്?
കൂട്ടിത്തന്നുടെ കയ്യിലുള്ള കുടയെ-
പ്പിന്നിൽ പിടിച്ചെത്രയും
മൂട്ടിൽ കീറിയ മുണ്ടു ചുററിയതുപോ-
ലൊന്നിട്ടു തന്തോളിലും
വെട്ടിത്തെല്ലു വിരുത്തിവെച്ച കുടുമ-
ക്കൂട്ടത്തെ മാടാതെക-
ണ്ടിട്ടിട്ടിങ്ങിനെ യാർവരുന്നു വഷളാ-
യീടുന്ന വേഷത്തൊടും. 12

ഓഹോ! നമ്മുടെ ദ്വാരപാലൻ ഗോപാലദാസനാണോ?
(അനന്തരം യഥോക്തവേഷനായ ഗോപാലദാസൻ പ്രവേശിക്കുന്നു)

ഗോപാലദാസൻ—എജമാനനേ! എന്താണ് ഇവിടേക്ക് ഒരു കുണ്ഠിതം കാണുന്നത്? മഹാരാജാവു കല്പിച്ച വത്തമാനം അറിഞ്ഞിട്ടായിരിക്കുമോ?

കാന്തകൻ—ഞാനൊന്നുകൊണ്ടുമല്ല മിണ്ടാതെയിരുന്നത്.

മഹാരാജാവു് എന്താണ് കല്പിച്ചതു്? ഞാനറിഞ്ഞില്ലല്ലോ.

(ഗോപാലദാസൻ ചെകിട്ടിൽ പറയുന്നു)

കാന്തകൻ—(കേട്ടു നിൎവ്വികാരനായി നിന്നുകൊണ്ടു വിചാരം) ഈശ്വര!

ഞാനായെഴുത്തു വിലവിട്ടു വലിച്ചെറിഞ്ഞ-
തീനാശഹേതുവതിനില്ലൊരു കില്ലു തെല്ലും;
ഹേ! നാഥ! നിൻകരുണകൊണ്ടു പരാസിയേററി-
ട്ടീനാം മരിക്കുരുതതിന്നൊരപേക്ഷമാത്രം. 13

ഏടോ ഗോപാലദാസൻ! താൻ തന്റെ പണിക്കു പോവുക. ജന്മാന്തരത്തിലും സ്നേഹം ഉണ്ടായിരിക്കട്ടെ.

ഗോപാലദാസൻ—അങ്ങിനെതന്നെ (പോയി)

കാന്തകൻ— ഈ വിവരം പ്രിയയായ ഇന്ദുമതി അറിയുമ്പോൾ എത്ര ദുഃഖിക്കും (പദശബ്ദം കേട്ടതായി നടിച്ച്) ഓഹോ! ഇത് ഇന്ദുമതിയായിരിക്കുമോ? എന്നാൽ അവളോടു യാത്രപറകതന്നെ (എന്നു ചുററി നടക്കുന്നു.)

(അനന്തരം വീശിക്കൊണ്ടു സഖിമാരും, ആശ്വസിപ്പിച്ചുംകൊണ്ടു ധാത്രിയും, കിടന്നുംകൊണ്ട് ഇന്ദുമതിയും പ്രവേശിക്കുന്നു)

ധാത്രി—കുട്ടി! അദ്ദേഹത്തിന്റെ മറുപടിയിതാ നീ വായിച്ചു നോക്കിയില്ലേ?

ഇന്ദുമതി—അമ്മേ! വായിച്ചുനോക്കി. എന്നിട്ടെന്താണ്?

അതിൽ അദ്ദേഹം സന്ധ്യക്കു മുൻപായി ഇവിടെ പരാമെന്നല്ലേ പറഞ്ഞിരിക്കുന്നത്? പിന്നെ ഇത്ര നേരമായിട്ടും വന്നില്ലല്ലൊ.

കാന്തകൻ—ഇതാ ഇന്ദുമതി. ദൂരത്തുനിന്നുതന്നെ കാണ്മാനുണ്ട്.

പാരം ഗന്ധം വിളത്തും, പനിമതിസമമാ-
മാസ്യമേററം കരിഞ്ഞും,
സാരം പൂമേനി വാടിസ്സരസിജബിസമെ-
ന്നുള്ളവണ്ണം കുഴഞ്ഞും,
ആരമ്പൻ തട്ടി വിട്ടീടിന കട്ടകണകൾ-
ക്കൊക്കെയും ലക്ഷ്യമായി-
സ്സ്വൈരം കൂടാതെതാനെൻപ്രിയരമണി കിട-
ക്കുന്നു പൂമെത്തയിന്മേൽ. 14

എന്നാണെൻപ്രിയനിങ്ങു വന്നു തളിരും
തോൽക്കുന്ന തങ്കൈയ്യിനാ-
ലെന്നാത്മപ്രിയയെന്നു ചൊല്ലി മമ ക-
യ്യമ്പിൽ ഗ്രഹിക്കുന്നതും
എന്നാലോചനപൂണ്ടു കാമവശയായ്
ദുഃഖിച്ചുവാഴുന്നൊരീ-
പ്പൊന്നോമൽപ്രിയയെൻെറയിദ്ദശയഹോ!
കേട്ടാൽ പൊറുത്തീടുമോ? 15

ഇന്ദുമതി—അമ്മേ! അദ്ദേഹം അങ്ങിനെ പറഞ്ഞു ചതിക്കുന്ന ഒരു ചപലപുരുഷനല്ലല്ലൊ.

ധാത്രി—കുട്ടി! എങ്കിലും രാജാവിനെ ഭയപ്പെട്ടിട്ടായിരി

ക്കാം ഇങ്ങോട്ടു പോരാതിരുന്നത്. നിങ്ങൾ തമ്മിലുള്ള ഈ സ്നേഹം അറിഞ്ഞാൽ രാജാവിനും രാജ്ഞിക്കും അത്ര രസമുണ്ടാകയില്ല.

ഇന്ദുമതി—എന്താണീപ്പറയുന്നത്? യക്ഷി എന്നോടു സത്യം ചെയ്തുപറഞ്ഞിട്ടുള്ള ആ വാക്കുകൾ കളവായിരിക്കുമോ? എന്നുതന്നെയല്ല, ഇദ്ദേഹം ഒരു ക്ഷത്രിയനുമാണല്ലോ. കണ്ടാൽ നല്ല സുമുഖനും വീരപുരുഷനുമാണ്. പിന്നെ ധനം ഒന്നുമാത്രം ഇല്ലെന്നു വിചാരിച്ച് അച്ഛനും അമ്മയും ഇദ്ദേഹത്തെ തള്ളിക്കളഞ്ഞ് എനിക്ക് അപാരമായ ദുഃഖത്തെ ഉണ്ടാക്കുമോ? അഥവാ അവർക്കു രസമില്ലെങ്കിൽ,

എന്താ ഞങ്ങളിലുള്ളോരീ സ്ഥിതിയറി-
ഞ്ഞെന്നാകിലന്നാളില-
ങ്ങെന്താതൻ പലതും മറന്നു പറവാ-
നാളായി വന്നീടുമോ?
ചെന്താർബാണശരാർത്തിപെട്ടു വലയു-
ന്നെന്നെയും നോക്കാതെ ക-
ണ്ടെന്താണെന്നുടെയമ്മയപ്പുരുഷനെ-
ത്തള്ളിച്ചു കൊല്ലിക്കുമോ? 16

കാന്തകൻ—(പ്രവേശിച്ച്, ഉറക്കെ)

നമ്മുടെ വാർത്തയെടോ നി-
ന്നമ്മ പറഞ്ഞിട്ടറിഞ്ഞു നിൻതാതൻ;
നന്മതിമുഖി! മാം നാളേ
നന്മവരുത്താതെകണ്ടു കൊല്ലിക്കും. 17

(എല്ലാവരും കേട്ട പരിഭ്രമിക്കുന്നു. ഇന്ദുമതി മൂർഛിക്കുന്നു. സഖികൾ ശീതോപചാരങ്ങൾ ചെയ്യുന്നു)

ഇന്ദുമതി—(എഴുനീററ വിലപിക്കുന്നു) കഷ്ടമേ കഷ്ടം! ദൈവമേ! എന്തു ചെയ്യേണ്ടു? എനിക്ക് ഇവിടുത്തെ ക്കുറിച്ച വിലപിക്കാനും നാവു പൊന്തുന്നില്ലല്ലൊ. അങ്ങുന്ന എനിക്ക വൈധവ്യദുഃഖം വരുത്തുവാനോ വിചാരിക്കുന്നത്? അച്ഛ! പ്രിയപ്പെട്ട പിതാവേ! മാതാവേ! നിങ്ങളുടെ ഏകസന്താനമായ എന്നെ ഇങ്ങിനെ ദുഃഖിപ്പിക്കുന്നതിന്ന നിങ്ങൾക്ക് എങ്ങനെ മനസ്സു വന്നു? ഹേ യക്ഷി! വിതഥസത്യേ!

കേൾക്ക യക്ഷി! തവ വാക്ക വിശ്വസി-
ച്ചുൾക്കരുത്തൊടുമിരുന്നിരുന്ന ഞാൻ
ഇക്കണക്ക വിധവാത്വമെത്തുകിൽ
തീക്കനൽക്കുഴിയിലിന്ന ചാടുമേ. 18

ധാത്രി—കുട്ടി! ഇത്രയൊക്കെ ബുദ്ധിയുള്ളവളായിട്ടും പുരാതനസ്ത്രീസമ്പ്രദായം നിലനിൎത്തുവാനായി വിചാരിക്കുന്നതാണ് എനിക്കത്ഭുതം. നീ വിവാഹം കഴിക്കാതെ വിധവയാകുമെന്നു പറഞ്ഞു കരയുന്നതിന്റെ താല്പൎയ്യമെന്താണ്?

ഇന്ദുമതി— അമ്മേ! ഞങ്ങൾ പാണിഗ്രഹണകൎമ്മങ്ങൾ ഒന്നും ചെയ്തിട്ടില്ലെങ്കിലും മനസാ പരസ്പരം വരിച്ചിരിക്കുന്നുവെന്ന് അമ്മക്ക നിശ്ചയമില്ലല്ലൊ? (കാന്തകനോട്) പ്രിയ!

യക്ഷനാരിയുടെ വാക്ക വിശ്വസി-
ച്ചക്ഷയപ്രമദ! കാത്തിരുന്നു ഞാൻ;

ഇക്ഷണത്തിലിയലും ശുചം തു ഞാ-
നക്ഷനാഥമുഖ! ഹാ കഥം സഹേ! 19

കാന്തകൻ—(വിചാരം) ഞാൻ ഇതിന്നൊന്നും ഉത്തരം പറവാൻ ശക്തനാകുന്നില്ലല്ലോ. (മിണ്ടാതിരിക്കുന്നു)

(അണിയറയിൽ)

വൈതാളികന്മാർ:—

സൂരൻ തൻകരമാകവേ പരിഹരി-
ച്ചബ്ധൌ പതിച്ചീടുമി-
ന്നേരം പാഞ്ഞുകിതച്ചുകൊണ്ടു വരുമീ-
സ്സാമന്തഭൂപാലകർ
താരിൻ ശോഭ കെടുത്തിടും തവ പദം
സേവിച്ചുകൊണ്ടീടുവാൻ
നേരിട്ടങ്ങിനെ നോക്കിയൂർദ്ധ്വമുഖരായ്
നില്ക്കുന്നു രാജപ്രഭോ! 20

കാന്തകൻ—പ്രിയേ ഇന്ദുമതി! ഇപ്പോൾ സന്ധ്യാകാലമാകയാൽ ഇനി നാം തമ്മിൽ പിരിയേണ്ടിവന്നിരിക്കുന്നു. ഇനി ഈ ജന്മത്തിൽ കാണുവാനും പ്രയാസം എങ്കിലും സ്നേഹം ജന്മാന്തരത്തിലും ഉണ്ടാകാനപേക്ഷ.

(അനന്തരം രണ്ടു ശിപായികളും ദാസിമാരും പ്രവേശിച്ചു കാന്തകനേയും ഇന്ദുമതിയേയും സഖികളേയും ധാത്രിയേയും പിടിച്ചുകൊണ്ടു പോകുന്നു)

(എല്ലാവരും പോയി)

മൂന്നാമങ്കം കഴിഞ്ഞു

---

# നാലാമങ്കം

(അനന്തരം യക്ഷി പ്രവേശിക്കുന്നു)

യക്ഷി—എൻെറ പ്രിയന്ന് ഏകദേശം ശാപമോക്ഷം അടുത്തിരിക്കുന്നു. രത്നപ്രഭനെന്ന ആ വത്സയുവരാജാവിനെ ഇന്നലെ വധിക്കാനായി കാളികാവനത്തിൽ കൊണ്ടുവന്നിട്ടുണ്ടെന്നു കേട്ടു. അവിടെനിന്നു വധിക്കുന്നതിനുമുമ്പെ പിടിച്ചുവലിച്ചു കൊണ്ടുവന്ന് ഇവിടെ കാട്ടിൽവെച്ചു സന്യാസിയായ രത്നചൂഡനെകൊണ്ടു "ഭ്രാന്തനായിപോക" എന്നു ശപിപ്പിച്ച്, വേട്ടയാടുവാൻ വന്നിട്ടുള്ള കേരളരാജാവിൻെറ അംശമായ എൻെറ പ്രിയനെ ആ ഭ്രാന്തയുവരാജാവിനെ കാണിച്ചു ശാപമോക്ഷം വരുത്തുന്നതിനാണ് എൻെറ ഉത്സാഹം. ഇതിൽ ചില കാര്യത്തിന്ന് അയച്ചിരുന്ന ഹേമാംഗദനെക്കാണാത്തതുകൊണ്ടുമാത്രമാണ് എൻെറ മനസ്സ് ഇപ്പോൾ വ്യസനിക്കുന്നത്. (സൂക്ഷിച്ചുനോക്കീട്ട്) ഓഹോ! ഹേമാംഗദൻ എത്തിപ്പോയോ?

(അനന്തരം ഹേമാംഗദൻ പ്രവേശിക്കുന്നു)

യക്ഷി—എന്താ ഹേമാംഗദ! പോയ വൎത്തമാനം ഒന്നു വിസ്തരിച്ചു പറയു, കേൾക്കട്ടെ.

ഹേമാംഗദൻ—പറയാം. ഞാൻ ഇവിടുത്തെ കല്പനയെ ശിരസാ വഹിച്ച് ഇന്നലെ രാത്രി കാളികാവനത്തിൽ ചെന്ന് ഒരു മരത്തിന്മേൽ കയറിയിരുന്നു. ഒരുമിച്ചു സരസസേനനും ഉണ്ടായിരുന്നു. ഏകദേശം അൎദ്ധ

രാത്രിസമയത്ത് ഒരു യുവാവും രണ്ടു ചണ്ഡാലവേഷന്മാരായ വധകന്മാരും അവിടെ വന്നുചേൎന്നു. ആ വധകന്മാൎക്ക് ഈ യുവാവിനെ കൊല്ലുന്നതിൽ വളരെ മടിയുണ്ടായിരുന്നു. അവരുടെ മുഖഭാവം കണ്ട് ആ യുവാവ് ഇങ്ങിനെ പറഞ്ഞു:—

'എന്തിനിന്നു മടി? ഭൂവരാജ്ഞ നിരസിക്കു
പാപം മിഹ മൽഗളേ
ചിന്തിടും രുധിരധാരയാലധികരക്ത-
മാക്കിടുക വാളിനെ;
ചിന്തിയാൎക്കു ലവലേശമിക്രിയ നടത്തി-
യാകിലതിനാലെഴും
പന്തികേടു നൃപനാണു കണ്ടിടുക; ദുഃഖ-
മില്ലിവനുമൊട്ടുമേ' 1

ഇതു കേട്ട് 'ഏതെങ്കിലും ചെയ്യുകതന്നെ' എന്നുറച്ച് അതിലൊരുവൻ യുവാവിനെ താഴ്ത്തി നിറുത്തി വെട്ടുന്നതിനു തന്റെ വാളുയൎത്തി. എനിക്കതു കണ്ടപ്പോൾ വല്ലാതെ വ്യസനം തോന്നി. എന്റെ ഇഷ്ടനായ സരസസേനനോട് ആ വധകന്റെ കയ്യും വാളും പിന്നിലേക്കു പിടിക്കുന്നതിന് ഏല്പിച്ചു. സരസസേനൻ അതുപ്രകാരം ചെയ്യുമ്പോൾ ഞാൻ യുവാവിനെ എടുത്തുകൊണ്ട് ആകാശമാൎഗ്ഗമായി ഇവിടെ വന്നു. ആ സമയം രത്നചൂഡൻ കുറച്ചു ദൂരെ തപസ്സുചെയ്തിരുന്നിരുന്നു. ഉടനെ അവിടെപോയി ഈ യുവാവിനെ അവന്റെ മേലിട്ടു. ആ സന്യാസിവരൻ ഉടനെ കോ

പിച്ച് എഴുനീററ ആ യുവാവിനോട്ട് 'നീ ഭ്രാന്തനായിത്തീരുക' എന്നും, എന്നോട് "ഈ അവിനയത്തിനു പാമ്പായിത്തീരുക" എന്നും പറഞ്ഞു. എങ്കിലും ഞങ്ങളുടെ പ്രണാമം സാന്ത്വവാക്ക് ഇവകളെക്കൊണ്ടു സന്തോഷിച്ച "നിങ്ങൾ ഉടനേതന്നെ ശാപമുക്തന്മാരായി ഭവിക്കുമെന്നും അതിനു ഈ യുവാവ് ഭ്രാന്തനായി സഞ്ചരിച്ച് ഇവിടെ വേട്ടക്കു വന്നിട്ടുള്ള കേരളരാജാവിൻെറ അടുക്കെ ചെല്ലുന്നസമയം താൻ പാമ്പായി ആ യുവാവിനെ കടിക്കേണ്ട"മെന്നും അനുഗ്രഹിച്ചു. യുവാവ് അപ്പോൾതന്നെ ഭ്രാന്തനായിതീൎന്ന് എങ്ങോട്ടോ നടന്നു. ആയാൾക്കു വിപ്രലംഭഹേതുവായുള്ള ഉന്മാദവും ഉണ്ട്. ഞാനും ഇതാ പാമ്പായിത്തീരുന്നു. ഇനി ഞാൻ ഞങ്ങളുടെ ശാപമോക്ഷത്തിനു ശ്രമിക്കുവാനായി കേരളരാജാവിൻെറ വേട്ടസ്ഥലത്തേക്കു പോകട്ടെ.

യക്ഷി—ശരി, വളരെ നന്നായി. സന്ന്യാസി എൻെറ ഇഷ്ടം തന്നെ പ്രവൎത്തിച്ചു. കേരളരാജാവിതാ മന്ത്രിയോടുകൂടി ഈ വനത്തിൻെറ അവസാനപ്രദേശത്തു നില്ക്കുന്നു. നീ അവിടെ ചെന്നു കാത്തുനില്ക്കുക. ഞാനും അങ്ങോട്ടുതന്നെ വരുന്നുണ്ട്.

(എന്നു രണ്ടാളും പോയി)

പൂൎവ്വാംശം കഴിഞ്ഞു.

---

(അനന്തരം കേരളരാജാവും മന്ത്രിയും പ്രവേശിക്കുന്നു)

രാജാവ്—മന്ത്രി! ഇതാ ഈ മാൻ പായുന്നതു നോക്കൂ.

ഉണ്ടയെൻപുറകിലുണ്ടിതോർത്തുടനരണ്ടു
കൊണ്ടു തലയെത്തിരി-
ച്ചിണ്ടലോടു മമ ബാഹുവിൽ ചതുരനോട്ട-
മിട്ടു പലവട്ടവും
കണ്ട മുൾച്ചെടികളൊക്കയും നിജ ജവത്തി-
നാലിഹ തകർത്തു തൻ
നീണ്ടതാം ചെവിയുയർത്തി മാനിതു കുതിച്ചി-
ട്ടുന്നു ബത! കാററു പോൽ. 2

മന്ത്രി—ആയുഷ്മൻ! അങ്ങയുടെ കുതിര പായുന്നതു കാണുന്നില്ലേ?

മാനങ്ങോട്ടു പറന്നിടട്ടെ വെടിവെ-
ച്ചീടേണ്ടനേരത്തു ഞാൻ
മാനം നോട്ടവനൊന്നയച്ചു കടിഞാ-
ണങ്ങുന്നു വേണ്ടുംവിധൌ
ഊനം വിട്ടു ഭവാനൊടിങ്ങിതിനെയഹോ
ഘോഷാരവം കൊണ്ടുര-
ച്ചാനന്ദത്തൊടു പാഞ്ഞിടുന്നു വലുതാ-
മശ്വം ത്രിവിശ്വശ്രുതൻ. 3

രാജാവ്—ശരിതന്നെ: ഞാൻ കാണുന്നുണ്ട്.

ഇന്നിതിന്റെ വലുതായ വേഗമതുകൊണ്ടു
കണ്ടിടുക നിശ്ചലം
നിന്നിടുന്ന തരുസഞ്ചയം സകലമോടി-
ട്ടുന്നവിധമായിതേ;

മന്നിലുള്ള പശ്വപക്ഷിവൃക്ഷസരസീഗ-
ണങ്ങളൊരമാത്രയിൽ
പിന്നിലായിഹ വരുന്നു ഹന്ത! ബഹുവേഗി-
യിക്കുതിര നിശ്ചയം. 4

ഇതു പാരസീകരാജാവു നമുക്കു സമ്മാനമായി അയച്ചുതന്ന ത്രിവിശപ്രശ്രുതനെന്ന കുതിരയാണല്ലൊ.

(അണിയറയിൽ)

എട പയലേ! നീ അങ്ങോട്ടു തിരുമുമ്പിലേക്കു നടക്ക്.

രാജാവ്—(കേട്ടിട്ട്) മന്ത്രി! കുതിരയെ നിറുത്തട്ടെ. നമ്മുടെ സൈന്യം ആരെയോ പിടിച്ചുകൊണ്ടുവരുന്നുണ്ടെന്നു തോന്നുന്നു. (കുതിരയെ നിറുത്തുന്നു)

(അണിയറയിൽ രണ്ടാമതും)

(കമാശി-ആദിതാളം)

ലങ്കതന്റെ നാഥ! നിന്റെ* മങ്കയെയിങ്ങു തന്നാലും* അങ്കസീമ്നി ചേൎത്തിട്ടീ ഞാൻ* സങ്കടങ്ങൾ തീൎത്തീടട്ടെ * പങ്കമററമരുമെങ്കിൽ * നിങ്കനിവു വെച്ചീടേണം. ഇന്ദുമതീ! വന്നു നമ്മെ* നിന്നുടലിൽ ചേൎത്തീടെടോ* ഇന്ദുമുഖി! നീയല്ലാതെ* എന്നുടെ രക്ഷിതാവില്ല.

മന്ത്രി—ഓഹോ! ഇതാരാണ്? രൂപംകൊണ്ടൊരു ഭ്രാന്തനെന്നു തോന്നുന്നു.

കീറിക്കീറിയ മുണ്ടു രണ്ടരയിലും
മററൊന്നു തന്തോളിലും
വാറിൽ കെട്ടിയുട്ടത്തു തങ്കുടമയെ-
പ്പിച്ചിപ്പറിച്ചുണ്ടിനെ

വാരികളുള്ള വളഞ്ഞൊരെല്ലഖിലവും
കാണുന്നമട്ടിൽ ഉട-
ത്തോരിദ്ദേഹവുമായ് വരുന്നു വികൃതി-
പ്പാട്ടൊട്ടു പാടീട്ടിവൻ. 5

(അനന്തരം ഭ്രാന്തനും യവനസൈന്യവും പ്രവേശിക്കുന്നു)

ഭ്രാന്തൻ—(രാജാവിനെ നോക്കി) ഹംസധ്വനി—ഏകതാളം
നിയ്യാണോ ഒന്നും തന്നെ* ഏന്നെ ചെയ്യാതെ ഇരിക്കുന്നു* സിംഹളേശൻ ചെയ്യുന്നാം * ക്രൂരകൃത്യമോക്കുകിൽ* സിംഹസദൃശനായ നീ * എന്തുകൊണ്ടടങ്ങുന്നു. * ഇന്ദുമതിതന്നെ നീ * തന്നുകൊണ്ടിരുന്നീടു * പിന്നെയെന്തു പിന്നെത്താൻ * ഇന്ദുമതി വന്നാലും.

രാജാവ്—എന്ത്? ഇദ്ദേഹമാണോ ഭ്രാന്തൻ?

മന്ത്രി—എന്താണിവിടേക്ക് ഇതിലിത്ര അത്ഭുതം?

രാജാവ്—ഒന്നുമില്ല. എവിടുന്നാണെന്നു ചോദിക്കൂ.

(അണിയറയിൽ)

ഭ്രാന്തല്ലൊരിപ്പുരുഷനെണ്മത! കണ്ടു വേഗ-
മേന്തുന്നൊരീക്കുതിര ചത്തൊരു യക്ഷനായി;
സന്തുഷ്ടനാമവനിതാ നൃപ! നിൻപദത്തിൽ
ചിന്തും രജസ്സു തലകൊണ്ടണിവാൻ വരുന്നു. 6

രാജാവ്—(കേട്ടിട്ട്) എന്ത് ഞാൻ പറഞ്ഞില്ലേ? ഇദ്ദേഹം ഭ്രാന്തനുമല്ല കോന്തനുമല്ല. ആകട്ടെ. എവിടുന്നാണെന്നു ചോദിക്കൂ.

മന്ത്രി—താൻ എവിടെനിന്നാണ് വരുന്നത്?

ഭ്രാന്തൻ—(നോട്ട്-ആദിതാളം) ആഴിചൂഴുമൂഴിതൻ * ര

ക്ഷ ചെയ്യുവാൻ * കോഴിതാൻ കൂകിയപ്പോൾ *
വന്ന വീരൻ ഞാൻ * കാട്ടിലുള്ള സന്യാസം *
പാട്ടിലാക്കീടാൻ * ആട്ടിയിങ്ങയച്ചുള്ളോരാൻ *
നാട്ടിലോക്ക ഞാൻ * ഇന്ദുമതി തന്നെയും * കൊ
ണ്ടുപോരുവാൻ * വന്നുകൊണ്ട വീരൻ ഞാൻ *
എന്നുതോരണം * താദ്രിമിത്തധീഭീണ്ണക്കാതോന്തി
ണദ്രീണ്ണാ കിടതകധാഭീ|മിത്തഭീത്തണക്കത്തതോ
ന്തിണ്ണാഭീണ്ണാ.

മന്ത്രി—താൻ ഏതുവംശത്തിൽ ജനിച്ചവനാണ്?

ഭ്രാന്തൻ—ചാലവേ ഊഴിതൻ മീതെയുള്ള * മാലിൽ ജ
നിച്ചവനത്രേ * ത്രൈലോകത്തുള്ളോരെല്ലാരും എ
ന്റെ * കാലിൽ നമിക്കുക വേണം * തിത്തത്തതി
ത്തത്തതിത്ത * തിത്തത്തതിത്തത്തതിത്തെ.

(ഉടനെ ഒരു സർപ്പം വന്നു ഭ്രാന്തനെക്കടിച്ചു മറയുന്നു;
ഭ്രാന്തൻ വീഴുന്നു; അനന്തരം യക്ഷനും യക്ഷിയും ഹേ
മാംഗദനും പ്രവേശിക്കുന്നു)

മന്ത്രി—

ആരാണു നിങ്ങളയി! ഞങ്ങളെയിന്നു കാക്കാൻ
നേരായി വന്ന സുരലക്ഷ്മികളോ കഥിപ്പിൻ
പാരാതെയാറിയ പരിഭ്രമമാണ്ടു നില്ക്കു-
മീ രാജമൌലിയുടെ സംശയമാശു തീർപ്പാൻ. 7

യക്ഷൻ—ശാപത്താലൊരു യക്ഷവർഗ്ഗപതിയാ-
മീയുള്ളവനു വാജിയായ്
ശാപത്തിന്നവസാനമിപ്പുരുഷനെ-
ദ്ദർശിക്കയാലെത്തി മേ.

ഭൂപശ്രേഷ്ഠ! ധരിക്കുകെന്റെ വിരഹ-
ത്തീകൊണ്ടു കഷ്ടാ കരി-
ഞ്ഞാപത്തേററമിയന്നു കൊണ്ടുമരുമി-
ത്തനപാംഗിയെൻ ഭാൎയ്യതാൻ. 8

ഈ മഹാനുഭാവനായി ഭ്രാന്തവേഷധാരിയായ രാജാവ് ഈ അവസ്ഥയെ പ്രാപിച്ചത് എനിക്കുവേണ്ടിത്തന്നെയാണ്. ആകയാൽ ഈ ഔഷധം കൊണ്ടു ഈ വിഷമിറക്കുന്നതിനു് അപേക്ഷിക്കുന്നു. ഇദ്ദേഹം എഴുനീററശേഷം നിങ്ങൾക്ക് എല്ലാ വൎത്തമാനവും അറിവുവാനിടവരുന്നതാണ്. ഞങ്ങളിതാ പോകുന്നു. (മൂന്നാളും പോയി)

രാജാവ്—(വിചാരം) കഷ്ടം! നമ്മുടെ രത്നപ്രഭയുവരാജാവാണ് ഈ അവസ്ഥയിൽ എത്തിയിരിക്കുന്നത്. ആകട്ടെ, മരിച്ചു എന്നു നിശ്ചയിച്ച ആളെ തിരിച്ചുവന്നുകാണുമാറായല്ലോ (പ്രകാശം) വിഷം നാംതന്നെ ഇറക്കിക്കളയാം. ഇവിടെ ഒരു മറകെട്ടിക്കു.

മന്ത്രി—മറകെട്ടിക്കഴിഞ്ഞിരിക്കുന്നു.

(രാജാവ് ഭ്രാന്തനേയും എടുത്തു മറയ്ക്കുള്ളിലേക്കു കടക്കുന്നു)

(അനന്തരം രത്നപ്രഭനും സുകുമാരനും മറയുടെ ഉള്ളിൽനിന്നു പറഞ്ഞു വരുന്നു)

രത്നപ്രഭൻ—സഖേ! സുകുമാര! ഇതുവരെ ഉണ്ടായ വൎത്തമാനം എല്ലാം ഈ വിധത്തിലാണ്. ആകയാൽ—

ഇന്നുതന്നെയങ്ങു ചെന്നു സിംഹളാധിനാഥനെ-
ക്കൊന്നുകൊണ്ടവന്റെ പുത്രിതന്നെ വേട്ടു സാദരം

മൂന്നു വാസരത്തിനുള്ളിലെന്റെ താതസന്നിധൌ
ചെന്നു നാം വണങ്ങിടേണമെന്നു പാൎക്കിലെന്മതം.

സുകുമാരൻ—അതിനെന്താണ് വിരോധം ഈ വഴിക്കുതന്നെ പോകാമല്ലൊ. അല്ലേ മന്ത്രിപുംഗവ!

നേരേ നമ്മുടെ സൈന്യവും യവനരും
തത്സിംഹളദ്വീപിനായ്
പോരേണം; വരുമാസ്തു ഞാ,നതുവരെ-
ക്കാത്തീടു രാജ്യം ഭവാൻ;
പാരാതിത്തിരുമേനിയൊത്തിവനിതാ
പോകുന്നു സിന്ധുക്കരെ-
ക്കാരാനും വലുതായ കപ്പലുകള-
ങ്ങെത്തിക്കുവാൻ പോകണം.

മന്ത്രി—കല്പനപോലെ. എന്നാൽ ഞാൻ പോകുന്നു. (പോയി)

സുകുമാരൻ—സൈന്യങ്ങളേ! പിന്നാലെ പോരുവിൻ.

രത്നപ്രഭൻ—നമുക്കു കുതിരകളിൽ കയറുക (എന്നു രണ്ടാളും കുതിരപ്പുറത്തു കയറി ഓടിക്കുന്നു)

(എല്ലാവരും പോയി)

നാലാമങ്കം കഴിഞ്ഞു.

---

## അഞ്ചാമങ്കം

(അനന്തരം സിംഹളത്തിൽ ഭടനായകൻ പ്രവേശിക്കുന്നു)

ഭടനായകൻ—എന്റെ പ്രഭാവം വിചാരിച്ചാൽ ഞാൻ ഈ സ്വാമിക്കു പാറിയവനല്ല. കുറച്ചുദിവസം മുമ്പു

തന്റെ പുത്രനെ ഇവിടെ പിടിച്ചു കൊണ്ടിരിക്കുന്നു എന്നു കേട്ടു യുദ്ധത്തിനെത്തിയിരുന്ന വത്സരാജാവിനെ ഈ ഞാനാണ് ജയിച്ചു കാരാഗൃഹത്തിൽ ബന്ധിച്ചിരിക്കുന്നത്. എന്നുതന്നെയല്ല,

വന്നീടട്ടേ കടുപ്പം കലരുമൊരു കരം-
തന്നിലാവജ്രമേന്തീ-
ട്ടിന്നീടാന്നീട്ടമിന്ദ്രൻ, പടയിലറിക ഞാ-
നിട്ടു വട്ടംതിരിക്കാം;
പിന്നീടാരാണു പോരിൽ പരമരനിമിഷം-
പോലുമെൻമുമ്പിലയ്യോ!
നിന്നീടാൻ തക്ക മർത്ത്യൻ വരനൃപപടുകീ-
ടങ്ങളിങ്ങെന്തു സാരം? 1
പാരാകെക്കീഴ്മറിക്കാൻ പടുതപെരുകുമീ-
ഞാനിരിക്കുന്ന കാല-
ത്തീ രാജ്യം കയ്യിലാക്കാനുശിരനൊരുവനോ-
ക്കില്ലെനിക്കില്ല വാദം;
ഘോരായിക്കീറിട്ടും മാററലരുടെ വയറിൽ-
ത്തള്ളുമാവൻനിണത്താ-
ലാറാട്ടാടീടുമീ വാളിവനുടെ കരതാ-
രിങ്കലേന്തുന്നുവല്ലോ. 2

എന്റെ അവസ്ഥ ഇങ്ങിനെയൊക്കെയാണെങ്കിലും രാജാവിന്ന് അല്പവില്ലാത്ത ഭയം ഉള്ളത്തു നീങ്ങുന്നില്ല. ഇന്നാലെ കടൽപുറത്തു രണ്ടു മൂന്നു കപ്പൽ വന്നപ്പോൾ അതു വത്സരാജാവിന്റെ സഹായിയായ വേ

റോ വല്ല രാജാവിന്റേയും കല്പനകളായിരിക്കാമെന്നും മററും എന്നോട്ടു കല്പിച്ചു. ചെന്നു നോക്കിയപ്പോൾ അത് ഒരു കൂട്ടം ഇന്ദ്രജാലക്കാരായ യവനന്മാരുടേതായിരുന്നു. ഏതെങ്കിലും ഇന്ദ്രജാലം ഇന്നു കൊട്ടാരത്തിൽ വേണമെന്നു നിശ്ചയിച്ചിട്ടുണ്ട്. യവനസൈന്യം ഒരു വലിയ സൈന്യംതന്നെ. (ആകാശത്തിൽ ലക്ഷ്യമുറപ്പിച്ച്) ആരാണ് പോകുന്നത്? ഛത്രധരൻ ഭുവനദാസനോ? താൻ എങ്ങോട്ടാണ് ഇത്ര ബദ്ധപ്പെട്ടോടുന്നതു്? എന്തു പറയുന്നു? "കൊട്ടാരത്തിന്റെ വലിയ മൈതാനത്തിൽ മഹാരാജാവും രാജ്ഞിയും ഇന്ദ്രജാലവിദ്യ കാണുവാൻ എഴുന്നള്ളിപ്പോയി. എന്നുതന്നെയല്ല, കളിയും തുടങ്ങിയിരിക്കുന്നു. ഞാൻ അവിടെക്കാണ് ബദ്ധപ്പെട്ടു പോകുന്നത്" എന്നോ? ശരിതന്നെ. ഞാനും അങ്ങോട്ടു വന്നുകളയാം (എന്നു പോയി)

പൂർവ്വാംശം കഴിഞ്ഞു.

---

(അനന്തരം സിംഹാസനത്തിൽ ഇരുന്നുംകൊണ്ടു് രാജ്ഞിയും രാജാവും, നിന്നുംകൊണ്ടു മററുള്ളവരും പ്രവേശിക്കുന്നു)

രാജാവ്—പ്രിയേ! നല്ല നേരംപോക്കുതന്നെ.

ഇന്ദ്രജാലമേധാവി—ഓ! മഹാരാജാവേ! ഇപ്പോൾ ഞങ്ങൾ ഇവിടെ ഒരു വലിയ വിദ്യയാണ് കാട്ടാൻ പോകുന്നത്. നല്ല സമ്മാനം തരണം. ദേവാസുരയുദ്ധമാണ്. ഇതാ എല്ലാവരും മേൽപട്ടു നോക്കുവിൻ (എന്നു വടിയെടുത്ത് ഇളക്കുന്നു)

രാജാവ്—(നോക്കീട്ട്) പ്രിയേ! ഇത് എന്തൊരത്ഭുതമാണ്!

ദംഭോളിയും കയ്യിലെടുത്തുകൊണ്ടി-
ട്ടംഭോധിപോലുള്ളൊരു സേനയോടും
അമ്പോ സുരേശൻ വിരവോടു വീര-
ത്തമ്പോറടിച്ചത്ര വരുന്നു കാൺക. 3

രാജ്ഞി—ഇതാ! ആര്യപുത്രൻ ഇവിടെ നോക്കുക.

വമ്പിച്ചുള്ളൊരു താടിയും തുടുതുടെ-
ക്കത്തുന്ന കണ്ണും കല-
ന്നമ്പിൽ പല്ലുകടിച്ചുലച്ചുപെരുകി
സ്സർവ്വം തകർത്തങ്ങിനെ
മുമ്പിൽ കണ്ട മരങ്ങളും മലകളും
കയ്യിൽ പറിച്ചേന്തിയും-
ക്കാമ്പിൽ ഭീതി വളർക്കുമാറസുരരി-
ങ്ങെത്തുന്നു കത്തും രുഷാ. 4

രാജാവ്—നോക്കൂ! അവരുടെ യുദ്ധം!

പെയ്യുന്നൂ പല പാടുമായുധഗണം,
സൈന്യങ്ങളേറത്രയും
ചെയ്യുന്നൂ ബത! മുഷ്ടിയുദ്ധനിരയും
തമ്മിൽ തിരക്കുന്നുതേ;
എയ്യുന്നൂ കണകൊണ്ടു ചാപധരരാം
പോരാളിമാരാകവേ
കയ്യും കാലുകളും മുറിഞ്ഞു നിപതി-
ച്ചീടുന്നതിപ്പാർശ്വിലും. 5

രാജ്ഞി—ആൎയ്യപുത്ര! യുദ്ധം പൊടിപൊടിച്ചു തുടങ്ങിയല്ലോ.

രാജാവ്—ഓ! ഹോ! യുദ്ധത്തിൽ തോററ അസുരന്മാർ അ
താ ഓടുന്നു.

ഇന്ദ്രജാലമേധാവി—രാജാവേ! അവിടേനിന്നു കണ്ണെടുക്ക
വിൻ. ഇവിടെ ഇതാ ഒരു യുദ്ധം!

രാജാവ്—എന്ത്! ഇതു നോക്കു, നമ്മം വത്സരാജാവുമായു
ള്ള യുദ്ധം! ഇതെന്തു കഥയാണ്!

ശ്രീവാച്ഛം വാജിയേറീട്ടൊരു കരമതിനാൽ
ശ്മശ്രുവേററം തിരുമ്മി-
ക്കൈവാളങ്ങേതിലേന്തിക്കുട്ടതരരടനം-
കൊണ്ടു ലോകം മുഴക്കി,
ജീവാന്തം മാററലന്മാരുടെ ഭടനിരയിൽ
ചേൎത്തു പോരാടിടുന്നോൻ
ജീവാനന്ദാഖ്യനാമെൻഭടപതിയിവനാ-
ണെന്നു നീയിന്നറയ്ക്കൂ. 6

മാറിങ്കൽച്ചുട്ട കെട്ടിത്തലയിലൊരു തല-
ക്കെട്ടുമായിട്ടു തങ്കെ-
ത്താരിൽത്താവുന്ന വാളും കുതിരയുടെ പുറ-
ത്തേറി നിന്നൊട്ടു വീശി
നേരിട്ടീടുന്നതാമെൻ ഭടനിരയഖിലം
കൊന്നു സന്നദ്ധനായി-
പ്പോരിൽ കാണുന്ന വീരൻ ചലമിഴി!
വരനാം വത്സരാജൻെറ മന്ത്രി. 7

രാജ്ഞി—എന്താ യുദ്ധം തീൎന്നുവോ?

ഇന്ദ്രജാലമേധാവി—ഇല്ല, ഇല്ല. ഇനി വലിയ യുദ്ധമാണ് വരാൻ പോകുന്നത്. അതിന്നിടയ്ക്ക് ഇവിടെക്ക് പ്രത്യേകം രസമുള്ള ഒരു വിദ്യയെ കാണിക്കാം. അതെന്തെന്നാൽ, ഇവിടുത്തെ കന്യകയുടെ ഒരു വിവാഹമാണ്.

രാജാവ്—അങ്ങിനേതന്നെ.

ഇന്ദ്രജാലമേധാവി—(ഒരു മന്ത്രം ജപിക്കുന്നതായി നടിച്ചു വടിയിളക്കുന്നു. അനന്തരം സഖീഹസ്താവലംബിതയായി സാക്ഷാൽ ഇന്ദുമതിയും രത്നപ്രഭയുവരാജാവും പ്രവേശിക്കുന്നു. രത്നപ്രഭൻ രാജാവിനെ ചെന്നു നമസ്കരിക്കുന്നു)

രാജാവ്—(വിചാരം) ഇതു നമ്മുടെ കാന്തകനാണോ? ആരായാലും ഇവൻ നമ്മുടെ കന്യകയ്ക്ക് അനുരൂപൻതന്നെയാണ്.

ക്ഷത്രകാന്തി വളരെക്കിടന്നു വിളയാടി-
ട്ടന്നിതു മുഖത്തിലി-
ന്നത്ര കൈകളിലിത മട്ടിലും കവിയുമാറു-
നീണ്ടു വിലസുന്നതേ;
ഇത്ര നിൎമ്മലശരീരനാം നൃപകുമാര-
നെന്നുടെ കുമാരിതൻ
ചിത്രരമ്യകരപല്ലവഗ്രഹണമങ്ങു
ചെയ്യിട്ടുകിലെന്തുവാൻ. ൭

ഓ! ഇത് ഇന്ദ്രജാലമാണല്ലോ.

ഇന്ദ്രജാലമേധാവി—മഹാത്മാവ! ഇവിടുത്തെ ജാമാതാ

വാകാൻ പോകുന്ന അദ്ദേഹത്തിനെ ആസനത്തിലി-
രുത്തുക.

രാജാവ് — അങ്ങിനേതന്നെ (എന്ന് എഴുന്നേല്പിച്ച് സിം-
ഹാസനത്തിലിരുത്തുന്നു)

രത്നപ്രഭൻ —

ഭാഗ്യനിധേ! തവ സൽകൃതി-
യോഗ്യതയിവനില്ലയെന്നുവെച്ചാലും
ഭാഗ്യമിതിന്നായതിസൌ-
ഭാഗ്യമെഴും തവ കുമാരി തന്നുതാൻ. 9

രാജ്ഞി — (വിചാരം)

മോടിവിദ്യയിലെഴുന്ന മർത്ത്യനും
മോടി വാക്കിനു ഭവിപ്പതെങ്ങിനെ
താടിവെച്ചു നിജകണ്ണുടക്കുകിൽ-
ക്കൂടി മാമുനിയതാകുമോ വിടൻ? 10

രാജാവ് — (വിചാരം)

ഐന്ദ്രജാലികമനുഷ്യനാമിവൻ
ചന്ദ്രനിന്നു നരമൂർത്തിയാണതോ!
ഇന്ദ്രസൂനുവരനോ? പരം മഹീ-
ചന്ദ്രനാകിയൊരു വത്സഭൂപനോ! 11

(പ്രകാശം)

അങ്ങിനെയൊന്നും പറയരു-
തിങ്ങിവിടെപ്പൂജ്യനെന്നതോർത്താലും
എങ്ങിനെയഭിമതമെന്നാ-
ലങ്ങിനെയഖിലവുമവന സാധിക്കും. 12

(അനന്തരം ഒരു പുരോഹിതൻ ബദ്ധപ്പെട്ടു പ്രവേശിക്കുന്നു)

പുരോഹിതൻ—അയി! മഹാരാജ! ആയാതോ വിവാഹമുഹൂർത്തഃ. സ്വകുമാരീമാദായാഗച്ഛ രാജകുമാരായ മംഗളവാദ്യനപഠനപുരസ്സരം സമൎപ്പയ.

രാജാവ്—(വിചാരം) പരിഭ്രമിപ്പാനൊന്നുമില്ലല്ലൊ. ഇത് ഇന്ദ്രജാലമല്ലേ? (പ്രകാശം) അങ്ങിനേതന്നെ (എന്നു മാല്യാലംസിതഹസ്തയായ തന്റെ കുമാരിയെ കൈകൊണ്ടു പിടിച്ചു രത്നപ്രഭനു സമൎപ്പിച്ചുംകൊണ്ട്)

വൃമാത്മതൻ പുത്രമയംണ്ടു വിലാസലാസ്യ-
മീമാതിരിക്കഭിനയിപ്പതിനുള്ളരങ്ങായ്
സീമാതികീൎത്തിയുതനായ ഭവാനിവന്റെ
ജാമാതൃഭാവമൊടു വാഴ്ക നൂറുകൊല്ലം. 13

(അനന്തരം ബദ്ധപ്പെട്ട് ഒരു ശിവായി പ്രവേശിക്കുന്നു)

ശിവായി—മഹാരാജാവു സൎവ്വോൽക്കൎഷേണ വൎത്തിക്കട്ടെ. ഇന്നലെ വൈകുന്നേരം എങ്ങിനെയോ കല്യാ കഴിച്ചു രാജകുമാരിയെ ആരോ പുറത്തു കൊണ്ടുപോയിരിക്കുന്നു. ഇനി വേണ്ടതു കല്പനപോലെ ചെയ്യാം (എല്ലാവരും കേട്ടു പരിഭ്രമിക്കുന്നു)

രാജാവ്—(ദ്വേഷത്തോടെ) നിങ്ങൾ ഈ കാവൽക്കാരൊക്കെ അവിടെ ഉണ്ടായിട്ടുകൂടി ഈവിധമായ അപമാനം നമുക്കു വന്നതു മഹാകഷ്ടംതന്നെ. ഇതൊക്കെ ഈ ഇന്ദ്രജാലക്കാരുടെ പണിയാണ്. ഇവൻ ആ കള്ളനായ കാന്തകനാണ്. (ഇന്ദ്രജാലക്കാരെല്ലാം ഓടുന്നു)

(അണിയറയിൽ കോലാഹലം)

എത്തുന്നു നാലുപാടും യവനഭടഗണം;
തൽപ്രയുക്താഗ്നിമൂലം
കത്തുന്നു ഗോപുരൌഘം; പുരിയിതു സകലം
ചാമ്പലായ്ത്തീൎന്നിടുന്നു;
മെത്തുന്നു വായുദേവൻ, ഭടയുഗമുടനെ-
പ്പോരിനായേററിടുന്നു;
കത്തുന്നു മാററലന്മാൎക്കടവൊട്ടു വിജയം
ഹന്ത! ഞാനെന്തു വേണ്ടൂ? 14

രാജ്ഞി—ആൎയ്യപുത്ര! ഇവർ ഇവിടെനിന്ന് എങ്ങോട്ടെങ്കിലും പോയിക്കൊള്ളട്ടെ. ഇനി വേഗം മന്ത്രിക്കു സഹായിക്കുവാൻ പോകുന്നതാണ് ഉചിതമായ കൃത്യം.

രാജാവ്—അതു ശരിതന്നെ.

(രാജ്ഞിയോടുകൂടി ചുററിനടന്നു പോകുന്നു.)

(അണിയറയിൽ)

അല്ലേ നിന്നുടെ ശത്രു സിംഹളനൃപൻ-
താനന്നജ്ജയിച്ചാശു സൽ-
ക്കല്ലേ! വത്സയുവക്ഷിതീശ! തടവിൽ
ചേൎത്താശു ഭാൎയ്യാസമം
ചൊല്ലേറും തവ താതനെത്തടവിൽനി-
ന്നപ്പോടു വിട്ടാദരാൽ
തെല്ലേറെ ത്വരയോടു ദാസനിവനെ-
ങ്ങെത്തുന്നു... സന്ത്യത്തൊടും. 15

രത്നപ്രഭൻ—പ്രിയേ! സുകുമാരനാണിപ്പറയുന്നത്. നോക്കൂ, സന്മന്ത്രിയുണ്ടായാലുള്ള ഗുണാധിക്യം.

(അനന്തരം വത്സരാജാവും സുകുമാരനും സൈന്യങ്ങളും പുരോഹിതനും പ്രവേശിക്കുന്നു)

(രത്നപ്രഭൻ വത്സരാജാവിന്റെ അടുക്കെ ചെന്നു നമസ്കരിക്കുന്നു)

വത്സരാജാവ്—(എഴുനേല്പിച്ച് ആലിംഗനം ചെയ്തു) ഉണ്ണി! രത്നപ്രഭാ! തന്റെ ഈ വിജയവേലയിൽ പ്രിയപിതാവായ നാമും എത്തിച്ചേൎന്നതു ഭാഗ്യംതന്നെ. എന്നല്ലാതെ പൂൎവ്വകഥയെപ്പററി ഇപ്പോൾ വിസ്മരിക്കുന്നില്ല.

രത്നപ്രഭൻ—എല്ലാം അച്ഛന്റെ അനുഗ്രഹംതന്നെ.

സുകുമാരൻ—മഹാരാജാവേ! വൎത്തമാനം പറയുന്നതായാൽ മുഹൂൎത്തസമയം കഴിഞ്ഞുപോകും. ഇനി ചിരാഭിലഷിതമായിരിക്കുന്ന ആ മാലാധാരണം തന്നെയല്ലേ ആദ്യം ചെയ്യേണ്ടത്?

രാജാവ്—എല്ലാം സുകുമാരന്റെ ഇഷ്ടംപോലെയാകട്ടെ.

മന്ത്രി—പുരോഹിത! എന്താണ് കന്യക ചെയ്യേണ്ടതെന്നു പറയൂ.

പുരോഹിതൻ—ഇനി മംഗളവചനത്തോടുകൂടി യുവരാജാവിന്റെ കഴുത്തിൽ കയ്യിലുള്ള മാലയെ ഇടുകതന്നെ.

ഇന്ദുമതി—എന്റെ പ്രാണപ്രിയ!

ഇമ്മാലയിങ്കലമരുളുന്നോരു നാരു പുഷ്പോ-
ടെമ്മാതിരിയ്ക്കധികം[illegible]മിയന്നിട്ടുന്നു,

അമ്മോതിരിക്കയി! ഭവാനിവളോട്ടു ചേൎന്നു
സമ്മാന്യ! മോദമൊട്ടു വാഴ്ക നൂറുവൎഷം. 16

പുരോഹിതൻ—രത്നപ്രഭ! ഇവിടുന്ന് അപ്രകാരം മംഗളം പ്രാൎത്ഥിച്ച് ഇന്ദുമതിയുടെ പാണിയെ ഗ്രഹിച്ചുകൊൾക.

രത്നപ്രഭൻ—പ്രിയേ! ഇന്ദുമതി!

നിശ്ശാദരാലിവിടെയോതിയതായ വാക്കു
പൊയ്യായിടാതെ വരുവാൻ മമ കാൎത്തികേയൻ
ഇയ്യാളുകൾക്കു തുണ ചെയ്യുതിനായ് പദത്തി-
ലയ്യായിരത്തിലുമിരട്ടി നമിച്ചിട്ടുന്നേൻ. 17

(എന്നു പാണിഗ്രഹണം ചെയ്യുന്നു)

രാജാവ്—ഇനി എന്റെ മക്കൾ പുരോഹിതനെ നമസ്കരിക്കുവിൻ.

(ഇന്ദുമതിയും രത്നപ്രഭനും പുരോഹിതനെ നമസ്കരിക്കുന്നു)

പുരോഹിതൻ—ഭാഗ്യവാരിധികളായ നിങ്ങൾ സൌ-
ഭാഗ്യകീൎത്തിസുവിഭൂതിയുക്തരായ്
യോഗ്യയാം പദവിയാൎന്നുതാൻ ചിരം
ഭാഗ്യവസ്തുവെ ഭുജിച്ചു വാഴുവിൻ. 18

(ഇന്ദുമതി രാജാവിനെ നമസ്കരിക്കുന്നു)

രാജാവ്—മകളേ! നീ വളരെക്കാലം ഭൎത്തൃസുഖത്തോടുകൂടി ജീവിച്ചിരിക്കട്ടെ. (എന്ന് ആലിംഗനം ചെയ്യുന്നു)

(അണിയറയിൽ വാദ്യഘോഷം മുഴക്കുന്നു)

രത്നപ്രഭൻ—അല്ലയോ സുകുമാര! അച്ഛന്റെ അനുഗ്രഹത്താലും മഹാനായ നിന്റെ അച്ഛന്റെ ഉപദേശത്താലും തന്റെ ഉത്സാഹത്താലും നമുക്കു വേണ്ടതെല്ലാം

സാധിച്ചു, നിശ്ചയംതന്നെ. എന്തെന്നാൽ,
വെന്നു സിംഹളഭൂമിപാലകനെയും,
താതാജ്ഞ പാലിച്ചു നാം,
വന്നു മൽപ്രിയയായിന്നിത്തരുണിയും
മുന്നേ വിചാരിച്ചപോൽ,
തന്നു കേരളരാജ്യമാപ്രജകളും,
നിങ്കീഴിലായിട്ടുമേ
നിന്നു കാലിവനെത്തിടേണ്ട ഗുണമൊ-
ട്ടെല്ലാം ഭവിച്ചു സഖേ. 1
എന്നാലും ഇതിരിക്കട്ടെ

(ഭരതവാക്യം)

ഭൂപന്മാരേകിടട്ടേ ഭരണനിപുണനാം
ചക്രവർത്തിക്ക കപ്പം;
കോപത്തെത്തള്ളിടട്ടേ സകലമനുജരും;
സത്യമുണ്ടായ്വരട്ടേ;
ആപത്തും തീൎന്നിടട്ടേ; സുഖമണയുക ന-
ല്ലേഷണിക്കാരാട്ടേ;
ചാപല്യം തീൎന്നിടട്ടേ; ഗുഹനിതിനഖിലം
തന്നിടക്കണ്ണിടട്ടേ. 2

അഞ്ചാമങ്കം കഴിഞ്ഞു.

സമാപ്തം

17 DEC 1942

MUL
037820